# ലോഗോസ് പഠനസഹായി 2017

# മത്തായിയുടെ സുവിശേഷം

## ഗ്രന്ഥകർത്താവ്

മത്തായിയുടെ പേരിൽ അറിയപ്പെടുന്ന സുവിശേഷത്തിൽ, അതിന്റെ കർത്താവ് ആര്, എന്ന്, എവിടെവച്ച് അത് രചിക്കപ്പെട്ടു എന്നതിനെക്കുറിച്ചൊക്കെ നേരിട്ടുള്ള സൂചനകളില്ല. രചനയ്ക്ക് അജ്ഞാതകർത്തൃക സ്വഭാവമുണ്ടെങ്കിലും ഈ ആദ്യസുവിശേഷം രചിച്ചതു മത്തായി ആണെന്നാണ് പരമ്പരാഗതമായ വിശ്വാസം. മത്തായിയുടെ ലിസ്റ്റിൽ 'ചുങ്കക്കാരൻ' എന്നാണ് അദ്ദേഹം സ്വയം വിശേഷിപ്പിക്കുന്നത് (cf മത്താ 10:3; 9:9). പപ്പിയാസിന്റെ കാലംമുതലുള്ള പാരമ്പര്യത്തിൽ മത്തായിയുടെ സുവിശേഷത്തിന്റെ കർത്താവ്, അപ്പസ്തോലനും യേശുവിനെ അനുഗമിച്ച പന്ത്രണ്ടുപേരിലൊരാളുമായ മത്തായിയാണ്. 2, 3, നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന ഇറെനേയൂസ്, തെർത്തുല്യൻ, ഒരിജൻ തുടങ്ങിയ സഭാപണ്ഡിതരും ഈ പാരമ്പര്യം അംഗീകരിക്കുന്നുണ്ട്.

ഗ്രന്ഥകർതൃത്ത്വത്തെക്കുറിച്ചു രണ്ടാം നൂറ്റാണ്ടുവരെ നീളുന്ന പാരമ്പര്യവും മത്തായിയുടെ പേരിലുള്ള സുവിശേഷം എന്ന പ്രയോഗവും സുവിശേഷവും അപ്പസ്തോലനായ മത്തായിയും തമ്മിലുള്ള സജീവബന്ധം ദ്യോതിപ്പിക്കുന്നു. പല പണ്ഡിതന്മാരും പല രീതിയിലാണ് ഈ ബന്ധം മനസ്സിലാക്കുന്നത്. ചിലരുടെ അഭിപ്രായത്തിൽ മത്തായി എഴുതിയത് ഇന്നു നാം കാണുന്ന സുവിശേഷമല്ല. മത്തായി ആരംഭിച്ച ക്രിസ്തു സമൂഹത്തിലെ അദ്ദേഹത്തിന്റെ ശിഷ്യന്മാർ ആരെങ്കിലും അദ്ദേഹത്തിന്റെ പേരിൽ ഈ സുവിശേഷം രചിച്ചു എന്നതാണ് മറ്റൊരു വാദം. ഒരാളല്ല, മത്തായിയുടെ ഒരു ശിഷ്യസമൂഹം, ക്രൈസ്തവരായ എഴുത്തുകാരുടെ ഒരു സംഘംതന്നെയാണീ രചനയുടെ പിന്നിലുള്ളതെന്ന് മറ്റൊരഭിപ്രായവുമുണ്ട്.

പഴയനിയമത്തിൽ നല്ല അവഗാഹമുള്ള ഒരു ക്രൈസ്തവ ദൈവശാസ്ത്രജ്ഞന്റെ കൃതിയാണ് ഈ സുവിശേഷം എന്നു തീർച്ച. യഹൂദക്രൈസ്തവസമൂഹത്തിന്റെ രണ്ടാം തലമുറയിൽപ്പെട്ടയാളും ഗ്രീക്കും അറമായയും അനായാസം കൈകാര്യംചെയ്തിരുന്നയാളുമായ ഒരു എഴുത്തുകാരനാവണം (ദൈവശാസ്ത്രജ്ഞൻ) രചയിതാവ്. മത്തായിയുടെ സുവിശേഷത്തിൽ മാത്രം കാണുന്ന യേശുവിന്റെ ചില വാക്യങ്ങൾ സുവിശേഷകന്റെ സ്വന്തമാണെന്നു

ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഉദാ: 'സ്വർഗരാജ്യത്തിന്റെ ശിഷ്യനായിത്തീർന്ന ഓരോ നിയമജ്ഞനും തന്റെ നിക്ഷേപത്തിൽനിന്നു പുതിയതും പഴയതും പുറത്തെടുക്കുന്ന വീട്ടുടമസ്ഥനു തുല്യൻ (13:52).

**രചനാകാലം, സ്ഥലം**

മത്തായിയുടെ സുവിശേഷത്തിന്റെ മൂലരൂപം ഗ്രീക്കിലായിരുന്നു. ഗ്രീക്ക് സംസാരിക്കുന്ന ഒരു സമൂഹത്തെ ലക്ഷ്യംവച്ചുള്ള രചനായിയിരുന്നതുകൊണ്ട്, സ്ഥലം അറമായ സംസാരിക്കുന്ന പലസ്തീനാ ആകാനിടയില്ല. ചിലരുടെ അഭിപ്രായത്തിൽ പലസ്തീനായ്ക്കു പുറത്ത് ക്രൈസ്തവകേന്ദ്രമായിരുന്ന സിറിയായിലെ അന്ത്യോക്യയിൽവച്ചാണ് മത്തായി സുവിശേഷം രചിച്ചത്. രണ്ടാം നൂറ്റാണ്ടാദ്യം അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസ് തന്റെ ലേഖനങ്ങളിൽ മത്തായിയുടെ സുവിശേഷം ഉദ്ധരിച്ചിരുന്നത് ഈ അഭിപ്രായത്തിനു സ്ഥിരീകരണം നല്കുന്നു.

രചനാകാലവും തർക്കവിഷയംതന്നെ. ഭൂരിപക്ഷംപേരും മർക്കോസ് സുവിശേഷം രചിച്ചു വളരെക്കഴിഞ്ഞ് മത്തായി സുവിശേഷം എഴുതി എന്ന അഭിപ്രായക്കാരാണ്. മത്തായിയുടെ സുവിശേഷം മർക്കോസിനെയും ഉറവിടമായി ഉപയോഗിച്ചാണ് എഴുതിയിരിക്കുന്നത്. A.D. 70-ൽ ജെറുസലെം നശിപ്പിക്കുന്നതിനുമുമ്പ് മർക്കോസിന്റെ സുവിശേഷം രചിക്കപ്പെട്ടെങ്കിൽ അതിനു ശേഷമാണ് മത്തായിയുടെ സുവിശേഷം എഴുതപ്പെട്ടത്. ദേവാലയ - സിനഗോഗ് ബന്ധം, വിജാതീയ പ്രേഷിതദൗത്യം, രണ്ടാം വരവിന്റെ കാലതാമസം, ദേവാലയ പരിത:സ്ഥിതികൾ തുടങ്ങി മത്തായിയ്ക്കു താത്പര്യമുള്ള വിഷയങ്ങളും അവയ്ക്കു നല്കിയിരിക്കുന്ന പ്രമേയപരമായ ഊന്നലും രചനയുടെ പില്ക്കാല സാധ്യതകളിലേക്കാണു വിരൽ ചൂണ്ടുന്നത്. A.D. 80-നും 90-നുമിടയ്ക്ക് ഈ സുവിശേഷം രചിക്കപ്പെടാനാണു സാധ്യത. കൃത്യമായി പറഞ്ഞാൽ A.D. 85-ൽ.

മത്തായി സുവിശേഷമെഴുതിയത് തന്റെ യഹൂദ-വിജാതീയ ക്രൈസ്തവ സമൂഹത്തിനുവേണ്ടിയായിരുന്നു. സുവിശേഷത്തിന്റെ ഉള്ളടക്കത്തിലും ധ്വനിയിലും കാണുന്ന യഹൂദത്വം വ്യക്തമാക്കുന്നത്, ആ സമൂഹത്തിലെ ഭൂരിപക്ഷംപേരും, ഗ്രീക്ക് സംസാരിക്കുന്ന യഹൂദക്രൈസ്തവരായിരുന്നുവെന്നാണ്. എന്നാൽ, മത്തായി സുവിശേഷം രചിക്കുന്നകാലമായപ്പോഴേക്കും വിജാതീയർ കൂടുതൽ കൂടുതലായി സഭയിലേക്ക് വന്നുകൊണ്ടുമിരുന്നു. വിജാതീ

യർക്കുകൂടെ വാതിൽ തുറന്നിട്ടിരുന്ന ഒരു യഹൂദ-ക്രിസ്ത്യൻ സമൂഹത്തെ യാണ് അദ്ദേഹം അഭിസംബോധന ചെയ്തിരുന്നത്.

**മത്തായിയുടെ ഉറവിടങ്ങൾ**

ഉറവിടങ്ങളെ തീർച്ചയായും മത്തായി ആശ്രയിക്കുന്നുണ്ട്. ലിഖിതരൂപ ത്തിലുള്ള പല ഉറവിടങ്ങളും അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്നിരിക്കണം. ഭൂരിപക്ഷം പുതിയ നിയമവിദഗ്ദ്ധരും കരുതുന്നതുപോലെ മത്തായി മർക്കോ സിനെയും 'Q' (Quelle) എന്ന (ജർമൻ ഭാഷയിൽ ഉറവിടം എന്നർഥം) ഉറ വിടങ്ങളെയും ആധാരമാക്കി. യേശുവിന്റെ വചനങ്ങളുടെ സമാഹാരമാണ് 'Q'. മറ്റു സുവിശേഷകന്മാർക്ക് കിട്ടാത്ത വസ്തുതകളും (കഥകൾ, യേശു വിന്റെ വാക്യങ്ങൾ...) ഉറവിടമായി മത്തായിക്കു ലഭിച്ചുകാണണം. മത്താ യിക്കു മാത്രം കിട്ടിയതുകൊണ്ട് 'M' ഉറവിടം എന്നാണിതിനെ വിളിക്കുക. ഇവയിൽനിന്നു ശ്രദ്ധാപൂർവം തിരഞ്ഞെടുത്തു ക്രമീകരിച്ചാണ് തന്റെ ദൈവ ശാസസ്ത്രമമടങ്ങുന്ന സുവിശേഷം മത്തായി തന്റെ പേരിൽ തയ്യാറാക്കിയത്.

**ശൈലി**

ക്രമീകൃതവും സംക്ഷിപ്തവുമാണ് മത്തായിയുടെ സുവിശേഷം. പൊതു വായി നോക്കുമ്പോഴും പ്രത്യേക വിഭാഗങ്ങളായി പരിഗണിക്കുമ്പോഴും സസൂക്ഷ്മം രചിക്കപ്പെട്ടതാണീ സുവിശേഷമെന്നു കാണാം. വിവരണ വിഭാ ഗങ്ങളുടെ ഇടയ്ക്കിടെ അഞ്ചു പ്രധാന പ്രഭാഷണങ്ങളുണ്ട്. ആവർത്തന ങ്ങൾ, ദ്വയാർഥപ്രയോഗങ്ങൾ, തുടങ്ങിയവയും ദൃശ്യമാണ്.

മത്തായിയുടെ പ്രിയപ്പെട്ട ചില ശൈലികളും പ്രയോഗങ്ങളും ധാരാള മായി കടന്നുവരുന്നുണ്ട്. വിവരണത്തിൽ (3:13; 4:1; 9:14; 10:20; 12:22, 38...). അല്ലെങ്കിൽ പുതിയൊരു ഭാഗത്തിന്റെ നടുക്ക് (2:7; 16,17; 3:5, 15; 4:5; 10,11; 9:6, 29, 37...). 'പിന്നീട്', 'അനന്തരം' എന്നീ പദങ്ങൾ കടന്നുവരുന്നു. 'കണ്ടാലും', ആണ് മത്തായിയുടെ സുവിശേഷത്തിൽ കൂടെക്കൂടെ കടന്നുവരുന്ന മറ്റൊരു പദം (ഉദാ: 1:20; 2:1; 13, 19, 9, ...).

പഴയനിയമത്തിൽനിന്നുള്ള പല ഉദ്ധരണികളിലും പഴയനിയമപ്രവചന ങ്ങൾ യേശുവിൽ നിറവേറുന്നതു സ്ഥാപിക്കാനാണ് മത്തായിക്കു ഉത്സാഹം. ഭക്ഷണത്തിനുമുമ്പ് കൈ കഴുകുന്ന യഹൂദാചാരവും (15:2, 11,18; cf മർക്കോ 7:2–5) വിളുമ്പുള്ള വസ്ത്രം ധരിക്കുന്ന രീതിയും (9:20; 14:36; 23:5) വിശദീക

രണം കൂടാതെ എഴുതി ചേർത്തിരിക്കുന്നു. വായനക്കാർക്കു സുപരിചിതമാണെന്നറിയാവുന്നതുകൊണ്ടാണ് ഈ സെമിറ്റിക് ശൈലികളും യഹൂദാചാരങ്ങളും അതേപടിതന്നെ അദ്ദേഹം നിലനിറുത്തിയത്.

വസ്തുതകളെ 3, 7, അതിന്റെ ഗുണിതങ്ങൾ എന്നീ ഗണങ്ങളായി തിരിക്കുന്ന ശൈലീപരമായ മറ്റൊരു പ്രത്യേകതയും എടുത്തുപറയേണ്ടതായിട്ടുണ്ട്. യേശുവിന്റെ വംശാവലി (1:1–17) ഓരോ 14 വംശങ്ങളുടെയും മൂന്നു ഗണങ്ങളായിട്ടാണ് (7 ന്റെ ഗുണിതം) അവതരിപ്പിച്ചിരിക്കുന്നത്. കർത്താവിന്റെ പ്രാർത്ഥനയിൽ ഏഴു യാചനകളുണ്ട് (6:9–13). 13–ാം അദ്ധ്യായത്തിൽ 7 ഉപമകളുള്ളപ്പോൾ 23–ാം അദ്ധ്യായത്തിൽ ഫരിസേയർക്കും നിയമജ്ഞർക്കുമെതിരെ 7 ദുരിതങ്ങളാണ് പ്രഖ്യാപിക്കുന്നത്.

ജോസഫ് മൂന്നു സ്വപ്നങ്ങൾ (1:18–2:23) കാണുമ്പോൾ യേശുവിനുണ്ടായിരുന്നതു മൂന്നു പ്രലോഭനങ്ങളാണ് (4:1–11). ധർമദാനം, പ്രാർഥന, ഉപവാസം എന്നിങ്ങനെ മൂന്ന് സത്കൃത്യങ്ങളും (6:1–18) വിവരിച്ചിരിക്കുന്നു. ഗത്സേമൻ തോട്ടത്തിൽ യേശു മൂന്നുതവണ പ്രാർഥിക്കുന്നുണ്ട് (26:36–46).

**പ്രമേയങ്ങൾ, താത്പര്യങ്ങൾ**

സഭയാണു യഥാർഥ ഇസ്രായേൽ എന്ന വിശ്വാസം, പഴയനിയമ പ്രവചനങ്ങൾ യേശുവിൽ നിറവേറുന്നു എന്ന വിശ്വാസം, സ്വർഗരാജ്യം യഥാർഥ നീതീകരണം, ശിഷ്യത്വം, സഭയുടെ സാർവത്രിക ദൗത്യം തുടങ്ങിയവ മത്തായിയുടെ ഇഷ്ടപ്പെട്ട പ്രമേയങ്ങളാണ്.

**പൂർത്തീകരണം എന്ന പ്രമേയം:** യേശുവിന്റെ പഠനങ്ങളെയും അവിടത്തെ സുപ്രധാന ജീവിതമുഹൂർത്തങ്ങളെയും പഴയനിയമത്തിന്റെ പൂർത്തീകരണമെന്നനിലയിലാണ് അദ്ദേഹം വിവരിക്കുന്നത്. പഴയനിയമത്തിൽനിന്നുള്ള 43 ഉദ്ധരണികളുണ്ട് ഈ സുവിശേഷത്തിൽ. ഈ 43–ൽ 10 എണ്ണം 'പൂർത്തീകരണഫോർമുല' ഉപയോഗിച്ച് ആരംഭിച്ചിരിക്കയാൽ അവയെ 'ഫോർമുലാ ഉദ്ധരണികൾ' എന്നു വിളിക്കുന്നു (മത്താ 1:22–23; 2:15; 2:17–18; 2;23; 4:14–16; 8:17). ഇസ്രായേലിന്റെ വിശുദ്ധലിഖിതങ്ങളിലേക്കുള്ള താക്കോലാണ് മത്തായിയുടെ യേശു. അവിടന്നാണ് അവയുടെ പൂർത്തീകരണം, സാഫല്യം. അതുകൊണ്ടാണഅ ഈ സുവിശേഷത്തെ പൂർത്തീകരണത്തിന്റെ സുവിശേഷം എന്നുവിളിക്കുന്നത്.

**സ്വർഗരാജ്യം:** സ്വർഗരാജ്യത്തിന്റെ സുവിശേഷം എന്നും ഇതിനു പേരുണ്ട്. സമവീക്ഷണസുവിശേഷങ്ങൾക്ക് പൊതുവായ യേശുവിന്റെ പ്രഖ്യാപനങ്ങളുടെ കേന്ദ്രസന്ദേശം ദൈവരാജ്യമാണ്. സ്വർഗരാജ്യം എന്ന സെമിറ്റിക്

പ്രയോഗമാണ് മത്തായിക്കു കൂടുതൽ ഇഷ്ടം. യേശുവിന്റെ ശുശ്രൂഷയിൽ രാജ്യം എന്ന പ്രമേയത്തിന് വളരെ പ്രാധാന്യം കല്പിക്കുന്നുണ്ട് മത്തായി.

**സഭ:** അനുപമമായ സഭാത്മക സുവിശേഷം എന്നാണ് മത്തായിയുടെ സുവിശേഷത്തെ പണ്ഡിതന്മാർ വിശേഷിപ്പിക്കുന്നത്. സുവിശേഷകരിൽ അദ്ദേഹം മാത്രമേ സഭ എന്ന പദം ഉപയോഗിക്കുന്നുള്ളൂ (മത്താ 16:18; 18:17). 18–ാം അദ്ധ്യായം സഭയെ സംബന്ധിച്ചുമാത്രമാണ് ചർച്ചചെയ്യുന്നത്. പഴയ ഇസ്രായേലിന്റെ സ്ഥാനത്തു നില്ക്കുന്ന യഥാർഥ ഇസ്രായേലാണ് സഭ. മത്തായിയുടെ ദൃഷ്ടിയിൽ അതിന്റെ ദൗത്യം, മുഴുവൻ ലോകത്തിനും വേണ്ടിയുള്ളതാണ്.

## മത്തായിയുടെ സുവിശേഷവും യഹൂദമതവും

മത്തായി യഹൂദചരിത്രത്തിന്റെയും പാരമ്പര്യത്തിന്റെയും പശ്ചാത്തലമുള്ള, പഴയ നിയമത്തിന്റെ പൂർത്തീകരണമായ, യേശുവിനെയാണ് ആലേഖനം ചെയ്യുന്നത്. യേശു പഴയനിയമത്തിന്റെ തുടർച്ചയായി നിലകൊള്ളുന്നു. പഴയ നിയമത്തെ ഇല്ലായ്മചെയ്യാനല്ല, പൂർത്തീകരിക്കാനാണ് അവിടന്നു വന്നത്. നിയമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കാനാണു ഞാൻ വന്നതെന്ന് വിചാരിക്കരുത്. അസാധുവാക്കാനല്ല, പൂർത്തിയാക്കാനാണു ഞാൻ വന്നത്. 'നിയമത്തെയോ പ്രവാചകന്മാരെയോ അസാധുവാക്കാനാണ് ഞാൻ വന്നതെന്ന് വിചാരിക്കരുത്. അസാധുവാക്കാനല്ല, പൂർത്തിയാക്കുവാനാണു ഞാൻ വന്നത്'' (5:17–18) എന്ന് യേശു തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്.

നിയമത്തിന്റെ സമ്പൂർണാർത്ഥം വ്യക്തമാക്കുന്നതാണ് അവിടത്തെ പഠനങ്ങൾ. നിയമം റദ്ദുചെയ്യുന്നതിനു പകരം നിയമം എന്തു ലക്ഷ്യംവെക്കുന്നുവെന്ന കാഴ്ചപ്പാടിനനുസൃതം അവയുടെ മുനയ്ക്ക് മൂർച്ചകൂട്ടുകയാണ് യേശു (cf 5:21–48). നിയമങ്ങൾ അനുസരിക്കുമ്പോൾ പാലിക്കേണ്ട ചില തത്ത്വങ്ങൾ അവിടുന്ന് ആവിഷ്കരിക്കുന്നു (cf 7:12 ലെ സുവർണ നിയമവും 22:40 ലെ സ്നേഹത്തിന്റെ ഇരട്ടപ്രമാണങ്ങളും).

മത്തായിയും അദ്ദേഹത്തിന്റെ യഹൂദസമൂഹവും ഇസ്രായേലിന്റെ ഗുരുവും നിയമദാതാവുമായ മോശയ്ക്കു വളരെ ബഹുമാനാദരങ്ങൾ നല്കിയിരുന്നു. മത്തായിയുടെ യേശു 19:7–8 ൽ മോശയെ ന്യായീകരിക്കുകയും 23:1–2–ൽ, ഫരിസേയർക്കും നിയമജ്ഞർക്കും പരമ്പരാഗതമായി ലഭിച്ച മൂശയുടെ അധികാരത്തെ ബഹുമാനിക്കാൻ ശിഷ്യർക്കു മുന്നറിയിപ്പു നല്കുകയും ചെയ്യുന്നുണ്ട്.

ഫരിസേയർക്കും നിയമജ്ഞർക്കുമെതിരെ നിശതമായ വിമർശനത്തി ന്റെയും നിരന്തര തർക്കത്തിന്റേതുമായ നിലപാടാണ് മത്തായി സ്വീകരിച്ചത്. യേശുവിനും യഹൂദനേതാക്കൾക്കും ഇടയിലുള്ള ഭിന്നതയും സംഘർഷാന്ത രീക്ഷവും മത്തായിയുടെ സുവിശേഷത്തിൽ നന്നായി പ്രതിഫലിക്കുന്നുണ്ട്. ഫരിസേയരുടെയും നിയമജ്ഞരുടെയും നീതിബോധത്തെക്കാൾ ഉയർന്ന നീതിബോധം സ്വർഗരാജ്യപ്രവേശനത്തിനു വ്യവസ്ഥയായി ശിഷ്യരിൽനിന്ന് ആവശ്യപ്പെടുന്നതുവഴി (5:20) യഹൂദനേതാക്കളെ പരോക്ഷമായി വിധിക്കുക യാണ് അവിടന്ന്. ദാനധർമ്മം, ഉപവാസം, പ്രാർത്ഥന തുടങ്ങിയ ഭക്താഭ്യാസ ങ്ങളിൽ യേശുശിഷ്യന്മാർ ആ കപടഭക്തരിൽനിന്ന് വ്യത്യസ്തരായിരിക്കണം (6:2, 5, 16). നിയമജ്ഞർക്കും ഫരിസേയർക്കുമെതിരെ രൂക്ഷമായ കടന്നാക്രമ ണമാണ് 23–ാം അദ്ധ്യായം.

യഹൂദനേതാക്കളെ യേശു കടുത്തഭാഷയിലം ചിത്രീകരിച്ചതിനു ചില കാരണങ്ങൾ ഉണ്ടായിരുന്നു. യഹൂദരുടെ ചരിത്രത്തിലെ സുപ്രധാന സംഭവ മായിരുന്നു റോമാക്കാർ എ.ഡി. 70–ൽ ജെറുസലേം ദേവാലയവും നശിപ്പിച്ച ത്. തത്ഫലമായി യഹൂദർക്ക് അവരുടെ ഭൂമിയുടെമേലും വിശുദ്ധസ്ഥാപന മായ ദേവാലയത്തിന്റെമേലും ഉണ്ടായിരുന്ന രാഷ്ട്രീയനിയന്ത്രണം നഷ്ടപ്പെ ട്ടു. A.D. 70–ലെ അത്യാഹിതത്തിനുശേഷം ഫരിസേയഗ്രൂപ്പ് റബ്ബിമാർ, യോഹ ന്നാൻ ബെൻസക്കാറബിയുടെ നേതൃത്വത്തിൽ റബിനിക്/ഫരിസേയ യഹൂദ മതം എന്നൊന്നു തട്ടിക്കൂട്ടി, ദേവാലയമോ രാജ്യമോ ഇല്ലെങ്കിലും ഒരു മത മെന്ന നിലയിൽ യഹൂദമതം നിലനില്ക്കുന്നതിന് തോറാ (നിയമസംഹിത) യുടെ പ്രാധാന്യം എടുത്തുകാട്ടി ഈ റബിനിക്/ഫരിസേയമതം.

പുനഃസംഘടിപ്പിക്കപ്പെട്ട മതമെന്നനിലയിൽ സ്വന്തം വ്യക്തിത്വം പാലി ക്കാനും സൂക്ഷിക്കാനുമായിരുന്നു പുതിയ യഹൂദമതത്തിനു വ്യഗ്രത. യേശു വിനെ മിശിഹാ ആയി അംഗീകരിച്ച യഹൂദക്രിസ്ത്യാനികളെ അവർ പാഷ ണ്ഡതക്കാരും വിശ്വാസത്തിന്റെ വേരുമാന്തിയ വഞ്ചകരുമായിക്കരുതി പീഡി പ്പിക്കാൻ തുടങ്ങി(cf10:17).റബിനിക്യഹൂദമതത്തിന്റെ രംഗപ്രവേശനത്തോടെ മത്തായിയുടെ സഭ ആപത്കരമായ ഒരു സ്ഥിതിവിശേഷമാണ് നേരിടേണ്ടിവ ന്നത്. നിയമജ്ഞന്മാർക്കും ഫരിസേയർക്കുമെതിരെ കടുത്ത വിമർശനമുണ്ടാ വാൻ ഇതാവാം കാരണം. രക്ഷാകര ചരിത്രത്തെക്കുറിച്ചുള്ള മത്തായിയുടെ വീക്ഷണത്തിൽ പഴയനിയമത്തിന്റെ പൂർത്തീകരണമാണ് യേശുവിന്റെ ശുശ്രൂഷ; 'ഇസ്രായേലിലെ നഷ്ടപ്പെട്ട കുഞ്ഞാടുകൾക്ക് മാത്രമായി അതു പരിമിതപ്പെടുത്തുകും ചെയ്തിരിക്കുന്നു' (cf മത്താ 10:5–6; 15:24). എന്നാൽ,

യേശുവിന്റെ മരണത്തിനും ഉത്ഥാനത്തിനും ശേഷം സഭ സാർവത്രിക ദൗത്യമുള്ള യഥാർഥ ഇസ്രായേലായിത്തീർന്നു (cf മത്താ 28:16–20).

## സുവിശേഷഘടന

ഏറ്റവും കൂടുതൽ ശ്രദ്ധയോടെ എഴുതപ്പെട്ട സുവിശേഷം മത്തായിയുടേതാണെന്നു വേണം പറയാൻ. ലഭ്യമായ പാരമ്പര്യങ്ങളെല്ലാം അദ്ദേഹം ക്രമീകൃതമായി ഉപയോഗിച്ച് അതീവശ്രദ്ധയോടെയാണ് രചന നടത്തിയത്.

### I. പഞ്ചമുഖ വിഭജനം

മത്തായിയുടെ സുവിശേഷത്തിൽ യേശുവിന്റെ അഞ്ചു പ്രസംഗങ്ങൾ അടങ്ങിയിട്ടുണ്ട്. മലയിലെ പ്രസംഗമാണ് ഒന്ന് (5–7). അപ്പസ്തോലന്മാരുടെ ദൗത്യത്തെക്കുറിച്ചുള്ള പ്രസംഗം (10). ഉപമകളെക്കുറിച്ചുള്ള പ്രബോധനം (13). സഭയെപ്പറ്റിയുള്ള പ്രഭാഷണം (18) ലോകാവസാനകാല സംഭവങ്ങളെ ആസ്പദമാക്കിയുള്ള പ്രഭാഷണം (24–25) എന്നിവയാണ് മറ്റുള്ളവ. അഞ്ചു പ്രത്യേക സ്ഥലത്തും സന്ദർഭങ്ങളിലുംവച്ചു യേശു ഓരോ വിഷയത്തെക്കുറിച്ചു സംസാരിച്ചു എന്ന് ഇതിൽനിന്നും മനസ്സിലാക്കേണ്ടതില്ല. യേശുവിന്റെ പ്രബോധനങ്ങളെക്കുറിച്ചു നിലവിലുണ്ടായിരുന്ന പാരമ്പര്യങ്ങൾക്കു മത്തായി പ്രസംഗങ്ങളുടെ രൂപം നല്കി; ഒരു സാഹിത്യരചനയാക്കി മാറ്റി എന്നുമാത്രം. ഈ പ്രബോധനങ്ങൾ ഓരോന്നും വിവരണാത്മകമായ ഒരു ആമുഖത്തോടെ ആരംഭിക്കുന്നു. എല്ലാറ്റിനും ഏതാണ്ട് ഒരേ മാതിരിയുള്ള ആവർത്തന വിരസതയുള്ള അന്ത്യമാണുള്ളത് (cf 7:28; 11:1; 13:53; 19:1; 26:1).

ഒരു പ്രബോധനവും ഒരു വിവരണവും ഒന്നിച്ചുചേർത്ത് ഒരു യൂണിറ്റ്, ഇങ്ങനെ അഞ്ചു യൂണിറ്റുകൾ – ഇതാണ് മത്തായി സ്വീകരിച്ചിരിക്കുന്ന ഘടനാരീതി. ബാല്യകാല വിവരണമാണ് (1–2) ആമുഖം; പീഡാനുഭവവിവരണം (26–28) ഉപസംഹാരവും. ഈ അഞ്ചു പ്രസംഗങ്ങൾ പഞ്ചഗ്രന്ഥിയിലെ അഞ്ചു പുസ്തകങ്ങളെവരെ അനുസ്മരിപ്പിക്കുന്നുവെന്നതാണ് ഇവയുടെ പ്രത്യേകത. അങ്ങനെ മത്തായിയുടെ സുവിശേഷം പുതിയ സഭയുടെ പഞ്ചഗ്രന്ഥിയായി മാറിയെന്ന പ്രതീതിയാണ് ഇത് വായനക്കാരനു നല്കുക. പ്രസംഗങ്ങളെ അടിസ്ഥാനമാക്കി സുവിശേഷത്തിന്റെ ഘടന താഴെ കാണുന്ന പ്രകാരമാണ്:

| | | |
|---|---|---|
| **ആമുഖം** | അദ്ധ്യായം 1–2 | ബാല്യകാലവിവരണം |
| **പുസ്തകം I** | | |
| | ” 3–4 | വിവരണം |

| | | | |
|---|---|---|---|
| | ” | 5–7 | പ്രസംഗം |
| **പുസ്തകം II** | | | |
| | ” | 8–9 | വിവരണം |
| | ” | 10 | പ്രസംഗം |
| **പുസ്തകം III** | | | |
| | ” | 11–12 | വിവരണം |
| | ” | 13 | പ്രസംഗം |
| **പുസ്തകം IV** | | | |
| | ” | 14–17 | വിവരണം |
| | ” | 18 | പ്രസംഗം |
| **പുസ്തകം V** | | | |
| | ” | 18–23 | വിവരണം |
| | ” | 24–25 | പ്രസംഗം |
| **ഉപസംഹാരം** | ” | 26–28 | പീഡാനുഭവ വിവരണം |

## II ത്രിമുഖവിഭജനം

സുവിശേഷത്തിന്റെ രണ്ടു പ്രധാന സന്ദർഭങ്ങളിൽ (4:17; 16:21) ഒരു ഫോർമുല കാണാം: ‘അപ്പോൾ മുതൽ യേശു...’ ശുശ്രൂഷയിലെ പുതിയൊരു ഘട്ടം ഇതുവഴി ആരംഭിക്കുകയാണ്. 1:1, വിസ്തരിച്ചു 4:16 വരെ എത്തിച്ച ആമുഖത്തിന്റെ തലവാചകംപോലെ പരിഗണിച്ചാൽ മത്തായിയുടെ സുവിശേഷത്തിന് മൂന്നു വിഭാഗങ്ങളുള്ള മറ്റൊരു ഘടനാരീതി കാണാൻ കഴിയും. അവ താഴെ കൊടുത്തിരിക്കുന്നു.

1:1 4:16:– യേശുവിന്റെ ജനനം, ബാല്യം, ശുശ്രൂഷയ്ക്ക് ഒരുക്കം.

4:17–16:20; വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും സ്വർഗരാജ്യം വിളംബരം ചെയ്യുന്നു. ജനക്കൂട്ടത്തിന്റെ പ്രതികരണം, യേശുവിന്റെ മറുപടി.

16:21–28:20: പീഡാനുഭവത്തിനുള്ള തയ്യാറെടുപ്പ്, ജെറുസലേം ശുശ്രൂഷ, പീഡാനുഭവ വിവരണം.

### 1) 1:1–4:16

‘യേശുക്രിസ്തുവിന്റെ ഉദ്ഭവങ്ങളെക്കുറിച്ചുള്ള പുസ്തകം’. മുഴുവൻ സുവിശേഷത്തിന്റെയും തലവാചകമായി ചിലരതിനെ കാണുമ്പോൾ (യേശു കഥാഗ്രന്ഥം എന്ന അർഥത്തിൽ) വംശാവലിയുടെ മാത്രം മുഖവുരയായാണ് മറ്റുചിലർ അതിനെ പരിഗണിക്കുന്നത് (1:1–17). മുഴുവൻ സുവിശേഷത്തി

ന്റെയും (1:1–4:16) വിപുലീകരിച്ച ആമുഖത്തിനു പ്രാരംഭം കുറിക്കുന്ന തലവാചകമായിട്ടാണ് 1:1 നെ മറ്റുചിലർ കണക്കാക്കുന്നത്. ഈ നിലയിൽ നോക്കുമ്പോൾ യേശുവിന്റെ ഉദ്ഭവങ്ങൾ, ശുശ്രൂഷയ്ക്കുള്ള തയ്യാറെടുപ്പ് എന്നിവ പ്രതിപാദിക്കുന്ന ഒരു പ്രത്യേക വിഭാഗമായി 1:1–4:16 നെ കാണാനാവും.

**2) 4:17–16:20**

4:17–ൽ കാണുന്ന 'അപ്പോൾ മുതൽ യേശു പ്രസംഗിക്കാൻ തുടങ്ങി' എന്ന ഫോർമുല, യേശുവിന്റെ ശുശ്രൂഷയുടെ ആദ്യഘട്ടം അവതരിപ്പിക്കുകയാണ്. യേശുവും ശിഷ്യന്മാരും വാക്കുകൊണ്ടും പ്രവൃത്തികൾകൊണ്ടും ദൈവരാജ്യം പ്രഖ്യാപിക്കുന്നതിന് പ്രാധാന്യംകൊടുത്തിരിക്കുന്നു. യേശുവിന്റെ പ്രഖ്യാപനങ്ങളോട് യഹൂദരുടെ നിഷേധാത്മക നിലപാട്, യേശുവിന്റെ തന്നെ പ്രതികരണം, അവിടുന്ന് ജനക്കൂട്ടത്തിൽനിന്നും ഒഴിഞ്ഞുപോകുന്നത്, ശിഷ്യന്മാർക്ക് കൊടുക്കുന്ന പരിശീലനം എന്നിവയാണ് ഈ ഭാഗത്ത്.

**3) 16:2128:20**

യേശു ശുശ്രൂഷയുടെ പുതിയൊരു ഘട്ടത്തിനു നാന്ദികുറിക്കുകയാണിവിടെ പ്രസ്തുത ഫോർമുല. യേശുവിന്റെ ആസന്നമായ പീഡാസഹനം, മഹത്വീകരണം എന്നിവയ്ക്കാണിവിടെ ഊന്നൽകൊടുത്തിരിക്കുന്നത്. അവിടത്തെ അനുയായികളെ സംബന്ധിച്ചിടത്തോളം അവയുടെ പ്രാധാന്യവും എടുത്തുകാട്ടുന്നുണ്ട്. പീഡാനുഭവ പ്രവചനങ്ങളും ശിഷ്യത്വത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രബോധനങ്ങളും ഇവിടെ കാണാം. ജെറുസലെം ശുശ്രൂഷ, യഹൂദനേതാക്കളുമായുള്ള ഏറ്റുമുട്ടൽ യുഗാന്ത സാഫല്യത്തെക്കുറിച്ചുള്ള ഉപദേശങ്ങൾ, പീഡാനുഭവവിവരണം എന്നിവയാണ് ഈ ഭാഗത്തെ ഉള്ളടക്കം.

## യേശുവിന്റെ ബാല്യം (മത്താ 1–2)

യേശുവിന്റെ ഉദ്ഭവം, ജനനം, ബാല്യകാലത്തെ ഏതാനും വിശദാംശങ്ങൾ എന്നിവ മത്തായി തുടക്കത്തിൽ വിവരിക്കുന്നുണ്ട്. അത്ര ശരിയല്ലെങ്കിൽക്കൂടി ഈ അധ്യായങ്ങളെ 'ബാല്യകാല വിവരണാധ്യായങ്ങൾ' എന്നു വിളിക്കാം. മർക്കോസ് യേശുവിന്റെ ജനനത്തെയോ ബാല്യത്തെയോ കുറിച്ച് ഒന്നും പറയാതെ സ്നാപകന്റെ പ്രസംഗങ്ങളോടെയാണ് സുവിശേഷം ആരംഭിക്കുന്നത്. അവിടെനിന്ന് അദ്ദേഹം യേശുവിന്റെ ശുശ്രൂഷയിലേക്കു പെട്ടെന്ന് കടക്കുകയും ചെയ്യുന്നു. യോഹന്നാന്റെ സുവിശേഷത്തിലും യേശുവിന്റെ ജനനബാല്യങ്ങളെക്കുറിച്ച് ഒരു പരാമർശവുമില്ല. എന്നാൽ,

സൃഷ്ടിക്കുമുമ്പു മുതലുള്ള 'വചന'ത്തിന്റെ നിത്യമായ അസ്തിത്വം പ്രാരംഭ മായി അദ്ദേഹം വിവരിക്കുന്നുണ്ട് (യോഹ 1:1).

### താരതമ്യപഠനം

മത്തായിയുടെയും ലൂക്കായുടെയും ബാല്യകാല വിവരണങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചാൽ രണ്ടിനും പൊതുവായുള്ള ചില അംശങ്ങൾ കാണാൻ കഴിയും. ചില അന്തരങ്ങളും പ്രകടമാണ്. സഭയുടെ വിശ്വാസസത്യ ങ്ങളെ സംബന്ധിക്കുന്നതാണ് പൊതുവായ കാര്യങ്ങൾ. രണ്ടു വിവരണങ്ങ ളിലും കാണപ്പെടുന്ന സാധർമ്യങ്ങളും വൈവിധ്യങ്ങളും അല്പം ആവർത്തന വിരസതയുമുണ്ടെങ്കിൽക്കൂടി അനുസ്മരിപ്പിക്കുകയാണിവിടെ.

### സാധർമ്യങ്ങൾ

1. കന്യകയായ മറിയം ദാവീദിന്റെ വംശത്തിൽപ്പെട്ട ജോസഫ് എന്നയാളിനു വിവാഹവാഗ്ദാനം ചെയ്യപ്പെട്ടിരുന്നു. നിയമാനുസൃത വിവാഹസമ്മതം/ വിവാഹം കഴിഞ്ഞിരുന്നെങ്കിലും ഭാര്യാഭർത്താക്കന്മാരെപ്പോലെ അവർ ഒന്നിച്ചു താമസിക്കാൻ തുടങ്ങിയിരുന്നില്ല (മത്താ 1;18; ലൂക്കാ 1:27, 34).
2. മറിയം ഗർഭിണിയാണെന്നതും ശിശുവിന് ഇടേണ്ട പേരും എന്തായിരിക്ക ണമെന്ന വിവരവും മാലാഖ അറിയിക്കുന്നു (മത്താ 1:18, 20; ലൂക്കാ 1:35).
3. മറിയം പരിശുദ്ധാത്മാവിന്റെ പ്രവൃത്തിവഴിയാണ് ഗർഭിണിയായത്; അവളുടെ കന്യാത്വത്തിന് യാതൊരു അന്തരവും സംഭവിച്ചിരുന്നില്ല (മത്താ 1:18–20; ലൂക്കാ 1:35).
4. ലോകരക്ഷകനാവുക എന്നതായിരുന്നു യേശുവിന്റെ ദൗത്യം (മത്താ 1:21; ലൂക്കാ 2:11).
5. ഹേറോദേസിന്റെ വാഴ്ചക്കാലത്ത് ബേത്‌ലെഹെമിലാണ് ശിശു ജനി ച്ചത് (മത്താ 2:1; ലൂക്കാ 2:4–6).
6. ഒടുവിൽ, ജോസഫും മറിയവും ശിശുവിനെയുംകൊണ്ട് നസ്രത്തിൽ താമസിക്കാനെത്തുന്നു (മത്താ 2:23; ലൂക്കാ 2:39).

### വ്യത്യാസങ്ങൾ

മത്തായിയുടെയും ലൂക്കായുടെയും ബാല്യകാല വിവരണങ്ങളിൽ പ്രകട മായ ചില അന്തരങ്ങളും കാണുന്നുണ്ട്. മത്തായിയുടെ വംശാവലി വിവരണം (1:1–17) ലൂക്കായുടേതിൽനിന്ന് വ്യത്യസ്തമാണ് (ലൂക്കാ 3:23–28). മൂന്നു രാജാ ക്കന്മാരുടെ കഥ (മത്താ 2:1–12), ഈജിപ്തിലേക്കുള്ള പലായനം (2:13–15), ശിശുവധം (2:16–18), ഗലീലിയിലേക്കുള്ള മടക്കം (2:19–23) എന്നിവയൊന്നും

ലൂക്കാ വിവരിക്കുന്നില്ല. ലൂക്കായുടെ രണ്ടാമധ്യായത്തിന്റെ വളരെ കുറച്ചു ഭാഗമെ മത്തായി സ്വീകരിച്ചിട്ടുള്ളൂ. ലൂക്കാ 1:26–35–ൽ ചില കാര്യങ്ങൾക്കു മാത്രമാണ് സമാന്തരത്വം. മത്തായിയിൽ, താഴെകൊടുക്കുന്ന ചില സംഭവ ങ്ങളും സ്തോത്രങ്ങളും ലൂക്കായുടെ സുവിശേഷത്തിൽ മാത്രമേയുള്ളൂ. മത്തായിയിൽ ഇതിനോടു സാമ്യമുള്ള ഭാഗങ്ങൾ  കാണുന്നില്ല; സ്നാപക യോഹന്നാന്റെ ജനനത്തെക്കുറിച്ച് സക്കറിയായ്ക്കുള്ള അറിയിപ്പ് (ലൂക്കാ 1:5–25), എലിസബത്ത് ഗർഭവതിയാണെന്ന വാർത്ത (1:36–38), മറിയം എലിസ ബത്തിനെ സന്ദർശിക്കുന്നത് (1:39–45), സ്നാപകന്റെ ജനനം (1:57–66), ജന സംഖ്യാ കണക്കെടുപ്പ് (2:1–2), ആട്ടിടയന്മാർ (2:8–20), പരിച്ഛേദനം (2:21), ശുദ്ധീകരണം (2:22–23), പ്രവാചകയായ അന്നാ (2:36–38). ശിശുവിനെ കാണാതെ പോയതും കണ്ടുകിട്ടിയതും (2:79–52) സക്കറിയായുടെ പ്രവചന ഗീതം (1:67–79) മറിയത്തിന്റെ സ്തോത്രഗീതം (1:46–55), ശിമയോന്റെ സ്തുതി പ്പുകൾ (2:29–33; 34:35) എന്നിവ ഉദാഹരണം.

മാത്രവുമല്ല, മത്തായി എല്ലാകാര്യങ്ങളും വിവരിക്കുന്നതു ജോസഫിനെ മുൻനിറുത്തിയാണ്. മറിയത്തിന്റെ ഗർഭധാരണം, ഉണ്ണിയേശുവിന്റെ ജനനം, നാമകരണം തുടങ്ങിയവ സംബന്ധിച്ചുള്ള മാലാഖയുടെ അറിയിപ്പുകൾ മറി യത്തിനു കിട്ടുന്നതായി ലൂക്കാ വിവരിക്കുമ്പോൾ, ആ അരുളപ്പാടുകൾ ജോസഫിനു ലഭിച്ചുവെന്നാണു മത്തായി പറയുന്നത്. ജോസഫും മറിയവും ബേത്‌ലെഹെമിൽ താമസിച്ചു എന്നും എന്തോ കാരണവശാൽ നസ്രത്തി ലേക്കു താമസം മാറ്റിയെന്നും മത്തായി വിവരിക്കുമ്പോൾ, നസ്രത്ത് ജോസ ഫിന്റെയും മറിയത്തിന്റെയും ജനനനഗരമായിരുന്നുവെന്നും ലൂക്കാ പറയു ന്നു. മത്തായിയുടെ ബാല്യകാലവിവരണങ്ങളിൽ പഴയനിയമത്തിൽനിന്നുള്ള അഞ്ച് ഉദ്ധരണികൾ കാണുന്നു: യേശുവിന്റെ ജനനവുമായി ബന്ധപ്പെട്ട സംഭ വങ്ങൾ അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പഴയനിയമത്തിന്റെ പൂർത്തീകരണ വുമാണ്. എന്നാൽ, പഴയ നിയമത്തിൽനിന്നുള്ള ഒരു ഉദ്ധരണിയേ ലൂക്കായി ലുള്ളൂ.

തികച്ചും പഴയനിയമമാതൃകയിലാണ് ലൂക്കായുടെ മിക്ക കഥകളും രചി ക്കപ്പെട്ടിരിക്കുന്നത്. രണ്ടു ജനനകഥകൾ (ലൂക്കാ 1:11–20; 26–38). സന്ദർശന കഥ (1:39–45), മറിയത്തിന്റെ സ്തോത്രഗീതം (1:46–55) എന്നിവയ്ക്കു പഴയനി യമത്തിൽ സമാന്തരകഥകളുണ്ട് (പാഠം 4 പേജ് 10–39 കാണുക). എന്നാൽ മംഗലവാർത്ത ഒഴിച്ചു മത്തായി വിവരിക്കുന്ന മറ്റൊരു കഥയ്ക്കും പഴയനിയ മത്തിൽ സാമ്യം കണ്ടെത്താനാവില്ല. പക്ഷേ, വ്യക്തമായ ഉദ്ധരണികളും പഴ യനിയമ കഥാസൂചനകളും ധാരാളമുണ്ടുതാനും.

ബാല്യകാല വിവരണങ്ങൾക്കുള്ളത് ചരിത്രപരമായ കൃത്യതയെക്കാൾ സൈദ്ധാന്തികവും ദൈവസാസ്ത്രപരവുമായ ലക്ഷ്യമാണ്. ഓരോ സുവിശേഷകന്റെയും ദൈവശാസ്ത്രരമായ കാഴ്ചപ്പാട് വിഭിന്നമായിരുന്നു. രണ്ടു ബാല്യകാല വിവരണങ്ങളിലും പ്രകടമാകുന്ന വ്യത്യസ്തതയുടെ കാരണം ഈ വിഭിന്ന ദൈവശാസ്ത്രദർശനംതന്നെ.

## യേശുക്രിസ്തുവിന്റെ വംശാവലി (1:1–17)

യേശുവിന്റെ വംശാവലി വിവരിച്ചുകൊണ്ടാണ് മത്തായി സുവിശേഷം ആരംഭിക്കുന്നത്. "ക്രിസ്തു" (മിശിഹാ) ദാവീദിന്റെ പുത്രൻ, അബ്രാഹത്തിന്റെ പുത്രൻ എന്നീ പദങ്ങൾക്കു ഊന്നൽ നല്കുന്നതുവഴി ആദ്യത്തെ വാക്യംതന്നെ (1:1) പ്രമേയം ദ്യോതിപ്പിക്കുന്ന തലക്കെട്ടായിത്തീർന്നിരിക്കുന്നു. ഗെനേസിസ് (Genesis) എന്ന ഗ്രീക്കു ശബ്ദം വംശാവലി എന്നാണ് പി.ഒ.സി. വിവർത്തനം ചെയ്തിരിക്കുന്നത്. ജനനം, ഉദ്ഭവം, തലമുറ എന്നൊക്കെയാണ് അതിന്റെ അർത്ഥം.

തിരഞ്ഞെടുക്കപ്പെട്ട ദൈവജനത്തിന്റെ ചരിത്രത്തിന്റെ ഭാഗവും ആ ചരിത്രത്തിന്റെ ലക്ഷ്യവും പൂർത്തീകരണവുമാണു യേശു എന്നു കാണിക്കാനാണ് മത്തായി ഈ വംശാവലി വിവരിക്കുന്നത്. യേശുവിന്റെ വംശാവലി 14 തലമുറകൾ വീതമുള്ള മൂന്നു വിഭാഗമായി തിരിക്കുകയാണിവിടെ

സുവിശേഷകൻ. ആദ്യഭാഗത്തെ (1:2–6a) വിവരണങ്ങൾക്കുള്ള വസ്തുതകൾ 1 ദിന 1:34 ലും റൂത്ത് 4:18–22 ലും (cf 1 ദിന 2:1–15) നിന്നാവും മത്തായിയ്ക്കു ലഭിച്ചത്. ഈ ഭാഗത്തു താമാർ, റഹാബ്, റൂത്ത് എന്നീ മൂന്നു സ്ത്രീകളെയും പരാമർശിക്കുന്നുണ്ട്.

1 ദിന 3:1–16 നെ ആധാരമാക്കിയാണ് വംശാവലിയുടെ രണ്ടാം ഭഫാഗം (1:6b–11). എന്നാൽ യോറാം ഉസ്സിയാ (= അസറിയ cf 2 രാജാ 15:30) എന്നിവർക്കിടയിലുള്ള ദുഷ്ടന്മാരായ മൂന്നു രാജാക്കളെ (ആഹസിയാ, യോവാശ്, അമാസിയാ) മത്തായി ഉപേക്ഷിച്ചിരിക്കുന്നു. "ഊറിയായുടെ പത്നിയായ" ഒരു സ്തീയെയും ഈ ഭാഗത്ത് പരാമർശിച്ചിട്ടുണ്ട്.

വംശാവലിയുടെ മൂന്നാം ഭാഗത്ത് (1:12–16) മത്തായിക്ക് ഏറെ ഉറവിടങ്ങളില്ല. ഷെലാത്തിയേൽ, സെറുബാബേൽ എന്ന രണ്ടു പേരുകൾ 1 ദിന 3:17–19 –ൽ പ്രത്യക്ഷപ്പെടുന്നുണ്ട്..

വംശാവലിയുടെ രചനാമാതൃക ("A യുടെ പിതാവായിരുന്നു B; B യുടെ പിതാവു C യും) 15–ാം വാക്യംവരെ തുടരുകയും ഇസ്രായേൽ ചരിത്ര

ത്തിന്റെ അവസാനഘട്ടത്തിന്റെ ഉദയത്തെ പരാമർശിക്കുന്ന 16–ാം വാക്യത്തിൽ സുവിശേഷകൻ അപ്രതീക്ഷിതമായി ആ മാതൃകയ്ക്കു മാറ്റംവരുത്തുന്നു. യേശുവിന്റെ പിതാവായിരുന്നു ജോസഫ് എന്ന് അദ്ദേഹം പറയുന്നില്ല. പകരം ജോസഫ് മറിയത്തിന്റെ ഭർത്താവായിരുന്നു; അവളിൽനിന്ന് ക്രിസ്തു എന്നു വിളിക്കപ്പെടുന്ന യേശു ജനിച്ചു എന്നാണദ്ദേഹം പറയുന്നത്. ജോസഫ് യേശുവിന്റെ പിതാവ് അല്ലെങ്കിലും, മത്തായിയെ സംബന്ധിച്ചിടത്തോളം ജോസഫിലൂടെയാണു യേശു ദാവീദിന്റെ പുത്രനായിത്തീരുന്നത്.

ഇസ്രായേലിന്റെ മുഴുവൻ ചരിത്രവും അതിന്റെ മൂന്നു സുപ്രധാന ഘട്ടങ്ങളിലൂടെ മത്തായി സംക്ഷേപിക്കുകയാണ്: ദാവീദിൽ പരമകാഷ്ഠ പ്രാപിക്കുന്ന ഘട്ടം; ദുരിതങ്ങളുടേതായ പ്രവാസകാലം, ചരിത്രം ക്രിസ്തുവിൽ സാഫല്യമടയുന്ന നിമിഷം, എന്നിവയാണ് ആ മൂന്നു കാലഘട്ടങ്ങൾ.

എന്തുകൊണ്ടാണ് മത്തായി ഇസ്രായേലിന്റെ ചരിത്രത്തെ പതിന്നാലു തലമുറകളുടെ മൂന്നുഗണമായി തിരിച്ചത്? മിശിഹായുഗത്തിൽ അവസാനിക്കത്തക്കവിധം ലോകചരിത്രത്തെ 14 യുഗങ്ങളായി തിരിക്കുന്ന യഹൂദവെളിപാടു വീക്ഷണം ഒരുപക്ഷേ മത്തായിയെ സ്വാധീനിച്ചിരിക്കാം..

'ദാവീദ്' എന്ന പദത്തിലെ ഹീബ്രു അക്ഷരങ്ങളുടെ സംഖ്യാമൂല്യവും അദ്ദേഹത്തിനു രസകരമായിത്തോന്നിയിരിക്കാം. (gematria എന്നാണീ കണക്കിന്റെ കളിക്കു പറയുന്ന പേര്). David എന്ന പദത്തിലെ മൂന്നു വ്യഞ്ജനാക്ഷരങ്ങളുടെ മൊത്തവില 14 ആണെന്നതാണിതിന്റെ രഹസ്യം. (D =4; W=6; D= 4 എന്നിങ്ങനെ. നമ്മുടെ സുവിശേഷകനെ സംബന്ധിച്ചിടത്തോളം ഇസ്രായേലിന്റെ ചരിത്രം മുഴുവനും ദാവീദിന്റെ പുത്രനായ യേശുമിശിഹായിൽ ലക്ഷ്യംനേടുകയും പൂർണത പ്രാപിക്കുകയും ചെയ്യുന്നു.

**സ്ത്രീകൾ**

യേശുവിന്റെ പൂർവികരുടെ പട്ടികയിൽ നാലു സ്ത്രീകൾ കടന്നുവരുന്നു എന്നതാണ് ഈ വംശാവലി വിവരണത്തിലെ വിസ്മയകരമായ ഒരു സവിശേഷത. താമാർ, റഹാബ്, റൂത്ത്, "ഊറിയായുടെ ഭാര്യ" (ബെത്ഷേബാ) എന്നിവരാണവർ. യഹൂദവംശാവലികളിൽ സ്ത്രീകളുടെ പേരുപറയാറുള്ളതല്ല. പാപികളെയും വിജാതീയരെയും ഭാവിസഭയിൽ ഉൾപ്പെടുത്താൻപോകുന്നതിന്റെ സൂചനയായി ഇതിനെ കണക്കാക്കാം എന്നാണ് ചിലരുടെ അഭിപ്രായം. തികച്ചും അപ്രതീക്ഷിതമായ മാർഗങ്ങളിലൂടെയും അവിടന്ന് തന്റെ വാഗ്ദാനങ്ങൾ നിറവേറ്റുമെന്നും സുവിശേഷകൻ ഒരിക്കൽക്കൂടെ ഊന്നിപ്പറയുകാണെന്നു വേണം വിചാരിക്കാൻ.

മത്തായി 1–17–ൽ വിവരിക്കുന്ന യേശുവിൻരെ വംശചരിത്രം കുറെ അപ്രശസ്ത നാമങ്ങളുടെ പട്ടികയാണെന്നോ സുവിശേഷത്തിലെ തീർത്തും വിരസമായ ഭാഗമാണെന്നോ പറഞ്ഞ് അവഗണിക്കാനുള്ളതല്ല. നേരെമറിച്ച്, മത്തായി വിവരിക്കുന്ന യേശുക്രിസ്തുവിന്റെ സദ്വാർത്തയുടെ പ്രധാനപ്പെട്ട ഒരു ഭാഗംതന്നെയാണത്. ദൈവം അബ്രാഹത്തിനു കൊടുത്ത ഈ വാഗ്ദാനം സാർവത്രിക വ്യാപ്തിയുള്ളതായിത്തീരുന്നു: "നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗൃഹീതമാകും" (cf ഉൽപ 12:3; 22:18). യേശുവിനെ അബ്രാഹത്തിന്റെ പുത്രനായി മത്താ 1:1–ൽ നിശ്ചയിക്കുന്നത് അവിടത്തെ രക്ഷാകരദൗത്യത്തിന്റെ സാർവത്രികമാനത്തിലേക്കു വിരൽചൂണ്ടുന്നു.

ദാവീദിന്റെ പുത്രനെന്ന നിലയിൽ (1:1) ദാവീദിനു വാഗ്ദാനംചെയ്യപ്പെട്ട മിശിഹായും യേശുതന്നെ (cf 2 സാമു 7:12–16). മനുഷ്യന്റെ വിശ്വാസരാഹിത്യം, അവിശ്വസ്തത, പാപാവസ്ഥ എന്നിവയൊന്നും പരിഗണിക്കാതെ ദൈവം തീർത്തും അപ്രതീക്ഷിതമായ മാർഗങ്ങളിലൂടെയും തന്റെ വാഗ്ദാനങ്ങൾ നിറവേറ്റുമെന്നും ഇസ്രായേലിന്റെ ചരിത്രത്തെ അതിന്റെ ലക്ഷ്യമായ യേശുക്രിസ്തുവിലേയ്ക്ക് കൊണ്ടുവരുമെന്നും വംശാവലി വിവരണത്തിലൂടെ മത്തായി കാണിച്ചുതരുന്നു.

## ജോസഫിന് അറിയിപ്പ് (1,18–25)

യേശുവിന്റെ 'ദാവീദു പുത്രത്വം' 1:18–25 ൽ സുവിശേഷകൻ വിശദീകരിക്കുന്നുണ്ട്. 1:18–ലെ പ്രാരംഭവാക്യം 16–ാം വാക്യത്തെ വ്യക്തമായും അനുസ്മരിപ്പിക്കുന്നതാണ്. തുടർന്നു പറയാൻ പോകുന്നത് 1:16 ന്റെ വിശദീകരണമാണെന്നാണ് അതിന്റെ സൂചന. ദാവീദിന്റെ വംശത്തിലുള്ള യേശുവിന്റെ ജനനം മാത്രമല്ല, അവിടുത്തെ ദൈവികമായ ജനനംതന്നെ വിശദീകരിക്കുകയാണ് ഈ വേദപുസ്തകഭാഗം. കാരണം, യേശു ദാവീദിന്റെ പുത്രനും അതേസമയം ദൈവപുത്രനുമാകുന്നു.

ജോസഫിനെ "മറിയത്തിന്റെ ഭർത്താവ്" (1:16–19) ആയും, മറിയത്തെ ജോസഫുമായി വിവാഹനിശ്ചയം കഴിഞ്ഞവളും (1:18) ജോസഫിന്റെ ഭാര്യയുമായും (1:20) നേരത്തെ അവതരിപ്പിച്ചിട്ടുണ്ട്. എന്നാൽ, അവർ വിവാഹിതരായിരുന്നോ അതോ അവരുടെ വിവാഹനിശ്ചയം മാത്രമേ കഴിഞ്ഞിരുന്നുള്ളോ എന്നൊന്നും വ്യക്തമാക്കിയിട്ടില്ല. അന്നത്തെ യഹൂദരുടെ വിവാഹത്തിന് രണ്ടു ഘടകങ്ങളുണ്ടായിരുന്നു. സാക്ഷികളുടെ സമക്ഷം നടത്തുന്ന വിവാഹസമ്മതമായിരുന്നു അതിൽ ആദ്യത്തേത്. ഇന്നത്തെ വിവാഹസമ്മതത്തിന് സമമായ ചടങ്ങായിരുന്നു അത്. വധുവിനെ പിന്നീട് മണവാളന്റെ ഭവനത്തി

ലേക്കു കൂട്ടിക്കൊണ്ടുപോകുന്നു. വിവാഹസമ്മതത്തിനുശേഷം ഒരു വർഷ ത്തിനുള്ളിൽ നടക്കുന് ഈ ഗൃഹപ്രവേശനകർമ്മത്തോടെയാണ് വിവാഹ ത്തിന്റെ ചടങ്ങുകൾ പൂർത്തിയാവുക. പക്ഷേ, ആദ്യഘട്ടമാണ് പരമപ്രധാനം. കാരണം, മനഃസമ്മതം നിയമാനുസൃതവും സാധുവുമായ വിവാഹബന്ധത്തെ യാണ് കുറിക്കുന്നത്. അന്നത്തെ യഹൂദനിയമമനുസരിച്ച് വിവാഹസമ്മതം കഴിഞ്ഞവർക്കും വിവാഹം കഴിഞ്ഞവർക്കും വിവാഹമോചനം നടത്തണമെ ങ്കിൽ മുൻപറഞ്ഞ നിയമനടപടികളെല്ലാം ആവശ്യമായിരുന്നു. ജോസഫും മറിയവും വിവാഹകർമ്മത്തിന്റെ ആദ്യഘട്ടമായ മനഃസമ്മതം, വിവാഹനി ശ്ചയം കഴിഞ്ഞവരായിരുന്നുവെന്നാണ് മത്താ 1:18–20 വാക്യങ്ങൾ വ്യക്തമാ ക്കുന്നത്. കാരണം, ''മറിയത്തെ ഭാര്യയായി സ്വീകരിച്ച്'' വിവാഹകർമ്മം പൂർത്തിയാക്കാൻ മാലാഖാ ജോസഫിനോടു പറയുന്നു (1:20,24).

മറിയത്തെ പരസ്യമായി കുറ്റപ്പെടുത്താനും വിചാരണയ്ക്കു വിധേയയാ ക്കാനും (cf സംഖ്യാ 5:11–13) കഴിയുമായിരുന്നെങ്കിലും അവളെ ആക്ഷേപി ക്കാൻ അദ്ദേഹത്തിനു മനസ്സു വന്നില്ല. ''നീതിമാനായ''തുകൊണ്ടാണ് ജോസഫ് ഇങ്ങനെയൊരു തീരുമാനമെടുത്തത് (1:19). ''നീതിമാൻ'' എന്നാൽ ''ധർമ്മിഷ്ഠനായ'' ''നിയമങ്ങളെ ആദരിക്കുകയും അനുസരിക്കുകയും ചെയ്യുന്ന'' എന്നൊക്കെയാണർത്ഥം. ദൈവിക നിർദേശങ്ങളെ സമ്പൂർണമായി അനുസരിക്കുന്നയാളായി ബാല്യകാല വിവരണത്തിൽ ജോസഫ് നാലുപ്രാ വശ്യം ചിത്രീകരിക്കപ്പെടുന്നുണ്ട് (cf 1:24; 2:13–14; 20–21; 22).

മറിയത്തെ ഉപേക്ഷിക്കാൻ ആലോചിച്ചുകൊണ്ടിരിക്കെ ഒരു ദൈവദൂതൻ സ്വപ്നത്തിൽ ജോസഫിനു പ്രത്യക്ഷപ്പെട്ടു. ഒരുപക്ഷേ കർത്താവിന്റെ ഈ മാലാഖ കർത്താവുതന്നെ ആയിരുന്നിരിക്കണം (cf ഉൽപ 16:7; 22:11; 15; ന്യായാ 6:12, 14). ശിശുവിന്റെ പ്രകൃത്യതീതമായ ജനനം, ജോസഫിനു നീക്കി വച്ചിട്ടുള്ള പങ്ക് എന്നിവയെക്കുറിച്ചായിരുന്നു മാലാഖമാരുടെ സന്ദേശം.

വംശാവലിയിൽ ദാവിന്റെ പുത്രനായിട്ടാണ് ജോസഫ് അവതരിക്കപ്പെട്ടത് (1:16). ദാവീദിന്റെ പുത്രനായ ജോസഫ് എന്നാണ് 1:20–ൽ മാലാഖ, അദ്ദേ ഹത്തെ അഭിവാദനം ചെയ്യുന്നതും, യേശുവിനെ 10 തവണ 'ദാവീദിന്റെ പുത്രൻ' എന്ന് മത്തായിയുടെ സുവിശേഷത്തിൽ വിളിക്കുന്നുണ്ട്. ജോസഫി ലൂടെ ദാവീദുവംശ പരമ്പരയിൽ പ്രവേശിച്ചതുകൊണ്ടു മാത്രമാണ് അവിടു ത്തേയ്ക്ക് ഈ പദവി കിട്ടുന്നത്. യേശുവിന്റെ 'ദാവീദുപുത്രത്വം' ജോസ

ഫ്‌വഴി, അദ്ദേഹത്തിന്റെ നൈയാമിക പിതൃത്വംവഴിയാണ് സ്ഥിരീകരിക്കപ്പെടേണ്ടത്.

യേശു ദാവീദിന്റെ പുത്രൻ മാത്രമല്ല; ദൈവപുത്രനുമാണ്. യേശു ജോസഫിലൂടെ ദാവീദിന്റെ പുത്രനായെങ്കിൽ, പരിശുദ്ധാത്മാവിലൂടെ ദൈവപുത്രനായി ഭവിക്കുന്നു. മറിയം പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെടും (1:18) എന്ന് മത്തായിയുടെ സുവിശേഷത്തിന്റെ വിവരണഭാഗത്തു നാം കാണുന്നുണ്ട്. ജോസഫിന്റെ അറിവിലേക്കായി മാലാഖ ഇത് ആവർത്തിക്കുകയും (1:20) ചെയ്യുന്നു.

അങ്ങനെ 1:18-25-ൽ യേശുവിന്റെ ദൈവിക-മാനുഷിക ഉദ്ഭവങ്ങൾ ദൈവപുത്രനായും ദാവീദിന്റെപുത്രനായുമുള്ള ഉദ്ഭവങ്ങൾ വിശദീകരിക്കുകയാണ് മത്തായി. മത്തായിയുടെ ''ഫോർമുലാ ഉദ്ധരണികളിൽ'' ആദ്യത്തേത് ഇവിടെയാണ്. ഇവിടെ ഉദ്ധരിക്കുന്ന പഴയനിയമഭാഗം ഏശയ്യായിൽനിന്നുള്ളതാണ് (7:14). ''യുവതി ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും'' എന്നാണ് ആ പ്രവചനം. എന്നാൽ, പഴയനിയമത്തിന്റെ ഗ്രീക്കുവിവർത്തനം (LXX) അനുസരിച്ച് ''കന്യക ഗർഭംധരിച്ച് ...'' എന്നു മത്തായി എഴുതി. ''കന്യക ഗർഭംധരിച്ച്'' എന്ന പ്രയോഗമാണ് യേശുവിന്റെ ദൈവിക പുത്രത്ത്വത്തിൽ വിശ്വസിക്കുന്നവരായ ആദ്യകാല സഭാപിതാക്കന്മാരും സ്വീകരിച്ചിരിക്കുന്നത്.

''ദൈവം നമ്മോടുകൂടെ'' എന്നർത്ഥമുള്ള എമ്മാനുവേൽ ആയി യേശു വിശേഷിപ്പിക്കപ്പെടുന്നുണ്ടല്ലോ. മത്തായിയെ സംബന്ധിച്ചിടത്തോളം മുമ്പു നാം കണ്ടതുപോലെ, സഭയിൽ വസിക്കുന്ന ഉത്ഥിതനായ നാഥനാണ് യേശു. 'യുഗാന്തേയംവരെ ശിഷ്യരോടൊത്തു' യേശു ഉണ്ടായിരിക്കും എന്ന ചിന്തയോടുകൂടിയാണല്ലോ അദ്ദേഹം തന്റെ സുവിശേഷം ഉപസംഹരിക്കുന്നതും (cf 28:20).

''അവൾ പുത്രനെ പ്രസവിക്കുന്നതുവരെ അദ്ദേഹം അവളെ അറിഞ്ഞതുമില്ല'' എന്ന് സുവിശേഷകൻ തുടർന്ന് എഴുതുന്നു. ഗ്രീക്കിലും ഹീബ്രുവിലും 'വരെ-ഇല്ല' എന്നീ പ്രയോഗത്തിലെ നിഷേധത്തിന് 'സംഭവത്തിനുശേഷം' സ്ഥിതിഗതികൾക്ക് മാറ്റമുണ്ടായി എന്ന് അർത്ഥമാകുന്നില്ല. യേശുവിന്റെ ജനനത്തിനുശേഷം ജോസഫ് മറിയത്തെ 'അറിഞ്ഞു' എന്ന് അതിന് അർത്ഥമില്ല. 25-ാം വാക്യത്തിൽ മത്തായിയുടെ താത്പര്യം കർത്താവ് കല്പിച്ച കാര്യങ്ങൾ അനുഷ്ഠിക്കുന്നതിൽ ജോസഫ് പ്രദർശിപ്പിച്ച അനുസരണയാണ്.

ദൈവംതന്നെ നിർദേശിച്ച നാമം അദ്ദേഹം ശിശുവിനിടുകയും ചെയ്തു. (1:21).

## ജ്ഞാനികളുടെ സന്ദർശനം (2,1–12)

യേശുവിന്റെ ജനനത്തോട് ക്രിയാത്മകമായും നിഷേധാത്മകമായും ഉണ്ടായ പ്രതികരണങ്ങളാണ് ഈ അദ്ധ്യായത്തിന്റെ മുഖ്യപ്രമേയം. യേശുവിനെ ആരാധിക്കാൻ കിഴക്കുനിന്നു ജ്ഞാനികൾ വരുന്നതാണ് ആദ്യസംഭവം (2:1–12).

യേശു ജനിച്ച സമയം വ്യക്തമാക്കാൻ "ഹേറോദേസ് രാജാവിന്റെ കാലത്ത്" എന്ന വാക്യഭാഗം ഉപയോഗിച്ചിരിക്കുന്നു (cf ലൂക്കാ 1:5). ബി.സി. 37–നും 4നുമിടയ്ക്കുള്ള കാലത്താണ് മഹാനായ ഹേറോദേസ് യൂദയാ ഉൾപ്പെടുന്ന പലസ്തീന ഭരിച്ചിരുന്നത്. ബി.സി. 4–ാം വർഷം ഹേറോദേസ് മരിക്കുന്നതിനു രണ്ടുകൊല്ലം മുമ്പായിരുന്നിരിക്കണം യേശുവിന്റെ ജനനം.

യേശുവിന്റെ ജനനസ്ഥലം, കാലം എന്നിവ വിവരിച്ചശേഷം മത്തായി കിഴക്കുനിന്നുള്ള ജ്ഞാനികളെ അവതരിപ്പിക്കുന്നു. ആരായിരുന്നു ഈ ജ്ഞാനികൾ? "ജ്ഞാനികൾ" എന്ന വിവർത്തനം ചെയ്യപ്പെട്ട ഗ്രീക്കുപദം "magoi" എന്നാണ്. ഇതിൽനിന്നാണ് ജ്ഞാനിയുടെ ഉദ്ഭവം. കിഴക്കുനിന്നു വന്ന ഇവർ ആരാണെന്ന് കൃത്യമായി പറയാൻ സാധിക്കുകയില്ല. "മാഗോയ്" ഒരുപക്ഷേ, പേർഷ്യയിലെ ഒരു പുരോഹിത വിഭാഗമായിരിക്കണം. 'മാഗി' യിൽന നിന്നാണ് മാന്ത്രികർ (magicians) ഉണ്ടായത്. അവർ തന്നെയാണ് ഭാവി പറയുന്നവരും ജ്യോത്സ്യന്മാരും.

'ജ്ഞാനികൾ' കിഴക്കുനിന്ന്, പൂർവദേശത്തുനിന്ന്, ആണു വന്നത്. "യാക്കോബിൽനിന്ന് ഒരു നക്ഷത്രം ഉദിക്കും, ഇസ്രായേലിൽ നിന്ന് ഒരു ചെങ്കോൽ ഉയരും" (സംഖ്യ 24:17) എന്ന കിഴക്കുദേശക്കാരനായ ബാലാം ◌ാജാവിന്റെ പ്രവചനം മത്തായി ഇവിടെ ഉപയോഗിച്ചതാവാനാണ് കൂടുതൽ സാദ്ധ്യത.

ജ്ഞാനികൾ യഹൂദരല്ല, വിജാതീയരായിരുന്നു. വിജാതീയരെന്ന നിലയിലാണ് "യഹൂദരുടെ രാജാവിനെക്കുറിച്ച്" അവർ സംസാരിക്കുന്നത് (മത്താ 27:11; 29,37). "യഹൂദരുടെ രാജാവിനെ" കണ്ട് ആരാധിക്കാനാണ് ആ ജ്ഞാനികൾ ജെറുസലെമിൽ വന്നത് (2:2). "ആരാധിക്കുക" എന്ന പദം മത്താ 2:1–12

ന്റെ പ്രമേയത്തെ സൂചിപ്പിക്കുന്നു; 8,11 വാക്യങ്ങളിലും കടന്നുവരുന്നുണ്ട്. ആ പദം ശിഷ്യന്മാർ ഉത്ഥിതനായ നാഥനെ ആരാധിച്ചതായി 28:7–ൽ പറയുന്നു. ജ്ഞാനി വന്നത് യഹൂദരുടെ രാജാവിനെ ആരാധിക്കാനും അവിടത്തേക്ക് ആദരം അർപ്പിക്കാനുമാണ്.

മിശിഹാ ജനിക്കാൻപോകുന്നതു ബേത്‌ലെഹേമിലാണെന്ന് മുഖ്യ പുരോഹിതന്മാരും നിയമജ്ഞരും കണ്ടുപിടിക്കുന്നു. ഉദ്ധരിച്ചിരിക്കുന്നത് മിക്കാ 5:1. 3; 2 സാമു 5:2 എന്നീ വാക്യങ്ങൾ ഒന്നിച്ചുചേർത്താണ്. യേശുവിന്റെ ദാവീദു വംശപാരമ്പര്യം ഇവിടെയും മത്തായി ഊന്നിപ്പറയുന്നു. മത്താ 2:6 ലെ അവസാനവാക്യം, ''എന്റെ ജനമായ ഇസ്രായേലിനെ ഭരിക്കാനുള്ളവൻ'' എന്നല്ല ''നയിക്കാനുള്ളവൻ'' എന്നാണ് അർത്ഥമാക്കേണ്ടത്.

ഹേറോദേസിൽനിന്നുള്ള ചില കൃത്യമായ നിർദേശങ്ങലുമായി ജ്ഞാനികൾ ബേത്‌ലെഹെമിലേക്കു തിരിക്കവേ അവർക്കു വഴികാട്ടാൻ നക്ഷത്രം വീണ്ടും പ്രത്യക്ഷപ്പെട്ടു (2:7–9). ഈജിപ്തിന്റെ അടിമത്തത്തിൽനിന്നു പുറത്തു കടന്നതിനുശേഷം ഇസ്രായേൽ ജനതയ്ക്കുണ്ടായ ദൈവികമായ മാർഗനിർദേശത്തിന്റെ വിവരണത്തെയാണ് ഈ വാക്യം നമ്മെ അനുസ്മരിപ്പിക്കുന്നത്. പകൽ ധവളമേഘത്തിന്റെയും രാത്രിയിൽ അഗ്നിസ്തംഭത്തിന്റെയും രൂപങ്ങളിൽ സഞ്ചരിച്ച് യഹോവാ അവർക്കു വഴികാട്ടിക്കൊണ്ടിരുന്നു (cf പുറ 13:2–22; 40:37–38; സംഖ്യ 9:17). ഇസ്രായേൽജനതയെ വാഗ്ദാത്തഭൂമിയിലേക്ക് ആനയിച്ചതുപോലെ ഈ നക്ഷത്രം വിജാതീയരെ വാഗ്ദാനംചെയ്യപ്പെട്ട മിശിഹായിലേക്കു ആനയിക്കുന്നു.

പൂജരാജാക്കൾ വീട്ടിനകത്തു കടന്നു ശിശുവിനെ അമ്മയായ മറിയത്തോടൊത്തു കാണുകയും അവനെ കുമ്പിട്ട് ആരാധിക്കുകയും ചെയ്തു എന്ന് 2:11 ൽ മത്തായി പറയുന്നു. ഈ രംഗത്തു ശദ്ധാകേന്ദ്രം അമ്മും കുഞ്ഞുമാണ്. 'ശിശുവും അമ്മയും' എന്ന പ്രയോഗം 2:13, 14, 20, 21 എന്നീ വാക്യങ്ങളിൽ ആവർത്തിക്കുന്നുണ്ട്. യേശുവിന്റെ ദൈവികത്വം ഊന്നിപ്പറയുന്നതിൽ ശ്രദ്ധാലുവായ മത്തായി, യേശുവിൽ വിശ്വസിക്കുകയും അവിടത്തെ ആരാധിക്കാൻ വരികയും ചെയ്യുന്ന വിജാതീയരുടെ പ്രതിനിധികളെയാണു ജ്ഞാനികളിൽ കാണുന്നത്.

ജ്ഞാനികൾ ഉണ്ണിക്കു നല്കിയത് മൂന്നു സമ്മാനങ്ങളാണ്; പൊന്നും മീറയും കുന്തുരുക്കവും. സ്വർഗണവും സുഗന്ധമുള്ള മീറായും രാജാവിനു സമർപ്പിക്കുന്ന കാഴ്ചദ്രവ്യങ്ങളാണ് (cf 1 രാജാ 10:2; 10; സങ്കീ 72:10, 15; 45:8). ദേവകുടീരങ്ങളിൽ സമർപ്പിക്കപ്പെട്ടിരുന്ന വസ്തുവാണു സ്വർണം (cf 2 സാമു

8:11; 1 രാജാ 15:15; ഏശ 60:6). പരിമളവസ്തുക്കൾ ആരാധനയെയും ആരാധ നാലക്ഷ്യങ്ങളെയും സൂചിപ്പിക്കുന്നു (cf പുറ 30:34–38; ലേവി 2:1; 15–16). ഇങ്ങനെ നോക്കുമ്പോൾ ജ്ഞാനികളുടെ കാഴ്ചവസ്തുക്കൾ യേശുവിൻരെ രാജത്വ–ദൈവത്വങ്ങളിലേക്കു വിരൽചൂണ്ടുന്നതു കാണാം.

ജ്ഞാനികൾ മൂന്നുപേരായിരുന്നെന്നോ രാജാക്കന്മാരായിരുന്നെന്നോ മത്തായി വ്യക്തമാക്കുന്നില്ലെന്ന കാര്യം ശ്രദ്ധേയമാണ്. മൂന്നു കാഴ്ചവസ്തു ക്കളുണ്ടായിരുന്നതുകൊണ്ട് അവർ മൂന്നു പേരായിരിക്കണമെന്നും രാജാക്ക ന്മാരായിരിക്കാമെന്നും അനുമാനിക്കുകമാത്രം. പിന്നീടുള്ള പാരമ്പര്യത്തിൽ കാസ്പർ, ബെൽത്താസർ, മെൽക്കിയോർ എന്നിങ്ങനെ അവർ പേരുചൊല്ലി വിളിക്കപ്പെടുന്നുണ്ട്.

## ഈജിപ്തിലേക്കുള്ള പലായനം (2,13–15)

ഹേറോദേസ് രാജാവിന്റെ കുടിലമായ ഗൂഢാലോചനകളിൽനിന്ന് ഉണ്ണി യേശു ദൈവപരിപാലനയിൽ രക്ഷപ്പെടുന്ന കഥയാണ് 2:13–15 ൽ വരച്ചുകാട്ടു ന്നത്. ദൈവകല്പന ശിരസാവഹിച്ച് ജോസഫ് ശിശുവിനെയും അവന്റെ അമ്മയെയുംകൊണ്ടു ഈജിപ്തലേക്ക് ഓടിപ്പോകുന്നു (2:13–24); അങ്ങനെ ഉണ്ണി രക്ഷിക്കപ്പെടുന്നു. ക്രൂരമതിയായ ഈജിപ്ഷ്യൻ ഫറവോനിൽനിന്ന് ശിശുവായിരിക്കേ മോശ രക്ഷിക്കപ്പെട്ടതും (cf പുറ 1:2) ലാബാന്റെ മർദന ത്തിൽനിന്നു രക്ഷപ്പെടാൻ യാക്കോബ് ഈജിപ്തിലേക്കു താമസം മാറ്റിയതു മായ കഥകളുമായി ഈ സംഭവത്തെ ബന്ധിപ്പിക്കാൻ കഴിയും (cf ഉൽപ 31, 46).

ഈജിപ്തിലേക്കുള്ള പലായന കഥയുടെ പശ്ചാത്തലം എന്തായാലും പുതിയ ഇസ്രായേലായ യേശുവും പഴയ ഇസ്രായേലും തമ്മിൽ ഒരു സമാന്ത രത്വം കാണാൻ മത്തായി ശ്രമിക്കുന്നുണ്ട്. പുതിയ ഇസ്രായേൽ എന്ന നില യിൽ യേശു പഴയ ഇസ്രായേലിന്റെ അനുഭവങ്ങൾ സ്വജീവിതത്തിൽ ആവർത്തിക്കുന്നു. അതായത്, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ ചരിത്രം പുതിയ ഇസ്രായേലായ യേശു തന്നിൽത്തന്നെ സംഗ്രഹിക്കുന്നു. ഇസ്രായേലിന്റെ ഈജിപ്ത് യാത്രയും അവരുടെ പുറപ്പാടും പുതിയ ഇസ്രാ യേലായ യേശുവിൽ ആവർത്തിക്കുന്നതായി മത്താ 2:13–15 വ്യക്തമാക്കുന്നു.

## ശിശുവധം (2,16–18)

ബേത്‌ലെഹെമിലെ രണ്ടുവയസ്സിൽ താഴെയുള്ള സകല ആൺകുട്ടിക ളെയും വധിച്ച കഥയ്ക്ക് (മത്താ 2:16–18) സമാന്തരമായ കഥ പഴയനിയമത്തി

ലുണ്ട്. ഹെബ്രായരുടെ പിറക്കുന്ന സകല ആൺകുഞ്ഞുങ്ങളെയും കൊല്ലാൻ ഫറവോ ഉത്തരവിട്ടത് പുറ 1:8–16–ൽ വിവരിക്കുന്നുണ്ട്.

ശിശുക്കളുടെ കൂട്ടക്കൊല ഒറ്റവാക്യത്തിൽ ഒതുക്കി വിവരിച്ചിരിക്കുകയാണ് (2:16). കഥയുടെ തുടക്കത്തിലും ഒടുക്കത്തിലും ജ്ഞാനികളെക്കുറിച്ച് സൂചനയുണ്ട്. ശിശുക്കലുടെ കൂട്ടക്കൊല മത്തായി വിവരിക്കുന്നില്ല. പക്ഷേ, കൊല്ലപ്പെട്ടവരുടെ സംഖ്യ (“എല്ലാ ആൺകുട്ടികളും”) വയസ്സ് (“രണ്ടും അതിൽ താഴെയും”) സ്ഥലം (“ബേത്ലെഹെമും പരിസരപ്രദേശങ്ങളും”) എന്നിവയെക്കുറിച്ച് വിശദമായി പരാമർശിക്കുന്നുണ്ട്. ക്രിസ്തുവിനുവേണ്ടി ജീവൻ നല്കിയ ആദ്യരക്തസാക്ഷികളാണ് ഈ “കുഞ്ഞിപ്പൈതങ്ങൾ”.

മത്തായി 2:18–ൽ ഉദ്ധരിക്കുന്ന ജെറമിയായുടെ പാഠം (31:15) യാക്കോബിന്റെ/ ഇസ്രായേലിന്റെ ഭാര്യയായ റാഹേൽ കുഞ്ഞുങ്ങളെ ഓർത്തു വിലപിക്കുന്നതിനെയാണ് അനുസ്മരിപ്പിക്കുന്നത്. അവരുടെ വിലാപത്തിന്റെ സ്വരം ജെറുസലേമിൽനിന്ന് 5 മൈൽ വടക്കുള്ള റാമായിൽവരെ കേൾക്കാമായിരുന്നു. റാഹേൽ മരിച്ചതും സംസ്കരിക്കപ്പെട്ടതും റാമായിലായിരുന്നു. ബി.സി. 587–ൽ ജെറുസലത്തിന്റെ പതനത്തിനുശേഷം, ബന്ധികളായ ഇസ്രായേൽക്കാരെ ബാബിലോണിലേക്കു നാടുകടത്തുന്നതിനു മുമ്പ് ഒന്നിച്ചുകൂട്ടിയതും അവിടെയായിരുന്നു (cf ജെറ 40:1). ബേത്ലെഹെമിലേക്കുള്ള വഴിമധ്യയായിരുന്നു റാഹേലിന്റെ കുഴിമാടം എന്ന് പില്ക്കാല പാരമ്പര്യം സാക്ഷ്യപ്പെടുത്തുന്നുണ്ട് (cf ഉൽപ 35:19; 48:7). റാഹേലിന്റെ കുഴിമാടത്തെക്കുറിച്ചുള്ള ഈ പാരമ്പര്യമായിരിക്കും ജെറമിയ 31:15 ഉദ്ധരിച്ചു ചേർക്കാൻ മത്തായിക്കു പ്രചോദനം നല്കിയത്.

## ഈജിപ്തിൽനിന്നുള്ള തിരിച്ചുവരവ് (2,19–23)

ഈജിപ്തിൽനിന്ന് തിരുക്കുടുംബം തിരിച്ചുവന്ന് നസ്രത്തിൽ താമസമുറപ്പിക്കുന്ന (2:19–23) ബാല്യകാലവിവരണത്തിലെ അവസാനത്തെ സംഭവത്തിന് വ്യക്തമായ രണ്ടു ഭാഗങ്ങളുണ്ട്; 2:19,21; 2:22–23 എന്നീ വാക്യങ്ങൾ.

ഈജിപ്തിൽവച്ചു ജോസഫിനു മാലാഖയിൽനിന്നു കിട്ടിയ അറിയിപ്പിനെക്കുറിച്ചുള്ള പാരമ്പര്യം 2:19–21 ൽ മത്തായി വിവരിക്കുന്നു. ഈജിപ്ത് എന്നും “ഇസ്രായേൽദേശ”മെന്നുമുള്ള സ്ഥലനാമങ്ങൾ സാമാന്യവും അവ്യക്തവുമാണ്. പുതിയനിയമത്തിൽ ഇവിടെ മാത്രമേ ഇസ്രായേൽദേശം എന്നു പ്രയോഗിച്ചു കാണുന്നുള്ളൂ (മത്താ 2:20–21). നാടുകടത്തപ്പെട്ട ഇസ്രായേൽക്കാരെ

ക്കുറിച്ചു പറയുന്നിടത്ത് എസക്കിയേൽ ഇതേ പ്രയോഗം ഉപയോഗിച്ചിട്ടുണ്ട് (cf എസ 11:17; 20:42; 37:12).

ദൈവം ഇസ്രായേലിനു നല്കിയ ദേശമാണ് ''ഇസ്രായേൽദേശം.'' ഇസ്രായേൽ ദേശത്തേക്കു തിരിച്ചുവരാനുള്ള കാരണം2:20 ൽ പറഞ്ഞിട്ടുണ്ട്. ''ശിശുവിനെ വധിക്കാൻ ശ്രമിച്ചവർ മരിച്ചുകഴിഞ്ഞു.'' ഫറവോയുടെ മരണത്തിനുശേഷം ദൈവം മോശയോടു പറഞ്ഞു: ''നീ ഈജിപ്തിലേക്കു മടങ്ങിപ്പോവുക. നിന്നെ കൊല്ലാൻ കാത്തിരുന്നവർ മരിച്ചുകഴിഞ്ഞു'' (പുറ 4:19). ഈ കഥയിൽ ഊന്നൽ നല്കിയിരിക്കുന്നത് യേശുവും ഇസ്രായേലും തമ്മിലുള്ള സമാന്തരത്വത്തിനാണ്.

നസ്രത്തിൽ സ്ഥിരവാസമുറപ്പിക്കുന്നതുവരെ ദൈവം കാണിച്ചുകൊടുത്ത വഴിയിലൂടെയായിരുന്നു ജോസപിന്റെ യാത്ര. മത്തായി ജോസഫിന്റെ ഈ സഞ്ചാരപഥം വിവരിക്കുന്നതിനു ദൈവശാസ്ത്പരമായ പല കാരണങ്ങളുണ്ട്. ''അന്ധകാരത്തിലും മരണത്തിന്റെ നിഴലിലും'' അവിടെ കഴിയുന്ന വിജാതീയർ പ്രകാശം കാണട്ടെ എന്ന് മത്തായി ഉദ്ദേശിച്ചിരിക്കും (cf മത്താ 4:15–16). ജോസഫ് നസ്രത്തിൽ സ്ഥിരവാസമാകുന്നതു ''അവൻ നസ്രായൻ എന്നു വിളിക്കപ്പെടും'' (2:23) എന്ന പ്രവചനം പൂർത്തിയാകേണ്ടിയിരുന്നതിലുമാണ്.

2:23 ൽ മത്തായി രണ്ടു കാര്യങ്ങൾ സ്ഥിരീകരിക്കുന്നുണ്ട്. (1) യേശു നസ്രായൻ എന്നു വിളിക്കപ്പെടുമെന്ന് പ്രവാചകന്മാർ പ്രവചനച്ചിരുന്നു (2) നസ്രത്ത് ജോസഫും യേശുവും താമസിക്കുന്ന സ്ഥലമാണെന്ന വസ്തുതയിലൂടെ ഈ പ്രവചനം നിറവേറിക്കഴിഞ്ഞു. നസ്രത്ത് എന്ന സ്ഥലനാമം പഴയനിയമത്തിലെങ്ങും കാണാനില്ലാത്തതുപോലെ ''അവൻ നസ്രായൻ എന്നു വിളിക്കപ്പെടും'' എന്ന പ്രവചനവും പഴയനിയമത്തിൽ ഒരിടത്തും കാണുന്നില്ല.

മത്താ 2:23, പഴയനിയമത്തിൽനിന്നു നേരിട്ടുള്ള ഉദ്ധരണിയല്ലെങ്കിലും ഏതോ പാഠവുമായി അിന് പരോക്ഷസൂചനയുണ്ടായിരിക്കണം. ന്യായാധിപന്മാർ 13:5, 7 വാക്യങ്ങളെയാണതു പരാമർശിക്കുന്നതാകാനാണു കൂടുതൽ സാധ്യത. ദൈവസേവനത്തിനായി തിരഞ്ഞെടുക്കപ്പെടുകയും അഭിഷേകം ചെയ്യപ്പെടുകയും ഇസ്രായേലിന്റെ രക്ഷകനായി പരിഗണിക്കപ്പെടുകയും ചെയ്ത സാംസൺ ജനിച്ചപ്പോൾ അദ്ദേഹത്തെ നസീറൈറ്റ് (Nazir) എന്നാണ്

വിശേഷിപ്പിച്ചത്. സാംസനെപ്പോലെ, ഇസ്രായേലിനെ രക്ഷിക്കാൻ വന്ന നസ്രായനാണ് യേശു എന്ന്, ന്യായാ 13:5, 7, വാക്യങ്ങൾ നമ്മെ അനുസ്മരിപ്പിച്ചുകൊണ്ടു യേശുവിന്റെ ബാല്യകാല വിവരണം മത്തായി 2:23-ാം വാക്യത്തിൽ അവസാനിപ്പിച്ചിരിക്കുന്നു.

# യേശുവിന്റെ ശുശ്രൂഷയുടെ ആരംഭം (3:1 – 4:25)

## സ്നാപകയോഹന്നാന്റെ പ്രഭാഷണം (3,1–12)

മത്തായിയുടെ സുവിശേഷത്തിൽ അനുതാപത്തിന്റെ പ്രഭാഷകനാണു സ്നാപകൻ. “ശക്തനായവന്റെ വരവിനു ഒരുക്കമെന്ന നിലയിൽ ദൈവത്തിലേക്കു മാനസാന്തരപ്പെടണമെന്ന് അദ്ദേഹം ജനങ്ങളോട് ആവശ്യപ്പെട്ടു. സ്നാപകന്റെ ശുശ്രൂഷയെക്കുറിച്ചുള്ള മത്തായിയുടെ വിവരണത്തിനു (3:1–12) മൂന്നു ഭാഗങ്ങളുണ്ട്: (1) യൂദയാ മരുഭൂമിയിൽ യോഹന്നാൻ പ്രത്യക്ഷപ്പെടുന്നത് (3:1–6) (2) ഫരിസേയരോടും സദുക്കായരോടും അദ്ദേഹം പ്രസംഗിക്കുന്നത് (3:7–10) (3) യേശുവിനെക്കുറിച്ച് അദ്ദേഹത്തിന്റെ പ്രഭാഷണം (3:11–12).

രക്ഷയുടെ നിർണായകമായ നവയുഗാന്തരീക്ഷത്തിൽ സ്നാപകനെ പ്രതിഷ്ഠിക്കാനാണ് മത്തായി ശ്രമിക്കുന്നത്. സമവീക്ഷണ സുവിശേഷങ്ങളിൽ യേശുവിന്റെ പ്രഖ്യാപനങ്ങളുടെ കേന്ദ്രപ്രമേയം ദൈവരാജ്യമാണ്. അതുതന്നെയാണ് സ്നാപകന്റെയും പ്രഭാഷണവിഷയം. ദൈവരാജ്യം പ്രസംഗിക്കുന്ന സ്നാപകനെ മത്തായി മാത്രമേ അവതരിപ്പിക്കുന്നുള്ളൂ. മത്തായിയുടെ സുവിശേഷത്തിൽ യോഹന്നാനും യേശുവും സമാന്തര പാത്രങ്ങളായി നിലകൊള്ളുകയാണ്.

സ്നാപകൻ അനുതപിക്കാൻ എല്ലാവരോടും ആവശ്യപ്പെടുന്നു. പഴയനിയമപ്രവാചകന്മാർക്ക് പ്രിയപ്പെട്ടതും ശക്തവുമായ വിഷയമാണ് മാനസാന്തരം. പ്രഭാഷണം മാത്രമല്ല, സ്നാപകന്റെ ജീവിതശൈലിയും പ്രവാചകർക്ക് ഇണങ്ങുന്നതായിരുന്നു. 2 രാജാ 1:8 ൽ ഏലിയായുടെ വേഷവിധാനങ്ങൾ എന്തൊക്കെയോ അതൊക്കെത്തന്നെയായിരുന്നു സ്നാപകന്റെയും ഉടയാടകൾ (3:4). മരുഭൂമിയുടെ അന്തരീക്ഷത്തിനു ചേരുന്ന വെട്ടുക്കിളി, കാട്ടുതേൻ തുടങ്ങിയവയാണ് അദ്ദേഹം ഭക്ഷിച്ചിരുന്നത്. പരമസാത്വികനും മഹർഷിതുല്യനുമായ പ്രവാചകനായിട്ടാണ് സ്നാപകനെ മത്തായി അവതരിപ്പിക്കുന്നത് (മത്താ 11:18).

മത്തായിയുടെ സുവിശേഷത്തിൽ സ്നാപകൻ പ്രധാനമായും മാനസാന്തരത്തിന്റെ പ്രവാചകനാണ്; ആന്തരികജീവിതത്തിൽ അടിസ്ഥാനപരമായ മാറ്റമുണ്ടാകണം – ഇതാണ് സ്നാപകന്റെ അനുതാപ/മാനസാന്തര പ്രസംഗത്തിന്റെ ലക്ഷ്യം. പാപകരമായ ഭൂതകാലത്തിൽനിന്നുള്ള ഒരു പിന്മാറ്റം ദൈവത്തിങ്കലേക്കുള്ള ആത്മാർത്ഥമായ ഒരു മനസ്സുതിരിവ്; ഹൃദയത്തിന്റെയും ആത്മാവിന്റെയും രൂപാന്തരം. ദൈവികവെളിപാടിനു (ദൈവരാജ്യം) അനുസൃതമായി ഉണ്ടാവുന്ന അത്തരം ഒരു പരിവർത്തനം വ്യക്തിജീവിതത്തിന്റെ ബാഹ്യതലങ്ങളിലും പ്രകടമാവും; "മാനസാന്തരത്തിനു യോജിച്ച സദ്ഫലങ്ങൾ" പുറപ്പെടുവിക്കുകയും ചെയ്യും (3:8).

ജനങ്ങളുടെ മതനേതാക്കളായ ഫരിസേയരെയും സദുക്കായെരെയും അഭിസംബോധനചെയ്തുകൊണ്ടായിരുന്നു യോഹന്നാന്റെ 'മാനസാന്തര പ്രഭാഷം' (3:7–10). മത്തായി സുവിശേഷം എഴുതുന്ന കാലമായപ്പോഴേക്കും ഫരിസേയ യഹൂദമതം സഭയുടെ ബന്ധശത്രുവായിക്കഴിഞ്ഞിരുന്നതുകൊണ്ടാണ് മത്തായിയുടെ സ്നാപകൻ യഹൂദമതാധികാരികളെ നിർദാക്ഷിണ്യം കടന്നാക്രമിക്കുന്നത്.

യഥാർത്ഥ മാനസാന്തരം കൂടാതെയും ആത്മാർത്ഥമായ മാനസാന്തരത്തിന്റെ സദ്ഫലങ്ങൾ പുറപ്പെടുവിക്കാതെയും ജ്ഞാനസ്നാനംപോലുള്ള ശുദ്ധികർമ്മങ്ങളിൽ മുഴുകരുതെന്ന് അദ്ദേഹം അവർക്കു മുന്നറിയിപ്പു നല്കുന്നു. അനുതപിക്കാനുള്ള ആഹ്വാനം മാത്രമായിരുന്നില്ല യോഹന്നാന്റെ പ്രസംഗം. ദൈവവിധി ആസന്നമായിരിക്കുന്നതിനാൽ അടിയന്തിരമായി വേണ്ടത് മാനസാന്തരമാണെന്ന് ഊന്നിപ്പറയുകയാണ് അദ്ദേഹം ചെയ്തത്. വൃക്ഷങ്ങളുടെ വേരിന് കോടാലിവെച്ചുകഴിഞ്ഞു എന്നും നല്ല ഫലങ്ങൾ കായ്ക്കാത്ത ഇസ്രായേൽവൃക്ഷം, വെട്ടി തീയിൽ എറിയുമെന്നും (3:10) അദ്ദേഹം അവരെ ഓർമ്മിപ്പിച്ചു.

അവസാനവിധിയെക്കുറിച്ചുള്ള ഒരു മുന്നറിയിപ്പോടുകൂടിയാണ് യേശുവിനെപ്പറ്റിയുള്ള തന്റെ പ്രഭാഷണം സ്നാപകൻ ഉപസംഹരിക്കുന്നത്. നല്ലയാളുകളെയും ദുഷ്ടന്മാരെയും അന്തിമമായി വേർതിരിക്കുന്നതിനെക്കുറിച്ച് മത്തായിയുടെ സുവിശേഷത്തിൽ ഒട്ടനവധി സൂചനകളുണ്ട് (cf മത്താ 13:36–43; 47–50; 25:31–46). കൊയ്ത്തുകാലത്ത് കർഷകൻ ഗോതമ്പും പതിരും വേർതിരിക്കുന്നതുപോലെയായിരിക്കും ഈ വിഭജനമെന്ന് 3:12–ൽ മത്തായി രേഖപ്പെടുത്തിയിരിക്കുന്നു.

## യേശുവിന്റെ ജ്ഞാനസ്നാനം (3,13–17)

യോഹന്നാനിൽനിന്നും സ്നാനം സ്വീകരിക്കാനാണ് യേശു ഗലീലിയിൽനിന്ന് യോർദാനിലേക്കു വന്നത്. യോഹന്നാന്റെ കൈകളിലൂടെ അവിടന്നു സ്നാനം സ്വീകരിക്കുകയും ചെയ്തു. യോഹന്നാനിൽനിന്നും യേശു സ്വീകരിച്ച സ്നാനത്തെ ചൊല്ലിയുള്ള പ്രശ്നത്തിന്മേൽ പരിപക്വമായ ഒരു ദൈവശാസ്ത്ര വിചിന്തനം ഇവിടെ നടത്തുന്നു.

3:14–15 സ്നാപകനും യേശുവും തമ്മിലുള്ള സംഭാഷണമാണ്. തന്നെക്കാൾ "ശക്തനും" "വരാനിരിക്കുന്നവൻ ആരോ അവനു"മാണ് യേശു. താൻ യേശുവിനെയല്ല, യേശുതന്നെയാണ് സ്നാനം ചെയ്യിക്കേണ്ടതെന്ന് വിനയപൂർവം അദ്ദേഹം ഏറ്റുപറഞ്ഞു. യേശു ആരാണെന്നു തിരിച്ചറിഞ്ഞ യോഹന്നാൻ, പാപികൾക്കു നല്കപ്പെടുന്ന സ്നാനം യേശു സ്വീകരിക്കാതിരിക്കാൻ പലവട്ടം ശ്രമിക്കുന്നു (diekoluen). സ്നാപകന്റെ തടസ്സവാദങ്ങൾ തള്ളിക്കളഞ്ഞുകൊണ്ട് യേശു സുവിശേഷത്തിൽ ഇദംപ്രഥമമായി സംസാരിക്കുകയാണ്: അവിടുന്നു പറഞ്ഞു: "ഇപ്പോൾ നീ ഇതു സമ്മതിക്കുക. അങ്ങനെ സർവനീതിയും പർത്തിയാക്കുക നമുക്ക് ഉചിതമാണ്" (3:15) "ഇപ്പോൾ" എന്നതു സമയപരിധിയെത്തന്നെയാണു സൂചിപ്പിക്കുന്നത്; പിന്നീട് ഇതിനു മാറ്റമുണ്ടാകാം എന്നുതന്നെയാണു സൂചന. "പിന്നീട്" എന്നാൽ യേശുവിന്റെ മരണവും ഉത്ഥാനവും കഴിഞ്ഞ്.

"സർവ നീതിയുടെയും പൂർത്തീകരണ"മെന്നാൽ എന്താണർത്ഥം? മത്തായിയുടെ സുവിശേഷത്തിന്റെ പ്രമേയം സൂചിപ്പിക്കുന്ന പദമാണ് "നീതി" (dikaiosyne) ദൈവപ്രമാണങ്ങൾക്കനുസൃതമായ ധാർമ്മിക നൈതികവൃത്തി എന്നു വേണമെങ്കിൽ നീതിയെ വ്യാഖ്യാനിക്കാം (cf മത്താ 5:10–20; 6:1). "സർവനീതിയുടെയും പൂർത്തീകരണ"മെന്നാൽ ദൈവത്തിന്റെ പദ്ധതിയും രക്ഷാകരമായ ദൈവതിരുമനസ്സും സ്വീകരിക്കുക എന്നാണ്..

പാപരഹിതനാണെങ്കിലും അനുതാപികളുടെ സ്നാനം സ്വീകരിക്കുകവഴി യേശു അനുതാപം ആവശ്യമുള്ളവരുമായി ഒന്നായിത്തീരുകയും മനുഷ്യർ പാപികളാണെന്ന നിത്യ യാഥാർത്ഥ്യത്തിലേക്കു ഇറങ്ങിവരികയും ചെയ്യുന്നു.

യേശുവിന്റെ ജ്ഞാനസ്നാനരംഗം പര്യവസാനിച്ചത് ഒരു ദൈവികദർശനത്തോടെയായിരുന്നു. 3:16–17 ൽ വിവരിക്കുന്ന പ്രകൃത്യാതീത പ്രതിഭാസത്തിനും പഴയനിയമ പശ്ചാത്തലം കാണാൻ കഴിയും. "സ്വർഗം തുറക്കപ്പെട്ടു" എന്ന പ്രയോഗം എസെക്കി 1:1 നെയോ ഏശയ്യ 64:1 നെയോ ആവാം സൂചിപ്പി

ക്കുന്നത്. ദൈവം മനുഷ്യന്റെ ലോകത്തിലേക്കു യേശുവിലും യേശുവിലൂടെയും ഇറങ്ങിവരുന്നതും ഇതുകൊണ്ട് അർത്ഥമാക്കാൻ കഴിയും.

യേശുവിനെ ദൈവപുത്രനായി പ്രഖ്യാപിക്കുന്ന സ്വർഗീയസ്വരം മുഴങ്ങിക്കേട്ടതിനെത്തുടർന്ന് ആ ദിവ്യദർശനം അവസാനിച്ചു (3:17). ഈ വാക്യം, പ്രത്യേകിച്ചും 'ഇവൻ എന്റെ പ്രിയപുത്രൻ' ഏശ 42:1 നെയാണു സൂച്പ്പിക്കുന്നത്. ഉൽപ 2:22; സങ്കീ 2:7 വാക്യങ്ങളിലേക്കുമുണ്ട് പരാമർശനം.

## യേശുവിന്റെ പ്രലോഭനം (മത്താ 4,1-11)

ജ്ഞാനസ്നാനരംഗം വിവരിച്ച ഉടൻതന്നെ മത്തായിയും മർക്കോസും യേശുവിന്റെ പ്രലോഭനം ചിത്രീകരിക്കുന്നു. ബാല്യകാല വിവരണത്തിൽ എന്നതുപോലെ പ്രലോഭന കഥയിലും ഇസ്രായേലും യേശുവും തമ്മിലുള്ള സമാന്തരത്വം പ്രകടമാക്കുകയാണ് മത്തായിയുടെ ലക്ഷ്യമെങ്കിലും അദ്ദേഹം മോശയെയും യേശുവിനെയും സാമ്യപ്പെടുത്തുകയാണു ചെയ്യുന്നത്.

സ്നാനവേളയിൽ ദൈവഹിതത്തിന് സ്വയം സമർപ്പിച്ചയാളാണ് യേശു (cf മത്താ 3;15). എന്നാൽ യേശുവിന്റെ ഈ ആത്മസമർപ്പണവും പിതൃഹിതം നിറവേറ്റാനുള്ള വ്യഗ്രതയും മരുഭൂമിയിൽ പരീക്ഷിക്കപ്പെടുന്നു. പഴയ ഇസ്രായേൽ മരുഭൂമിയിൽ അനുഭവിച്ചവയെല്ലാം പുതിയ ഇസ്രായേലും ദൈവപുത്രനുമായ യേശു അനുഭവിക്കും; എന്നാൽ പഴ ഇസ്രായേലിൽനിന്നു വ്യത്യസ്തമായി ഉടമ്പടിയുടെ ദൈവത്തോടു വിശ്വാസവഞ്ചന കാട്ടാനുള്ള എല്ലാ പ്രലോഭനങ്ങളെയും പുതിയ ഇസ്രായേൽ അതിജീവിക്കും.

"നാല്പതു ദിനരാത്രങ്ങൾ ഉപവസിച്ചപ്പോൾ യേശുവിനു വിശന്നു" (മത്താ 4:2). പ്രലോഭകൻ യേശുവിനെ സമീപിച്ച് കല്ലുകളെ അപ്പമാക്കി ഭക്ഷിച്ച് തന്റെ ദൈവപുത്രത്വം പ്രകടമാക്കാൻ ആവശ്യപ്പെട്ടു (4:3). കല്ലുകളെ അപ്പമാക്കാനുള്ള പ്രലോഭനം പിതൃഹിതത്തിനെതിരായും, സ്വാർത്ഥലക്ഷ്യം മുൻനിറുത്തിയും അത്ഭുതം പ്രവർത്തിക്കാനുള്ള പ്രലോഭനമായി മാറും. "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ നാവിൽനിന്നു പുറപ്പെടുന്ന ഓരോ വാക്കുകൊണ്ടുമാണ് ജീവിക്കുന്നത്" എന്ന നിയ 8:3 വാക്യം ഉദ്ധരിച്ചുകൊണ്ട് യേശു അവനെ നേരിടുകയാണു ചെയ്തത്. ഈ മറുപടിയിൽ ദൈവപരിപാലനയിൽ തനിക്കുള്ള ഉറച്ച ശരണം വ്യക്തമാക്കുന്നു.

ദേവാലയ ഗോപുരാഗ്രത്തിൽനിന്നു താഴേകുചാടി തന്റെ ദൈവപുത്രത്വവും ദൈവ പരിപാലിയനലുള്ള ശരണവും തെളിയിക്കുക എന്നതായിരുന്നു

രണ്ടാമത്തെ പ്രലോഭനത്തിലൂടെ (4:5–6) പിശാചുയർത്തിയ വെല്ലുവിളി. കുരിശിൽനിന്ന് താഴെയിറങ്ങി താൻ ദൈവപുത്രനാണെന്ന് കാണിച്ചുകൊടുക്കാനുള്ള വെല്ലുവിളിയായിരുന്നല്ലൊ യേശുവിന് അന്ത്യനിമിഷത്തിൽ ലഭിച്ചത്: "നീ ദൈവപുത്രനാണെങ്കിൽ കുരിശിൽനിന്നു താഴെയിറങ്ങി വരിക" (മത്താ 27:40). ദൈവികപദ്ധതിയിൽ തനിക്കു നീക്കിവെച്ചിട്ടുള്ള സഹന ഭാഗധേയം പിതൃഹിതത്തോടുള്ള പരിപൂർണമായ അനുസരണയിൽ ഏറ്റുവാങ്ങുകയാണ് അവിടന്ന് ചെയ്തത്.

ഉയരമേറിയ ഒരു മലയുടെ മുകളിൽവച്ചായിരുന്നു മൂന്നാമത്തെ പ്രലോഭനം (4:8–9). ദൈവത്തിന്റേതായതെല്ലാം, സമസ്ത ലോകത്തിന്റെയും ഉടമസ്ഥതയും കർതൃത്വവുമുൾപ്പെടെ സകലതും തന്റേതാണെന്നു ഭാവിക്കുന്ന പിശാച് ഇവിടെ ദൈവം ചമയുകയും യേശുവിനെ വിഗ്രഹാരാധന, രാഷ്ട്രീയ മിശിഹാത്വം എന്നിവയിൽ പ്രലോഭിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഉടമ്പടിയുടെ ദൈവത്തോട് വിശ്വസ്തത കാട്ടുന്നതിൽ ഇസ്രായേൽ പരാജയപ്പെടുകയും അവർ വിഗ്രഹാരാധനയിൽ മുഴുകുകയും ചെയ്തെങ്കിൽ (cf പുറ 32) പുതിയ ഇസ്രായേലായ യേശു വിഗ്രഹാരാധനയ്ക്കുള്ള പ്രലോഭനത്തെ അതീജിവിക്കുന്നു.

യേശുവിന്റെ പ്രലോഭനങ്ങളെക്കുറിച്ചുള്ള ഈ വിവരണത്തിലൂടെ തഴെപ്പറയുന്ന കാര്യങ്ങൾക്കു ഊന്നൽ നല്കാനാണ് സുവിശേഷകൻ ആഗ്രഹിക്കുന്നത്.

1) ശുശ്രൂഷയുടെ തുടക്കത്തിൽത്തന്നെ യേശു പ്രലോഭനത്തിനു വിധേയനായി (ഹെബ്രാ 2:18; 4:15). 2) പഴയ ഇസ്രായേൽ പ്രലോഭനങ്ങൾക്ക് അടിപ്പെട്ടെങ്കിൽ പുതിയ ഇസ്രായേലായ യേശു അവയെ അതിജീവിച്ചു. 3) പുതൃഹിതത്തിന്, പ്രത്യേകിച്ചും പഴയനിയമത്തിൽ പ്രകടമാവുന്ന ദൈവതിരുമനസ്സിനു വിധേയനായി യേശു നിലകൊള്ളുന്നു. 4) ദൈവഹിതത്തിനു പൂർണമായി കീഴ്പ്പെടുന്ന യേശ എക്കാലത്തെയും ക്രിസ്തീയ സമൂഹങ്ങൾക്ക് മാതൃകയാണ്.

## ഗലീലിയിലെ ശുശ്രൂഷയുടെ ആരംഭം (4:12–17)

യേശു ഗലീലിയിൽ വന്നതിനെയും (4:12) ഉദ്ഘാടനപ്രസംഗം നടത്തിയതിനെയും (4:17) കുറിച്ചുള്ള വിവരണങ്ങൾക്കിടയിൽ മത്തായി കഫർണാമിനെ പരാമർശിക്കുകയും (4:13) ഒരു ഫോർമുലാ ഉദ്ധരണി ഉൾപ്പെടുത്തുകയും ചെയ്യുന്നു (മത്താ 4:14–16).

യോഹന്നാൻ അറസ്റ്റുചെയ്യപ്പെട്ട വിവരം കേൾക്കുമ്പോഴാണ് യേശു ഗലീലിയിലേക്കു പോകുന്നത്; മത്തായിയുടെ സുവിശേഷത്തിൽ (4:12). ശുശ്രൂഷാദൗത്യം ആരംഭിക്കാൻ സമയമായി എന്നതിന്റെ ദൈവികമായ അടയാളമായിരുന്നു യോഹന്നാന്റെ ബന്ധനം. പ്രസ്തുത അടയാളം മനസ്സിലാക്കി തന്റെ ദൗത്യം ഏറ്റെടുക്കാനാണ് അവിടന്ന് ധൈര്യപൂർവം ഗലീലിയിലേക്കു പോകുന്നത്.

4:12–13 ലെ സ്ഥലമാനങ്ങളും 4:15 ലെ സ്ഥലനാമങ്ങളും തമ്മിലുള്ള സാദൃശ്യം സാമന്തര വൈചിത്യത്തോടെയാണ് ഒരുക്കിവച്ചിട്ടുള്ളത്.

| | | |
|---|---|---|
| 4:12 | A | അവിടന്നു ഗലീലിയിലേക്കു പോയി. |
| 4:13 | B | സമുദ്രതീരത്തുള്ള കഫർണാമിൽ പാർത്തു. |
| | C | സെബുലൂൺ, നഫ്ത്താലി എന്നീ പ്രദേശങ്ങളിൽ |
| 4:15 | C | സെബുലൂണിന്റെ ദേശവും നഫ്ത്താലിയുടെ ദേശവും |
| | B | യോർദാന്റെ മറുകരെ, സമുദ്രത്തിലേക്കുള്ള വഴിയിൽ. |
| | A | വിജാതീയരുടെ ഗലീലി |

യേശു ഗലീലിയിലേക്കു പോയതും കഫർണാമിൽ താമസം തുടങ്ങിയതും ഏശയ്യായുടെ പ്രവചനം നിറവേറ്റാനായിരുന്നുവെന്നു 4:12–13, 4:15 എന്നീ വാക്യങ്ങൾ തമ്മിലുള്ള സാദൃശ്യം വ്യക്തമാക്കുന്നു. യേശുവിന്റെ ഗലീലി ശുശ്രൂഷയോടെ പേഗനിസത്തിന്റെ വലയത്തിലും അന്ധകാരത്തിലും കഴിഞ്ഞിരുന്ന ദേശത്ത് മിശിഹായുടെ മഹാപ്രകാശം കതിർചൊരിയാൻ തുടങ്ങി എന്ന് ഊന്നിപ്പറയാൻ ആ വാക്യം അദ്ദേഹം പൂർണമായും ഉദ്ധരിക്കുന്നു (4:15–16).

## ആദ്യശിഷ്യന്മാരെ വിളിക്കുന്നു (4:18–22)

സംക്ഷേപ രൂപത്തിലുള്ള രണ്ടു പ്രസ്താവനകൾക്കിടയിലാണ് (4:17; 4:23–25) ശിഷ്യന്മാരെ വിളിക്കുന്ന കഥ മത്തായി നിബന്ധിച്ചിരിക്കുന്നത്. രണ്ടു ജോടി സഹോദരങ്ങളെയാണ് യേശു ആദ്യം വിളിച്ചത്: ശിമയോനും അന്ത്രയോസും; യാക്കോബും യോഹന്നാനുമാണവർ. ശിഷ്യത്വത്തിലേക്കുള്ള ക്ഷണത്തിന്റെ രണ്ടു ചിത്രീകരണങ്ങൾ (4:18–20. 21–22) മത്താ 4:18–22 ൽ കാണാനുണ്ട്. വ്യവസ്ഥാപിതവും സമ്പ്രദായകവുമാണ് രണ്ടും.

മത്താ 4:18–22–ൽ വിവരിക്കുന്ന ഈ ദൈവവിളിക്കഥയിലെ മുഖ്യാംശങ്ങൾ രണ്ടായി ഒതുക്കാൻ കഴിയും: യേശു തന്റെ ശിഷ്യരാകാൻ കുറേപ്പേരെ വിളിക്കുന്നു: വിളികേട്ടവർ അതിനോടു ക്രിയാത്മകമായി പ്രതികരിക്കുന്നു.

വിളിക്കാൻ മുൻകൈയെടുക്കുന്നതു യേശുവാണ്. അവിടന്നു ഗലീലി തീരം വഴി നടക്കുന്നു (4:18). അവിടന്ന് മുന്നോട്ടു നീങ്ങുന്നു (4:21); അവർ ജോലി യിൽ വ്യാപൃതരായിരിക്കുന്നത് അവിടന്നു കാണുന്നു (4:18c; 21c). തന്നെ അനുഗമിക്കാൻ അവിടന്നു അവരെ വിളിക്കുന്നു (4:19, 21d). അവരെ തന്റെ സഹയാത്രികരാക്കുകയും ചെയ്തു. ശിഷ്യത്വം നിശ്ചലമോ സ്വസ്ഥമോ അല്ല സജീവവും ചൈതന്യവത്തുമാണെന്നാണ്. യേശുവുമൊത്തുള്ള ചലനം, ഗമ നം ആണ് യേശുശിഷ്യന്മാരിൽ ഉണ്ടാവേണ്ടത് എന്നാണ്.

യേശുവിന്റെ ക്ഷണത്തിനു മറുപടിയായി എന്തെല്ലാമാണ് അവർ ഉപേ ക്ഷിച്ചത്? അവർക്കുണ്ടായിരുന്നതു മുഴുവൻ. ജോലി, ഉപജീവനമാർഗം, ഭാവി സുരക്ഷിതത്വം, വലയും വഞ്ചിയും – അവരുടെ മുഴുവൻ സമ്പാദ്യവും (cf മത്താ 19:27). യാക്കോബും യോഹന്നാനും ഉപേക്ഷിച്ച വസ്തുക്കളുടെ കൂടെ അവരുടെ പിതാവും ഉൾപ്പെടുന്നു. പിതാവിനെ ഉപേക്ഷിക്കുക എന്നാൽ കുടുംബം, കുടുംബപാരമ്പര്യം, ഭൂതകാലവുമായി അവരെ ബന്ധിക്കുന്ന കണ്ണിമുഴുവൻ ഉപേക്ഷിക്കുക എന്നാണർത്ഥം.

യേശു ശിഷ്യന്മാരെ വിളിക്കുന്ന ഈ സംഭവം ശിഷ്യത്വത്തിന്റെ ആരംഭം അവതരിപ്പിക്കുക മാത്രമല്ല, യേശുവിന്റെ അനുയായി സമൂഹത്തിന്റെ ജനനം വെളിപ്പെടുത്തുകയും ചെയ്യുന്നു. 4:18–22 ൽ യേശു രണ്ടു ജോടി സഹോദര ന്മാരെയാണു വിളിച്ചത്. രണ്ടുപേരെ വീതമുള്ള വിളി, അനുയായികളെ 'സമൂ ഹ'മായിട്ടാണ് യേശു വിളിച്ചത് എന്നു വ്യക്തമാക്കുന്നു. അങ്ങനെ ശിഷ്യത്വ ത്തിന് സഭാത്മകമായ, "പൗരോഹിത്യ"പരമായ, സ്വഭാവം കൈവരിക്കുകയും ചെയ്തു.

## യേശുവിന്റെ ശുശ്രൂഷയുടെ സംഗ്രഹം (4,23–25)

യേശുവിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഒരു സംക്ഷിപ്ത വിവരണമാ ണ്, മത്താ 4:23–25. പഠിപ്പിക്കുക, പ്രസംഗിക്കുക, സുഖപ്പെടുത്തുക എന്നി ങ്ങനെ യേശുവിന്റെ പ്രവർത്തനങ്ങളുടെ ത്രിമുഖരൂപങ്ങൾ പരാമർശിച്ചു കൊണ്ട് അവിടത്തെ ഗലീലിയൻ ശുശ്രൂഷയുടെ യഥാർത്ഥമായ ഒരു വിശാല ദൃശ്യം മത്തായി അവതരിപ്പിക്കുന്നു.

മത്താ 4;23–25 ന്റെ ലക്ഷ്യം ഗിരിപ്രഭാഷണത്തിന് കളമൊരുക്കുകയായി രുന്നു. സഞ്ചരിച്ചുകൊണ്ടു പഠിപ്പിക്കുകയും പ്രസംഗിക്കുകയും സുഖപ്പെടു ത്തുകയും ചെയ്യുന്ന ഒരാളായിട്ടാണ് 4:23–25 ലെ സംക്ഷിപ്തവിവരണം യേശുവിനെ അവതരിപ്പിക്കുന്നത്.

ഗലീലിയിൽ യേശു പഠിപ്പിക്കുന്നുണ്ടെങ്കിലും എന്തിനെക്കുറിച്ചാണ് പഠനം എന്ന് മത്തായി വിശദീകരിക്കുന്നില്ല. എങ്കിലും പ്രസംഗം, സുഖപ്പെടു ത്തൽ എന്നിവയെക്കുറിച്ചു പറയുന്നതിനു മുമ്പുതന്നെ മത്തായി യേശുവിന്റെ അധ്യാപനമാണ് ഊന്നൽകൊടുത്ത് അവതരിപ്പിക്കുന്നത്. പ്രസംഗകനായ യേശുവിനുമുമ്പ് 'ഗുരു'വായ യേശുവിനെ 4:23 ൽ മത്തായി അവതരിപ്പിക്കു ന്നത്.

യേശുവിന്റെ 2–ാമത്തെ പ്രവർത്തനം, പ്രസംഗമാണ്. ദൈവം ചെയ്തി ട്ടുള്ള കാര്യങ്ങൾ, അവിടത്തെ രക്ഷാകരവൃത്തികൾ, രക്ഷാപദ്ധതികൾ തുട ങ്ങിയവയെക്കുറിച്ചുള്ളതാണ് പ്രസംഗം അല്ലെങ്കിൽ പ്രഖ്യാപനം. മത്തായി പ്രസംഗവിഷയം വ്യക്തമാക്കുകയും സുവിശേഷത്തെ 'ദൈവരാജ്യത്തിന്റെ സുവിശേഷം' 'സദ്വാർത്ത' എന്നൊക്കെ വിശേഷിപ്പിക്കുകയും ചെയ്യുന്നു. യേശുവാണ് സദ്വാർത്തയുടെ വാഹകനും സദ്വാർത്തയും.

യേശു രോഗികളെ സുഖപ്പെടുത്തിയതാണ് സംക്ഷിപ്ത പ്രസ്താവന യിലെ മൂന്നാമത്തെ കാര്യം. ജനങ്ങളുടെ എല്ലാ രോഗങ്ങളും അസ്വാസ്ഥ്യ ങ്ങളും അവിടന്ന് സുഖപ്പെടുത്തിയിരുന്നു. യേശുവിന്റെ ശുശ്രൂഷയെക്കുറിച്ചു പൊതുവായി നാം കാണുന്ന വിവരണത്തിൽ അവിടത്തെ സൗഖ്യദായകമായ ശുശ്രൂഷകൂടി ഉൾപ്പെടുത്തിയേ മതിയാവൂ.

രോഗശാന്തി തുടങ്ങിയ പ്രവർത്തനങ്ങളുടെ ഫലമായി യേശുവിന്റെ ഖ്യാതി റോമൻ പ്രവിശ്യയായ സിറിയാ മുഴുവനിലും വ്യാപിച്ചു. സിറിയായെ ക്കുറിച്ച് മറ്റൊരു സുവിശേഷകനും പരാമർശിക്കുന്നില്ല. സിറിയായിലെ ക്രൈസ്തവസമൂഹത്തിലിരുന്ന് അവർക്കുവേണ്ടി എഴുതിയതുകൊണ്ടാവാം മത്തായി സിറിയയെ പരാമർശിക്കുന്നത്. വടക്കുപടിഞ്ഞാറ് ഗലീലി യിൽനിന്നും വടക്കുകിഴക്കും ദക്കാപ്പോളീസിൽനിന്നും (ദക്ഷിണ സിറിയ യിലെ പത്തു ഹെലസ്റ്റിനിക് നഗരങ്ങളെ ഉൾക്കൊള്ളുന്ന സ്ഥലം). തെക്കുപടി ഞ്ഞാറ് ജെറുസലെം, യൂദയാ എന്നിവിടങ്ങളിൽനിന്നും, തെക്കുകിഴക്കു യോർദാനുമപ്പുറത്തുള്ള സ്ഥലങ്ങളിൽനിന്നുമുള്ളവരാണ് യേശുവിന്റെ പിന്നാലെ ചെന്നത്.

# ഗിരിപ്രഭാഷണം

## (5:1–7:29)

മത്തായിയുടെ സുവിശേഷത്തിൽ യേശുവിന്റെ ആദ്യത്തെ പ്രൗഢഗംഭീരമായ പ്രസംഗമാണ് ഗിരിപ്രഭാഷണം. മലമുകളിലിരുന്നു പ്രസംഗിച്ചതുകൊണ്ട് (cf മത്താ 5:1; 7:28–8:1) ഇതിന് ഗിരിപ്രഭാഷണം, മലയിലെ പ്രസംഗം എന്നൊക്കെ പേരുണ്ടായി.

ശിഷ്യന്മാർ അവരുടെ ജീവിതത്തിലും പെരുമാറ്റത്തിലും ഉടനീളം പാലിക്കുന്നതിന് യേശു നല്കിയ നിർദേശങ്ങൾ ക്രോഡീകരിച്ചിരിക്കുകയാണിവിടെ മത്തായി. ശിഷ്യന്മാരുടെ, ജീവിതശൈലിയിൽ കാര്യമായ മാറ്റം വരണം; മറ്റുള്ളവരോടുള്ള പെരുമാറ്റങ്ങളിൽ പുതിയൊരു സമീപനം ഉണ്ടാവണം; ദൈവവുമായും ഭൗതികസമ്പത്തുമായുള്ള ബന്ധങ്ങളിലും വേണം പുതിയൊരു പരിണാമം. ഈ കാഴ്ചപ്പാടിലാണ് ബൈബിൾ പണ്ഡിതന്മാർ ഗിരിപ്രഭാഷണത്തെ വിലയിരുത്തുന്നത്. ക്രൈസ്തവധർമ്മസംഹിതയായും പുതിയ നിയമമായും യേശുവിന്റെ 'തോറാ' ആയും സ്വശിഷ്യന്മാർക്കു അവിടന്നു പ്രദാനം ചെയ്ത പുതിയ കർമ്മപരിപാടിയായും ശിഷ്യത്വത്തിന്റെ 'മാഗ്നാകാർട്ടാ' ആയും മലയിലെ പ്രസംഗം കരുതപ്പെടുന്നത് അതുകൊണ്ടാണ്.

### മലയിലെ പ്രസംഗം : ഘടന

5:1–2 വിവരണാത്മകമായ രൂപരേഖ; ആൾക്കൂട്ടത്തെക്കുറിച്ചുള്ള പരാമർശനം; യേശു മലയിലേക്കു കയറുന്നു.
3–16 ആമുഖം
3–12 സുവിശേഷഭാഗ്യങ്ങൾ
13–16 ശിഷ്യരുടെ ദൗത്യം
17–20 കർമ്മപരിപാടികളെക്കുറിച്ചുള്ള പ്രഖ്യാപനങ്ങൾ
17–19 യേശുവിന്റെ ദൗത്യം. സ്ഥിരമായ സാധൂകരണം നല്കിക്കൊണ്ടവിടന്ന് നിയമം നിറവേറ്റുകയും പൂർണമാക്കുകയും ചെയ്യുന്നു.
20 കർമ്മപരിപാടികളെക്കുറിച്ചുള്ള പ്രഖ്യാപനം. നിയമം അനുസരിക്കുകയും ഉന്നതമായ നീതിബോധം പ്രകടിപ്പിക്കുകയും ചെയ്യുക എന്നത് ക്രിസ്തുശിഷ്യന്മാരുടെ ജീവിതശൈലിയാകണം.
21–48 വൈപരീത്യം. മനുഷ്യബന്ധങ്ങളെ നിയന്ത്രിക്കുന്ന നിയമങ്ങളെ യേശു കർശനമാക്കുകയും പുരോഗമനാത്മകമായി പരിഷ്കരിക്കുകയും ചെയ്യുന്നു. ഈ പുതിയ സ്നേഹപ്രമാണം ശിഷ്യന്മാർ അനുസരിച്ചേ മതിയാവൂ.

6:1–18 ഭക്ത്യനുഷ്ഠാനം. മാനുഷിക–ദൈവിക ബന്ധങ്ങൾ. കപടഭക്തന്മാർ ചെയ്യുന്നതും, യേശുശിഷ്യന്മാർ ചെയ്യേണ്ടതും തമ്മിലുള്ള വ്യത്യാസം.
6,19–7:12 ഭൗതിക വസ്തുക്കളോടുള്ള മനോഭാവം; പരസ്പരമുള്ള പെരുമാറ്റം.
7:13–27 ഉപസംഹാരം
13–23 5:20 ലെ ആവശ്യത്തിന്റെ ഗൗരവം മുൻനിറുത്തി മൂന്നു മുന്നറിയിപ്പുകൾ.
24:27 രണ്ടു ഭവനങ്ങളുടെ ഉപമ; പുതിയനിയമം പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിന്റെ പ്രാധാന്യം.
28–8:1 വിവരണത്തിന്റെ രൂപപേഖ; ആൾക്കൂട്ടത്തെക്കുറിച്ചുള്ള സൂചന. യേശു മലയിൽനിന്നു താഴെ ഇറങ്ങുന്നു.

## സുവിശേഷഭാഗ്യങ്ങൾ (5:1–12)

ചില വ്യക്തികൾക്കു കരഗതമാവുന്ന സൗഭാഗ്യാവസ്ഥയെക്കുറിച്ചുള്ള പ്രഖ്യാപനമാണ് 'സുവിശേഷഭാഗ്യങ്ങൾ'. പഴയനിയമത്തിൽ, പ്രത്യേകിച്ച് സങ്കീർത്തനങ്ങളിലും 'വിജ്ഞാനസാഹിത്യത്തിലും' ധാരാളം "സൗഭാഗ്യങ്ങ" ളുണ്ട് (cf സങ്കീ 1:1; 32:1–2; 33; 12; 40:4; 41,1; സുഭ 3:13; 16:20; 28:14; സീറാ 14:1–2; 25:8–9; 34:15; 50:28. etc.) പഴയനിയമത്തിൽ പറയപ്പെടുന്ന ഭാഗ്യം, ക്ഷേമം, മാന്യത, സന്താനങ്ങൾ, ജ്ഞാനം, ഭക്തി തുടങ്ങിയ ഭൗതികസൗകര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

എന്നാൽ, പുതിയനിയമത്തിലെ ഭാഗ്യങ്ങൾക്ക് ഭൗതിക വസ്തുക്കളോടോ നേട്ടങ്ങളോടോ യാതൊരു ബന്ധവുമില്ല. യേശുവിന്റെ ദൈവരാജ്യപ്രഖ്യാപനത്തോടും യേശു എന്ന വ്യക്തിയിലും അവിടത്തെ ശുശ്രൂഷയിലും ഉദ്ഘാടനം ചെയ്യപ്പെട്ട് കാലത്തിന്റെ അറുതിയിൽ സമ്പൂർണമാകുമെന്നു പ്രതീക്ഷിക്കപ്പെടുന്ന ദൈവത്തിന്റെ സുനിശ്ചിത രക്ഷയോടുമാണ് അവയ്ക്കു ബന്ധം.

ഒൻപത് ഭാഗ്യങ്ങളാണ് മത്തായി 5:3–12 ലുള്ളത്. എന്നാൽ, ശാന്തശീലർക്കുള്ള ഭാഗ്യം (5:5) പിന്നീട് കൂട്ടിച്ചേർത്തതാകാനാണു സാധ്യത. നാലുഭാഗ്യങ്ങൾ വീതമുള്ള രണ്ടു ഗണമായിട്ടാണ് (5:3–6; 7–10) അവതരണം; മർദിതരെ ലക്ഷ്യമാക്കിയുള്ളത് വേറെയും (5:11–12). നാലു ഭാഗ്യങ്ങലടങ്ങുന്ന ഈ ഓരോ ഗണവും നീതിയെക്കുറിച്ചുള്ള പരാമർശനംകൊണ്ട് പരമകാഷ്ഠ പ്രാപിച്ചിരിക്കുകയാണ്. ആദ്യത്തെ ഗണം നിഷ്ക്രിയമായ സഹനമനോഭാവത്തിന് ഊന്നൽ കൊടുക്കുമ്പോൾ രണ്ടാമത്തെ ഗണം ക്രിയാംശത്തിനും സജീവമായ നന്മയ്ക്കും പ്രാധാന്യം നല്കിയിരിക്കുന്നു.

**ആത്മാവിൽ ദരിദ്രരായവർ... (മത്താ 5:3)**

ആരാണ് ദരിദ്രർ? ഭൗതികമായ ദാരിദ്ര്യം, പട്ടിണി, അനുഭവിക്കുന്നവർ എന്നർത്ഥമുള്ള 'Ptochos' ആണ് ഇതിന്റെ ഗ്രീക്കുപദം. 'ani' എന്ന തതുല്യ ഹീബ്രു ശബ്ദം ആരംഭത്തിൽ ഭൗതികമായ ദാരിദ്ര്യത്തെയാണ് സൂചിപ്പിച്ചിരിക്കുന്നത്. Anawim കാലാന്തരത്തിൽ പല സാഹചര്യങ്ങളിലും ദാരിദ്ര്യമനുഭവിക്കുന്നവരെ സൂചിപ്പിച്ചു തുടങ്ങി. ദാരിദ്ര്യംമൂലം മർദനമനുഭവിക്കുന്നവർ, പീഡനം സഹിക്കുന്നവർ എന്നൊക്കെ അതിനു അർത്ഥം കൈവന്നു. ദൈവമല്ലാതെ മറ്റൊരു ശരണവുമില്ലെന്നു കരുതുന്നവരുമായ 'മിണ്ടാപ്രാണികൾ'. പില്ക്കാല പഴയനിയമസാഹിത്യത്തിൽ ഭക്തരായവരെ സൂചിപ്പിക്കുന്ന ഒരു സാങ്കേതികപദമായി മാറാനും "anawim" നു കഴിഞ്ഞു.

യേശു ദരിദ്രർക്കാണ് ആദ്യഭാഗ്യത്തിൽ സൗഭാഗ്യം വാഗ്ദാനം ചെയ്യുന്നത്. 'ദാരിദ്ര്യം' എന്ന പദത്തിന്റെ ആത്മീയ വിവക്ഷിതങ്ങൾക്കാണ് അദ്ദേഹം ഊന്നൽ കൊടുത്തിരിക്കുന്നത് (സങ്കീ 69:32–33). 'ആത്മാവിൽ ദരിദ്രർ' എന്ന പ്രത്യേക പ്രയോഗം ദ്യോതിപ്പിക്കുന്നത് തികച്ചും വ്യത്യസ്തമായ ഒരാശയമാണ്. ഇതു മനസ്സിലാക്കേണ്ടത് ദൈവവുമായുള്ള ബന്ധത്തിന്റെ വെളിച്ചത്തിലാണ്. ദാരിദ്ര്യത്തിന്റെ മധ്യത്തിലും ദൈവത്തിൽ ആശ്രയിക്കുന്നമനോഭാവത്തെയാണിവിടെ അവതരിപ്പിക്കുക.

'ആത്മാവിൽ ദരിദ്രർക്ക്' യേശു സ്വർഗരാജ്യം വാഗ്ദാനംചെയ്യുന്നു. യഥാർത്ഥത്തിൽ 'സ്വർഗരാജ്യം' അതിന്റെ എല്ലാ ഭവ്യോന്മുഖമായ അനുഗ്രഹങ്ങളോടെയും ഇപ്പോൾത്തന്നെ അവരുടെ ജീവിതത്തിലുണ്ട് എന്ന് അവിടന്നുറപ്പു കൊടുക്കുകയാണ്. സ്വർഗത്തിന്റെ അന്ത്യകാലാനുഗ്രഹങ്ങൾ ഇപ്പോൾത്തന്നെ ദൈവഭക്തരും നീതിമാന്മാരുമായ 'ആത്മാവിൽ ദരിദ്ര'രുടെ ജീവിതത്തിൽ അനുഭവവേദ്യമായിക്കഴിഞ്ഞിരിക്കുന്നു എന്നാണിവിടെ വ്യക്തമാക്കുക.

**വിലപിക്കുന്നവർ ഭാഗ്യവാന്മാർ ... (മത്താ 5:4)**

ആദ്യത്തെയും രണ്ടാമത്തെയും സൗഭാഗ്യങ്ങൾ അവയുടെ അവതരണക്രമത്തിലും പദപ്രയോഗങ്ങളുടെ തലത്തിലും ഏശയ്യ 61:1–3 വരെയുള്ള ഭാഗത്തെ ദ്യോതിപ്പിക്കുന്നു. പീഡിതരും തിരസ്കൃതരുമായതിന്റെപേരിൽ ദുഃഖവും വേദനയും അനുഭവിക്കുന്ന ദരിദ്രർ, ലോകത്തിൽ ശക്തിപ്രാപിച്ചുവരുന്ന തിന്മയുടെയും കുതന്ത്രങ്ങളുടേതുമായ സാഹചര്യം മനസ്സിലാക്കി

മനംനൊന്തു വിലപിക്കുന്നവരെ ഉദ്ദേശിച്ചാകാം. സ്വന്തം ജീവിതത്തിലെ പാപ ങ്ങളെ ഓർത്തു വിലപിക്കുന്നരുമാകാം.

മത്തായി ലൂക്കായിൽനിന്നു വ്യത്യസ്തമായി 'കരയുക' (weep) എന്ന തിനു പകരം 'വിലപിക്കുക' (to mourn) എന്നാണുപയോഗിച്ചിരിക്കുക. ഈ പദപ്രയോഗങ്ങളുടെ വ്യത്യാസത്തിലൂടെ മത്തായി സാരിരികമായ വശത്തിൽ പ്രാധാന്യംകൊടുക്കാതെ ദുഃഖത്തിന്റെയും വേദനയുടെയും ആന്തരികാംശ ത്തിനാണ് പ്രാധാന്യംകൊടുക്കുക. പ്രവാചകർ പ്രവചിച്ചിട്ടുള്ളതുപോലെ ക്ലേശിതർക്കും വിലപിക്കുന്നവർക്കും ആശ്വാസമേകുന്നതാണ് രക്ഷകന്റെ കാലഘട്ടം'' (ഏശ 51:3, 60:20; 66:10; ജെറ 31:13). ഈ സൗഭാഗ്യത്തിലൂടെ യേശു വാഗ്ദാനംചെയ്യുന്ന ആശ്വാസം ദൈവത്തിന്റെ പ്രവർത്തനത്തിലൂടെ ലഭിക്കുന്നതാണ്. രക്ഷാകരമായ സൗഭാഗ്യം ഇപ്പോൾത്തന്നെ യേശുവിലും അവിടത്തെ ശുശ്രൂഷയിലും ഒരു യാഥാർത്ഥ്യമാണെങ്കിലും ഇവിടെ അവതരി പ്പിച്ചിരിക്കുന്ന 'ആശ്വാസം' രക്ഷയുടെ പൂർണത പൂർണമായി വെളിപ്പെടുത്ത പ്പെടുന്ന അന്ത്യകാലത്തെ ആശ്വാസം'' എന്ന അർത്ഥത്തിലാണ്.

**ശാന്തശീലർ ഭാഗ്യവാന്മാർ ... (മത്താ 5:5)**

ഈ സൗഭാഗ്യം മത്തായിയുടെ വിവരണത്തിൽ മാത്രമേ കാണുന്നുള്ളൂ. അത് സങ്കീർത്തനം 37:11 ൽ നിന്നെടുത്ത് ഉദ്ധരിച്ചിട്ടുള്ളതാണ് എന്ന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ സങ്കീർത്തനത്തിലൂടെ സങ്കീർത്തകൻ തന്റെ ശ്രോതാക്കളോട് ദൈവത്തിലാശ്രയിക്കാൻ ആഹ്വാനംചെയ്യുകയാണ്. നീതിമാന്റെയും ദുഷ്ടന്റെയും ജീവിതത്തിൽ അനുഭവിക്കാനിരിക്കുന്ന ഗതി യെന്തെന്ന് താരതമ്യം ചെയ്തുകൊണ്ട് ഭൂമി കൈവശമാക്കുന്നതാരെന്ന് സങ്കീർത്തകൻ വ്യക്തമാക്കുന്നു. നാഥനുവേണ്ടി കാത്തിരിക്കുന്നവരും ശാന്ത ശീലരും നീതിമാന്മാരുമാണ് ഭൂമി കൈവശമാക്കുന്നവർ (സങ്കീ 37:9, 11, 29).

'ശാന്തശീലരാകുക' എന്നതുകൊണ്ട് സാധാരണ നമ്മൾ ചിന്തിക്കുന്നതു പോലെ 'ധൈര്യമില്ലായ്മയോ' 'കീഴടങ്ങുന്ന മനോഭാവമോ' അല്ല. ദൈവ ത്തിൽ പ്രത്യാശയർപ്പിച്ച് തങ്ങൾക്കനുകൂലമായ ദൈവികപ്രവർത്തനത്തി നായി കാത്തിരിക്കുന്ന കളങ്കരഹിതരും നീതിമാന്മാരുമായ വ്യക്തികളെയാണ്. ''ഭൂമി കൈവശമാക്കുക'' എന്നതുകൊണ്ട് പലസ്തീനായിലെ വാഗ്ദാനദേശം കൈവശമാക്കുമെന്നല്ല. മറിച്ച് സ്വർഗരാജ്യത്തിന്റെ ദാനവും സകല മനുഷ്യരു ടെയും പ്രതീക്ഷയുടെ പൂർത്തീകരണവുമായ അന്ത്യകാലത്തിലെ രക്ഷയുടെ അനുഗ്രഹമാണ്.

### വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ (മത്താ 5:6)

'നീതിക്കുവേണ്ടി', ''വിശക്കുകയും'' ''ദാഹിക്കുകയും'' എന്നത് സാധാരണയായി ഉപയോഗിക്കുന്ന ഒരു പദമാണ്. ബൈബിളിൽ വേറെ പലയിടത്തും ഇതു കാണാം (ഏശ 32:6, 49:10; യോഹ 6:35). ''നീതിക്കുവേണ്ടി'' എന്ന പദം കൂട്ടിച്ചേർത്തത് മത്തായി സുവിശേഷകൻതന്നെയാകാനാണു വഴി. ''നീതി'' എന്നത് മത്തായിയുടെ ഒരു പ്രത്യേക വാക്കാണ്. അദ്ദേഹം ഈ വാക്ക് സുവിശേഷത്തിൽ 7 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (മത്താ 3:15; 5:6; 10,20; 6:1, 33; 21:32). മത്തായി 5:6 ൽ ഈ വിശപ്പും ദാഹവും നീതിക്കുവേണ്ടിയുള്ള അദമ്യമായ ദാഹമായി രൂപംപ്രാപിച്ചിരിക്കുന്നു.

''നീതി'' എന്ന വാക്കിന് വ്യത്യസ്തമായ അർത്ഥങ്ങളുണ്ട്. പ്രധാനമായും ഇതു സൂചിപ്പിക്കുന്നത് ദൈവത്തിന്റെ രക്ഷാകരമായ പദ്ധതിയും അവിടത്തെ രക്ഷാകരമായ ഇടപെടലുമാണ്. അങ്ങനെ ഉടമ്പടിയിലെ വാഗ്ദാനങ്ങളുടെ പൂർത്തീകരണമെന്നനിലയിലുള്ള ദൈവത്തിന്റെ കർമ്മവും പദ്ധതിയുമാണ് ഇവിടെ സൂചിതമായിരിക്കുക. ദൈവത്തിന്റെ നീതി ദൈവം നല്കുന്ന രക്ഷയാണ്. ''നീതി'' എന്ന വാക്കു ദ്യോതിപ്പിക്കുന്ന മറ്റൊരാശയം ദൈവരാജ്യത്തോടുള്ള പ്രത്യുത്തരമായ വൈയക്തിക വിശുദ്ധിയും ധാർമ്മികമായ ഉത്തരവാദിത്വവുമാണ് (മത്താ 5:20; 6:1). മത്തായി 5: 6 ലെ നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ദൈവത്തിന്റെ രക്ഷാകരമായ പ്രവർത്തനത്തിന്റെ പൂർത്തീകരണത്തിനായി ആഗ്രഹിക്കുകയും അതിനായി കാത്തിരിക്കുകയും ചെയ്യുന്നവരാണ്. ദൈവം അവരുടെ വിശപ്പും ദാഹവും തീർക്കും. വിശപ്പും ദാഹവും ശമിപ്പിക്കുന്നത് പലപ്പോഴും ''വിരുന്ന്'' എന്ന പേരിൽത്തന്നെ അവതരിപ്പിക്കപ്പെട്ടിട്ടുള്ള സ്വർഗരാജ്യ സംസ്ഥാപനത്തിന്റെ പൂർത്തീകരണത്തിലാണ് (മത്താ 8:11,22; 1–10; ലൂക്കാ 22:28–30).

### കരുണയുള്ളവർ ഭാഗ്യവാന്മാർ... (5:7)

മത്തായി സുവിശേഷകൻ രണ്ടാമത്തെ ഗണം ആരംഭിക്കുന്നത് കരുണയുള്ളവരുടെ സൗഭാഗ്യത്തോടെയാണ് (5:7). 'കരുണ' ദൈവത്തിന്റെ ഒരു പ്രധാന സവിശേഷതയാണ്. പ്രത്യേകിച്ചും പഴയനിയമത്തിൽ ഇസ്രായേലിന്റെ ഏറ്റവും പഴയ വിശ്വാസപ്രമാണങ്ങളിലൊന്നിൽ ദൈവത്തെ കരുണയും ദയയുമുള്ളവനുമായിട്ടാണ് ചിത്രീകരിച്ചിരിക്കുക: ''കർത്താവ്, കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹത്തിലും വിശ്വസ്തതയിലും അത്യുദാരൻ'' (പുറ 34:6). മത്തായിയുടെ

സുവിശേഷത്തിലുള്ള കാരുണ്യമില്ലാത്ത ഭൃത്യന്റെ ഉപമ (16:23–35) ദൈവം നമ്മിൽനിന്ന് എന്താണു പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുന്നു.

അന്തിമ വിധിയും മറ്റുള്ളവരോടു കാരുണ്യം കാണിച്ചോ ഇല്ലയോ എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും (മത്താ 25:31–46). "കരുണയുള്ളവർ ഭാഗ്യവാന്മാർ, എന്തെന്നാൽ അവർക്കു കരുണ ലഭിക്കും" (5:7) എന്ന സൗഭാഗ്യം സുവിശേഷങ്ങളിലുള്ള യേശുവിന്റെ പ്രബോധനങ്ങളുടെ രത്നച്ചുരുക്കമാണ്.

**ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ... (5:8)**

'ഹൃദയശുദ്ധി' എന്നതുകൊണ്ടുദ്ദേശിക്കുന്നത് ആരാധനാസമൂഹമായ ഇസ്രായേലിന്റെ ആരാധനക്രമപരവും ആചാരാനുഷ്ഠാനങ്ങൾക്കനുസൃതവുമായ ശുദ്ധിയല്ല മറിച്ച് ധാർമികമായ വിശുദ്ധിയാണ്. സങ്കീർത്തനം 15–ലും 24 –ലും നമ്മൾ വായിക്കുന്നതുപോലെ ദൈവത്തിന്റെ മലയിലും അവിടത്തെ സന്നിധിയിലും വ്യാപരിക്കുന്നതിനാവശ്യമായിട്ടുള്ളത് ഈ വിശുദ്ധിയാണ്. "ദൈവത്തിന്റെ വിശുദ്ധഗിരിയിൽ ആരു കയറും? അവിടത്തെ വിശുദ്ധസ്ഥലത്ത് ആരു നില്ക്കും? കളങ്കമറ്റ കൈകളും നിർമ്മലമായ ഹൃദയവും ഉള്ളവൻ, മിഥ്യയുടെമേൽ മനസ്സുപതിക്കാത്തവനും കള്ളസത്യം ചെയയാത്തവനും (സങ്കീ 24:3–4)

ഹൃദയശുദ്ധിയുള്ളവർ നീതിമാന്മാരും ദൈവതിരുമുമ്പിൽ കളങ്കമില്ലാത്തവരും തിന്മ ലക്ഷ്യം വയ്ക്കാത്തവരും മറ്റുള്ളവരുമായുള്ള ബന്ധത്തിൽ ആത്മാർത്ഥയും സത്യസന്ധതയും വച്ചുപുലർത്തുന്നവരുമാണ്. അങ്ങനെയുള്ളവർ ദൈവത്തെ ദർശിക്കുമെന്ന് യേശു പറഞ്ഞു. അതിന്റെ അർത്ഥം രക്ഷയുടെ പൂർണത വെളിവാക്കപ്പെടുന്ന അന്ത്യകാലത്ത് അവർ ദൈവത്തെ അവിടുന്നായിരിക്കുന്നതുപോലെ ദർശിക്കും. കൂടാതെ സമാധാനവും ആനന്ദവും ദൈവവുമായുള്ള ഗാഢബന്ധവും അവർ അനുഭവിക്കും. ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ പൂർണമായി ദർശിക്കുന്നതും ദൈവത്തെ മുഖാബിമുഖം ദർശിക്കുന്നതുമായ ഭാവിയിൽ ലഭിക്കാനിരിക്കുന്ന അനുഗ്രഹത്തിന്റെ വാഗ്ദാനം.

**സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ ... (മത്താ 5:9)**

സമാധാനത്തിന്റെ ഹെബ്രായപദം 'ഷാലോം' എന്നാണ്. 'ഷാലോം' എന്നു പറഞ്ഞാൽ പ്രശ്നങ്ങളും ഭിന്നതകളും ഇല്ലാത്ത അവസ്ഥയെക്കാളുപരി, 'സുഖമുള്ള അവസ്ഥ,' 'പൂർണത,' 'ഐശ്വര്യം,' 'ഫലപൂർണത,'

'സന്തോഷം,' 'ജീവിതത്തിന്റെ പൂർണത,' 'സമാധാനം,' 'നല്ല ബന്ധം' എന്നിങ്ങനെയുള്ള ആശയങ്ങൾകൂടി ദ്യോതിപ്പിക്കുന്നു. ഷാലോം സൂചിപ്പിക്കുന്നത് ദൈവവുമായും മറ്റു മനുഷ്യരുമായുള്ള ശരിയായ ബന്ധത്തിൽനിന്നുത്ഭൂതമാകുന്ന സ്വസ്ഥതയുടെയും സമാധാനത്തിന്റെയും ഐക്യത്തിന്റെയും സാഹചര്യമാണ്.

'സമാധാന സ്ഥാപകർ' എന്നാൽ സമൂഹത്തിന്റെയും വ്യക്തികളുടെയും സുസ്ഥിതിക്കും സമാധാനത്തിനുംവേണ്ടി പരിശ്രമിക്കുന്നവരാണ്. അവരുടെ ദൗത്യം ശത്രുതയും ഭിന്നതയും അകറ്റി അനുരഞ്ജനം സാധിക്കുക മാത്രമല്ല സമൂഹത്തിന്റെയും വ്യക്തികളുടെയും സ്വസ്ഥതയും സുരക്ഷിതത്വവും തകർക്കുന്ന അനീതിയുടെയും അടിമത്വത്തിന്റെയും മേഖലയിൽ സമാധാനത്തിനുവേണ്ടി പ്രവർത്തിക്കുന്നതുകൂടി ലക്ഷ്യംവയ്ക്കുന്നുണ്ട്. സമാധാനപാലകർക്ക് ദൈവത്തിൽനിന്നു പ്രതിഫലം ലഭിക്കും. അവർ ദൈവമക്കളെന്നു വിളിക്കപ്പെടും (മത്താ 5:9).

### പീഡനം ഏല്ക്കുന്നവർ ഭാഗ്യവാന്മാർ (മത്താ 5:10, 11–12)

മത്തായി പീഡിപ്പിക്കുക എന്ന വാക്കിന്റെ ഭൂതകാല പ്രയോഗത്തിന്റെ തുടർച്ചരൂപമാണ് (Perfect Participle) ഉപയോഗിച്ചിരിക്കുക. ഇപ്പോൾത്തന്നെ സംഭവിച്ചുകഴിഞ്ഞിട്ടുള്ള തുടർച്ചയായുള്ള അവസ്ഥ എടുത്തുകാണിക്കാനാണ് ഈ ഭൂതകാല പ്രയോഗത്തിന്റെ തുടർച്ചരൂപം ഉപയോഗിച്ചിരിക്കുന്നത്. പീഡനം പ്രതിധ്വനിപ്പിക്കുന്നത് മത്തായിയുടെ സഭയിലെ അസ്വസ്ഥതകളുടെ ചരിത്രമാണ്. മിക്കവാറും മത്തായിയുടെ സുവിശേഷം വിരചിതമാകുന്നതിനു മുമ്പ് നടന്നിട്ടുള്ളതും യഹൂദരുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ളതുമായ മതമർദനമായിരിക്കാം.

യേശുശിഷ്യർ പ്രതീക്ഷിക്കേണ്ടത് പ്രവാചകന്മാരുടെയും തങ്ങളുടെ ഗുരുവിന്റെയും വിധിതന്നെയാണ് (മത്താ 23:29–30). അവിടന്നാണ് പീഡനങ്ങൾ സഹിക്കുന്നതിനുപോലും മാതൃക. ശിഷ്യന്മാരെ സംബന്ധിച്ചിടത്തോളം യേശു വിശദീകരിക്കുന്ന സൗഭാഗ്യങ്ങളെല്ലാം അവയിൽ ഉൾക്കൊള്ളുന്ന അനുഗ്രഹങ്ങളെ വിലമതിക്കുവാനും ഉൾക്കൊള്ളാനുമുള്ള വെല്ലുവിളിയാണ്.

## ഉപ്പാകുവാനും പ്രകാശമാകുവാനും (5:13–16)

അന്ത്യകാല ഭാഗ്യങ്ങൾ വാഗ്ദാനംചെയ്യപ്പെട്ട ശിഷ്യന്മാരെ (മത്താ 5:3–12) ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമാകാൻ യേശു ക്ഷണിക്കുന്നു

(5:13–16) ഉപ്പ്, പ്രകാശം എന്നീ പ്രതീകങ്ങളിലൂടെ സ്വശിഷ്യന്മാരുടെ ദൗത്യമെന്തെന്ന് യേശു വ്യക്തമാക്കുന്നു.

"സത്പ്രവൃത്തികൾ"കൊണ്ട് (5:16) അവർ ലോകത്തിനു സാക്ഷ്യംവഹിക്കുന്നില്ലെങ്കിൽ, ഉപയോഗശൂന്യവും രുചികെട്ടതുമായ ഉപ്പുപോലെ അവർ ദൂരെ എറിയപ്പെടും. ഉപ്പ് അലിഞ്ഞ് ഇല്ലാതായിത്തീരുന്നു. ഇതുതന്നെയാണ് ശിഷ്യരുടെയും ദൗത്യം. ഭൂമിയുടെ ഉപ്പാവുക എന്ന മഹനീയ പ്രക്രിയയിൽ യേശുശിഷ്യന്മാർ തങ്ങളുടെ ജീവൻ മറ്റുള്ളവർക്കുവേണ്ടി ഇല്ലാതാക്കുന്നു.

കൊളുത്തിവച്ചാൽ മാത്രം പ്രകാശിക്കുന്ന എണ്ണവിളക്ക്, യേശുവിന്റെകാലത്തെ ഒറ്റമുറി മാത്രമുള്ള പലസ്തീൻ ഭവനങ്ങളിൽ കൊളുത്തിവയ്ക്കുന്ന എണ്ണവിളക്ക് ആണ്. വെളിച്ചം വിതറുന്ന പ്രക്രിയയിൽ എണ്ണ എരിഞ്ഞും തിരി കത്തിയും തീരുന്നു. അതുപോലെ ശിഷ്യന്മാർ അവരുടെ അനന്യത കണ്ടെത്തുകയും അന്യർക്കുവേണ്ടി കത്തിത്തീരുകയും വേണം.

### അസാധുവാക്കാനല്ല, പൂർത്തിയാക്കാൻ (5:17–20)

5:13–16 ശിഷ്യന്മാരുടെ ദൗത്യമാണു വിവരിക്കുന്നതെങ്കിൽ, നിയമത്തിന്റെ അടിസ്ഥാനത്തിൽ യേശുവിന്റെ ദൗത്യമാണ് ഈ സുവിശേഷഭാഗം (5:17–20) ചിത്രീകരിക്കുന്നത്.

മോശയുടെ നിയമങ്ങളുടെ സാധുതയെ അവിടന്നു നിഷേധിക്കുന്നില്ല. പക്ഷേ, ആ നിയമം പൂർത്തിയാക്കുകയും പൂർണമാക്കുകയും ചെയ്യേണ്ടതുണ്ട്, അതാണ് തന്റെ ലക്ഷ്യം എന്നവിടന്നു പറയുന്നു (5:17–18). പഴയനിയമത്തിന്റെ ശരിയായ അർത്ഥം വെളിപ്പെടുത്താനും അതു പൂർത്തീകരിക്കാനും വേണ്ടിയാണ് യേശു വന്നത്. പൂർത്തിയാക്കൽ എന്നതുകൊണ്ട് മത്തായി ഉദ്ദേശിക്കുന്നതു സ്വർഗരാജ്യ പ്രഖ്യാപനത്തിന് അനുസൃതം നിയമം ആവശ്യപ്പെടുന്ന കാര്യങ്ങൾക്ക് മൂർച്ചകൂട്ടുകയും അവയെ പുരോഗമനോന്മുഖമാക്കുകയുമാണ്. നിയമം അക്ഷരാർത്ഥത്തിൽ, അനുസരിക്കണമെന്നല്ല, നിയമത്തിന്റെ ചൈതന്യമറിഞ്ഞും നിയമം ആഴത്തിൽ ഗ്രഹിച്ചും നിയമം അനുസരിക്കണമെന്നാണ് യേശു ആവശ്യപ്പെടുന്നത്.

മനുഷ്യനിർമ്മിതമായ പാരമ്പര്യങ്ങൾകൊണ്ട് ദൈവിക നിയമങ്ങളെ അർത്ഥശൂന്യമാക്കുകയോ റദ്ദു ചെയ്യുകതന്നെയോ ചെയ്ത ഫരിസേയർക്കെതിരായ വിമർശനത്തിന്റെ ധ്വനിയും ഈ വാക്യത്തിൽ മുഴങ്ങുന്നുണ്ട്.

ശിഷ്യന്മാരിൽ ഉണ്ടാവണമെന്ന് യേശു ആഗ്രഹിക്കുന്ന സമുന്നത നീതിനിഷ്ട വ്യത്യസ്ത ജീവിത മേഖലകളിൽ പ്രാവർത്തികമാക്കപ്പെടണം; അന്യോന്യമുള്ള മനുഷ്യബന്ധങ്ങളിൽ അവ പ്രായോഗികമാക്കണം (cf 5:21

–48; 7:1–12). അതുമല്ല, ദൈവവുമായുള്ള ബന്ധത്തിൽ, ആരാധനയിലും ഭക്തിയിലും (മത്താ 6:1–18) അവ പ്രത്യക്ഷപ്പെടണം. ഭൗതികവസ്തുക്കളോടുള്ള മനോഭാവത്തിലും അവ പ്രകടമായേ തീരൂ (6:19–34). ഈ ജീവിതമേഖലകളിലെല്ലാം പുതിയ നിയമത്തോടുള്ള (പൂർത്തിയാക്കപ്പെട്ടതും സമ്പൂർണമായതുമായ) ശിഷ്യരുടെ പ്രതികരണം ഉദാത്തമായിരിക്കണം.

## വൈപരീത്യങ്ങൾ (5:21–48)

മോശയുടെ നിയമങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ കർശനമാക്കുന്നതും പരിഷ്കരിക്കുന്നതുമായ യേസുപഠനങ്ങളാണ് ഗിരിപ്രഭാഷണത്തിന്റെ ഈ ഭാഗത്തു നാം കാണുന്നത്. 5:21–48 ൽ ആറ് വൈപരീത്യങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നു. ജീവിതത്തിന്റെ ആറ് മേഖലകളുമായി ബന്ധപ്പെട്ട പഴയനിയമങ്ങൾ (പൂർവപക്ഷം) ഉദ്ധരിക്കുകയും യേശുവിന്റെ കൂടുതൽ കർശനവും പരിഷ്കൃതവുമായ പുതിയ നിയമങ്ങളിലൂടെ (വൈപരീത്യം) അവയുടെ വൈരുദ്ധ്യം വ്യക്തമാക്കുകയാണിവിടെ. യേശുവിന്റെ പഠനങ്ങൾ, നിയമത്തിന്റെ അക്ഷരങ്ങളിൽനിന്ന് അവയുടെ അർത്ഥങ്ങളിലേക്കും ചൈതന്യത്തിലേക്കും ഇറങ്ങിച്ചെല്ലുന്നതാണ് നാം കാണുന്നത്; വിഷയത്തിന്റെ കാതൽ കണ്ടെത്തി നിയമത്തിനു തന്നെ ആഴവും മൂർച്ചയും കൊടുക്കുന്നു ഈ വൈപരീത്യങ്ങൾ.

### കൊല, കോപം (5:21–26)

കൊല്ലരുത് എന്ന് അനുശാസിക്കുന്ന മോശനിയമമാണ് ആദ്യത്തെ വൈപരീത്യത്തിൽ പരാമർശിക്കപ്പെടുന്നത് (പുറ 20:13; നിയ 5:17). യേശുവിന്റെ ഭാവനയിലുള്ള ധാർമ്മികതയിൽ കൊലപാതകം ഒഴിവാക്കിയതുകൊണ്ടു മാത്രമായില്ല; കൊലപാതകത്തിന്റെ മൂലകാരണമായ കോപവും ഉപേക്ഷിക്കപ്പെടണം. അതുകൊണ്ടാണ് പരിഹാസം, ആക്ഷേപം, കോപം തുടങ്ങിയവയെല്ലാം കൊലപാതകംപോലെ ഗുരുതരമായ കുറ്റങ്ങളാണെന്നും കൊലപാതകിക്കു കിട്ടുന്നതുപോലുള്ള ന്യായവിധിയും ശിക്ഷയും ഇവയ്ക്കും കിട്ടുമെന്നും വ്യക്തമാക്കുന്നത്.

സഹോദരസ്നേഹത്തിന്റെ വിവിധ ഭാഗങ്ങൾക്ക് ഊന്നൽ നല്കാൻ സുവിശേഷകൻ ശ്രദ്ധിച്ചിട്ടുണ്ട്. ബലിയർപ്പണത്തിനും ആരാധനയ്ക്കുംമുമ്പ് സംഭവിക്കേണ്ട കാര്യമാണ് അനുരഞ്ജനം (5:23–24). ദൈവത്തിന് ബലിയർപ്പിക്കുക എന്ന പരമപ്രദാനമായ ആരാധനകർമ്മത്തിനും ഉപരിയാണ്, പ്രഥമവും പ്രധാനവുമാണ് അനുരഞ്ജനം എന്ന അടിയന്തിരാവശ്യം വ്യക്തമാക്കുന്ന ആഹ്വാനത്തിന്റെ പശ്ചാത്തലത്തിൽ വർത്തമാനകാല സന്ദർഭവുമായി ഇതിനെ കൂട്ടിയിണക്കുകയാണു സുവിശേഷകൻ.

### വ്യഭിചാരം, ദുർമോഹം (5:27–30)

ദുർമോഹത്തോടെയുള്ള നോട്ടം വ്യഭിചാരത്തിനു സമമാണെന്നു പ്രഖ്യാപിക്കുന്നതാണ് രണ്ടാമത്തെ വൈപരീത്യം. മോശയുടെ നിയമം വ്യഭിചാരത്തെ നിരോധിച്ചിരുന്നു (cf. പുറ 20:14; നിയ 5:18). വ്യഭിചാരത്തിന്റെ മൂലകാരണത്തിലേക്കു ചെല്ലുന്ന യേശുവാകട്ടെ മോഹാവേശത്തോടെയുള്ള നോട്ടത്തെ വ്യഭിചാരത്തിനു തുല്യമായി കാണുകയും രണ്ടും ഒന്നുപോലെ വർജിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു (5:28). എന്തു ത്യാഗം ചെയ്തും, എന്തു വിലകൊടുത്തും നേടേണ്ടതാണു നമ്മുടെ നിത്യരക്ഷ എന്ന സന്ദേശമാണതു നമുക്കു നല്കുന്നത്.

### വിവാഹമോചനം (5:31–32)

മൂന്നാമത്തെ വൈപരീത്യം വിവാഹമോചനത്തെക്കുറിച്ചുള്ളതാണ്.. മോശയുടെ നിയമവ്യവസ്ഥയിൽ അനുവദനീയമായിരുന്ന (വിവാഹമോചനത്തിന്റെ നടപടി ക്രമങ്ങൾ അതിൽ വിവരിക്കുന്നുണ്ട്) വിവാഹമോചനത്തെ (നിയ 24:1) യേശു നിരോധിക്കുന്നു (മത്താ 5:31–32).

വിവാഹമോചനത്തെക്കുറിച്ച് ഷമ്മായ്, ഹില്ലേൽ എന്നീ റബ്ബീഗ്രൂപ്പുകൾ തമ്മിൽ നടന്നുപോന്ന തർക്കമാവണം ''പരസംഗം നിമിത്തം'' ഭാര്യയെ ഉപേക്ഷിക്കാമെന്ന അപവാദവകുപ്പിന് ആസ്പദം. അതുപോലെ, ''ഏതെങ്കിലും കാരണത്താൽ ഒരാൾ ഭാര്യയെ ഉപേക്ഷിക്കുന്നതു നിയമാനുസൃതമാണോ?'' എന്ന ചോദ്യവും (19:3) ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്.

'പോർണേയാ' എന്ന പദം ലേവ്യർ വിലക്കിയിട്ടുള്ള (ലേവി 18:6–18) തും രക്തബന്ധത്തിലുള്ളവർ തമ്മിൽ നടത്തപ്പെടുന്നതുമായ ചില വിവാഹങ്ങളെ, ചില ''അഗമ്യഗമനങ്ങളെ'യാണു പരാമർശിക്കുന്നതെന്നു ചിലർ കരുതുന്നു. ഇത്തരം അഗമ്യഗമനബന്ധങ്ങളെ സൂചിപ്പിക്കാനാണ് പോർണെയാ എന്ന പദം അപ്പ. പ്രവ. 15:20, 29; 21:25; 1 കോറി 5:1 എന്നിവിടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും. അത്തരം ബന്ധങ്ങൾ യഥാർത്ഥ വിവാഹങ്ങളാവുകയില്ല. അവ മോചിപ്പിക്കുകയല്ല അസാധുവാക്കുകയാണ് ചെയ്യേണ്ടത്.

അതുകൊണ്ട് വിവാഹമോചനത്തെക്കുറിച്ചുള്ള പുതിയനിയമപഠനം നമുക്കു ഇങ്ങനെ സംക്ഷേപിക്കാം. മർക്കോസും (10:2–12) ലൂക്കായും (16:18) വിവാഹമോചനത്തെ അസന്ദിഗ്ദമായി നിരോധിക്കുന്നു. ഇതുതന്നെയാണ് പൗലോസിന്റെയും അഭിപ്രായം (1 കോറി 7:10–11). പുരുഷനെയും സ്ത്രീയെയും വിവാഹത്താൽ ബന്ധിക്കണമെന്ന ദൈവനിശ്ചയമാണ് വിവാ

ഹത്തിന്റെ അഭേദ്യതയ്ക്കും സുസ്ഥിരതയ്ക്കും അടിസ്ഥാനമെന്ന് മത്താ 19:3–6 ൽ യേശു പഠിപ്പിക്കുന്നു. മത്തായിയുടെ പാഠത്തിൽ കാണുന്ന അപ വാദ വകുപ്പുകൾ (5:32; 19:9) മത്തായിയുടെ സഭയിലുണ്ടായിരുന്ന ചില പ്രശ്നങ്ങൾക്കു പരിഹാരമെന്ന നിലയിൽ എഴുതപ്പെട്ടവയാണ്. ക്രിസ്തു സഭ യിലേക്കു മാനസാന്തരം ചെയ്യുന്നതിനുമുൻപ് പല വിജാതീയരും ഇത്തരം ചില അഗമ്യഗമന ബന്ധങ്ങളിൽ ഏർപ്പെട്ടു പോയിരുന്നു.

### ആണയിടുന്നതിനെപ്പറ്റി (5:33–37)

കള്ളസത്യം ചെയ്യരുതെന്ന് പഴയനിയമം അനുശാസിക്കുന്നു (ലേവ്യ 19:12; സംഖ്യ 30:2; നിയ 23:21). എന്നാൽ ഇവിടുത്തെ വൈപരീത്യം, ഒരു പടി കൂടെ കടന്ന്, സത്യം ചെയ്യുന്നതിനെത്തന്നെ വിലക്കിയിരിക്കുകയാണ്: ''എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: ആണയിടുകയേ അരുത്...'' (5:34). ഒരു പ്രസ്താവന സത്യമാണെന്നു കാണിക്കാൻ ദൈവത്തെ സാക്ഷിനിറുത്തു ന്നതാണ് ആണയിടൽ. ദൈവനാമത്തിനു പകരം അത്രയ്ക്കു പവിത്രതയി ല്ലാത്ത മറ്റു നാമങ്ങൽ ഉപയോഗിക്കുന്തിനെയും ഇതുവഴി യേശു നിരോധി ക്കുന്നു. ''നിങ്ങളുടെ വാക്ക് 'അതെ' എന്നോ 'അല്ല' എന്നോ മാത്രമായിരി ക്കട്ടെ (5:37). ഇതിനു സമാന്തരമായ ഒരു വാക്യമുണ്ട്. യാക്കോബ് 5:12 ൽ ശിഷ്യന്മാർ സംസാരത്തിൽ നേരും സത്യസന്ധതയും പുലർത്തുന്നവരാകണ മെന്ന് യേശു ആവശ്യപ്പെടുന്നു.

### പ്രതികാരം (5:38–42)

പുറ 21:23–25; ലേവി 24:19–20 നിയ 19:21 എന്നീ വാക്യങ്ങളിലാണ് പഴയനി യമത്തിൽ പ്രതികാരത്തെക്കുറിച്ചള്ള നിയമം (lex talionis) രേഖപ്പെടുത്തിയി രിക്കുന്നത്. ശിഷ്യന്മാർ അക്രമമാർഗം സ്വീകരിക്കരുതെന്നു മാത്രമല്ല, മോശ അനുവദിച്ചിട്ടുള്ള പ്രതികാരനടപടികൾപോലും ഉപേക്ഷിക്കണമെന്നാണ് യേശുവിന്റെ ആവശ്യം.

പ്രതികാരത്തിന്റെ വൈപരീത്യത്തെക്കുറിച്ചുള്ള ഈ ഉപദേശം ശത്രു സ്നേഹമെന്ന അടുത്തതും അവസാനത്തേതുമായ വൈപരീത്യവുമായി (5:43 –48) വിഷയപരമായി ഗാഢബന്ധം പുലർത്തുന്നു. രണ്ടുംകൂടി ഗിരിപ്രഭാഷണ ത്തിന്റെ ഒന്നാം ഭാഗത്തെ അതിന്റെ പരമകാഷ്ഠയിലെത്തിക്കുകയും ചെയ്യു ന്നു.

### ശത്രുസ്നേഹം (5:43–48)

ഏറ്റവും ഒടുവിലത്തെ വൈപരീത്യം ശത്രുസ്നേഹത്തെക്കുറിച്ചുള്ളതാണ്. സ്വസമുദായാംഗങ്ങളെയോ രാജ്യവാസികളെയോ മാത്രം സ്നേഹിച്ചാൽ പോരാ, ശത്രുക്കളെയും സ്നേഹിക്കണം. പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണം. ഇതാണ് അവിടത്തെ ഉപദേശത്തിന്റെ സത്തും സാരവും (ആദിമക്രിസ്ത്യാനികൾ ഈ ഉപദേശം അക്ഷരം പ്രതി അനുസരിക്കുകയും തങ്ങളുടെ മർദകർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു cf. അപ്പ 7:60).

സവിശേഷമയ ഒരു നീതിനിഷ്ഠയിലേക്കാണ് ശിഷ്യന്മാർ ക്ഷണിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ അവരുടെ പരസ്നേഹം ചുങ്കക്കാരുടെയും വിജാതീയരുടെയും സ്നേഹത്തെക്കാൾ ശ്രേഷ്ഠമായിരിക്കണം; അതിലുമുപരി നിയമജ്ഞരുടെയും ഫരിസേയരുടെയും സ്നേഹത്തെ അതിശയിക്കുന്നതുമായിരിക്കണം (cf. 5:20).

## മൂന്നു സുകൃതങ്ങൾ (6:1–18)

ഗിരിപ്രഭാഷണത്തിന്റെ ഈ ഭാഗത്ത് (6:1–18) ചില സത്കൃത്യങ്ങളെക്കുറിച്ചാണ് യേശു ശിഷ്യന്മാരെ പഠിപ്പിക്കുന്നത്. ധർമ്മദാനം (6:2–4) പ്രാർത്ഥന (6:5–15) ഉപവാസം (10–18) എന്നീ മൂന്നു സത്കൃത്യങ്ങൾ, ഇവിടെ പരാമർശിക്കപ്പെടുന്നു. ഭക്താനുഷ്ഠാനങ്ങളിൽ ശിഷ്യന്മാർ കാണിക്കേണ്ട നീതിബോധമാണ് ഇവിടെ (6:1–18) യേശു പഠനവിഷയമാക്കുന്നത്.

6:1 ലെ പൊതുവായ തത്ത്വം ഒരു മുന്നറിയിപ്പാണ്: ജനങ്ങൾ കാണാൻ വേണ്ടിമാത്രം, അവരുടെ മുമ്പിൽവച്ചു ശിഷ്യന്മാർ സത്കർമ്മങ്ങൾ ഒന്നും അനുഷ്ഠിച്ചുകൂടാ. ഇതിനെത്തുടർന്ന് ധർമ്മദാനം (6:2–4) പ്രാർത്ഥന (6:5–15) ഉപവാസം (6:16–18) എന്നിവയെ പരാമർശിക്കുന്നു ഓരോ ഭാഗം. ഈ മൂന്നു യൂണിറ്റിന്റെയും ഘടനാസ്വരൂപം ഏതാണ്ട് ഒന്നുതന്നെ. കപടഭക്തരുടെ പെരുമാറ്റത്തെ പരാമർശിച്ചുകൊണ്ടു ഓരോന്നും ആരംഭിക്കുന്നു; അവർക്കു കിട്ടിക്കഴിഞ്ഞ പ്രതിഫലം വ്യക്തമാക്കിക്കൊണ്ട് അവസാനിപ്പിക്കുകയും ചെയ്യുന്നു. സത്കർമ്മാനുഷ്ഠാനത്തിൽ ശിഷ്യന്മാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അനുസ്മരിപ്പിക്കുന്നതാണ് ഓരോ യൂണിറ്റിന്റെയും മൂന്നാമത്തെ ഘടകം. അവസാനത്തേത് ദൈവത്തിൽനിന്നു ലഭിക്കാൻ പോകുന്ന പ്രതിഫലത്തെക്കുറിചചള്ള വാഗ്ദാനമാണ്.

ധർമ്മദാനത്തെയോ പ്രാർത്ഥനയെയോ ഉപവാസത്തെയോ യേശു വിമർശിക്കുന്നില്ല. നേരെമറിച്ച് ഈ സത്കർമ്മങ്ങളുടെ മൂല്യം എടുത്തുകാട്ടു

കയും എങ്ങനെയാണിവ നന്നായി അനുഷ്ഠിക്കേണ്ടതെന്നു ഉപദേശിക്കുകയുമാണ് യേശു. സത്കർമ്മനിരതമായ ജീവിതത്തിലും ശിഷ്യന്മാരുടെ നീതി നിയമജ്ഞരുടെയും ഫരിസേയരുടെയും നീതിയെ അനുവർത്തിക്കണമെന്ന് യേശു അഭിലഷിക്കുന്നു.

### ‘‘സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ...’’ (6:9–18)

മത്തായിയുടെ സഭ വിശ്വാസികൾക്കു നല്കിയിരുന്ന പ്രാർത്ഥനാനിർദേശങ്ങളുടെ ഭാഗമായി ‘‘സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവി’’നെയും കാണണം. യഹൂദക്രൈസ്തവരായിരുന്നു മത്തായിയുടെ സഭാംഗങ്ങളിൽ ബൂരിഭാഗവും. ബാല്യം മുൽ പ്രാർത്ഥിക്കാൻ പഠിച്ചവർ. പ്രാർത്ഥിക്കുമ്പോൾ ഉണ്ടായിരിക്കേണ്ട മനോഭാവം, പ്രാർത്ഥനയുടെ ഗുണമേന്മ തുടങ്ങിയവയെക്കുറിച്ച് അവർക്കു നിർദേശങ്ങൾ കൊടുക്കുന്നു (മത്താ 6:5–15).

ദൈവത്തെ ‘‘പിതാവ്’’ എന്നു സംബോധന ചെയ്യുന്നതാണ് കർത്തൃ പ്രാർത്ഥനയുടെ ഏറ്റവും സവിശേഷമായ ഭാവം. മത്തായി പിതാവിനെ ‘‘എന്റെ’’, ‘‘നിങ്ങളുടെ’’, ‘‘സ്വർഗീയ’’, ‘‘സ്വർഗത്തിലുള്ള’’ എന്നീ പദങ്ങൾകൊണ്ടു വിശേഷിപ്പിക്കുന്നു (മത്താ 5:16; 45, 48; 6:1; 4, 6, 8 14, 15, 18; 7:11...). ഇവിടെ ‘‘സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ’’ എന്നാണ് മത്തായിയുടെ സംബോധന.

യേശുവിന്റെ ‘ആബാ’ (പിതാവ്) അഭിസംബോധന അത്രയ്ക്ക് വിശേഷവും ആവർത്തിക്കപ്പെടാനാവാത്തതുമായതിനാൽ അതിന്റെ ‘അരമായ’ രൂപത്തിൽ മറ്റു സഭകളിലേക്കും കടന്നുവന്നു (cf ഗലാ 4:6; റോമാ 8:15). ചിരപരിചിതത്വം, വാത്സല്യം, അടുപ്പം, ആത്മവിശ്വാസം എന്നിവ ദ്യോതിപ്പിക്കുന്ന പദമാണത്. ദൈവത്തെ ‘ആബാ’ എന്നു വിളിക്കാൻ യേശു ശിഷ്യരെ അധികാരപ്പെടുത്തുന്നു; ശിശു അതിന്റെ പിതാവിനോടെന്നവണ്ണം സ്നേഹത്തിലും അടുപ്പത്തിലും ദൈവത്തോടു സംസാരിക്കാൻ ചുമതലപ്പെടുത്തുന്നു. എന്നാൽ, മത്തായിയുടെ അഭിപ്രായത്തിൽ നാം ദൈവത്തെ വിളിക്കുകയും അവിടുത്തെ പിതൃത്വം അനുഭവിക്കുകയും ചെയ്യുന്നതു വ്യക്തികൾ എന്ന നിലയിലില്ല. പ്രത്യുത ‘ദൈവകുടുംബ’ത്തിലെ അംഗങ്ങളെന്ന നിലയിലാണ്; അതിനാൽ ‘ഞങ്ങളുടെ’ പിതാവേ എന്നുവേണം അവിടത്തെ സംബോധന ചെയ്യാന്.

സംബോധനയെ തുടർന്നുവരുന്നതു മൂന്ന് 'അങ്ങയുടെ'യാണ്; അവയിലൂടെ മൂന്ന് അപേക്ഷകൾ ദൈവത്തിനു നേരിട്ടു സമർപ്പിക്കയുമാണ്. ഈ അപേക്ഷകളുടെ ഹേതു മനുഷ്യനോ മനുഷ്യന്റെ പ്രശ്നങ്ങളോ അല്ല, ദൈവംതന്നെ അടിസ്ഥാനപരമായി "മൂന്ന് അങ്ങയെ"ക്കൊണ്ടുള്ള ഈ അപേക്ഷകൾ, ഭൂമിയിൽ അവിടത്തെ രാജ്യം സ്ഥാപിക്കുകയും അതുവഴി അവസാനകാല രക്ഷകൊണ്ടുവരികയും ചെയ്യാനുള്ള നിവേദനമാണ്. തന്റെ രാജ്യം ഭൂമിയിൽ സ്ഥാപിച്ചു തന്റെ നാമം പൂജിതമാക്കിക്കാണിക്കാൻ ദൈവത്തോട് അഭ്യർത്ഥിക്കുകയാണ് നാം. ലോകാവസാന നാളിൽ സമ്പൂർണമായി വെളിപ്പെടാൻപോകുന്ന ദൈവത്തിന്റെ രക്ഷാപദ്ധതിക്കുവേണ്ടിയുള്ള പ്രാർത്ഥനയാണ്, ചുരുക്കത്തിൽ, ഈ മൂന്ന് അപേക്ഷകൾ.

'അങ്ങ് അപേക്ഷകളിലെ ദൈവകേന്ദ്രീകതമായ പ്രാർത്ഥനയ്ക്കുശേഷം നാം നമ്മുടെ ആവശ്യങ്ങളിലേക്കു ശ്രദ്ധ തിരിക്കുകയും ആഹാരം, ക്ഷമ, തിന്മയിൽനിന്നുള്ള മോചനം എന്നിവയ്ക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നു. അങ്ങനെ ഈ പ്രാർത്ഥനയുടെ രണ്ടാംഭാഗത്തു നാം കാണുന്നത് മൂന്നു "ഞങ്ങൾ അപേക്ഷ"കളാണ്.

സ്വർഗസ്ഥനായ പിതാവേ, എന്ന പ്രാർത്ഥനയിൽ അടങ്ങിയിരിക്കുന്ന ക്ഷമ (6:2) എന്ന പ്രമേയം മത്തായി തുടർന്ന് 6:14-15 ൽ വികസിപ്പിക്കുന്നുണ്ട്. നമ്മുടെ പരസ്പര ക്ഷമയ്ക്കു വിധേയമായി മാത്രം ലഭിക്കുന്നതാണു ദൈവത്തിന്റെ ക്ഷമ എന്നും നമ്മുടെ അന്യോന്യമുള്ള ക്ഷമക്ക് ആനുപാതികമായിരിക്കും ദൈവത്തിന്റെ ക്ഷമ എന്നും ഈ വാക്യങ്ങൾ അർത്ഥമാക്കുന്നതായി തോന്നാം. ഇത് ശരിയാകണമെന്നില്ല. കാരണം, ദൈവത്തിന്റെ ക്ഷമ നിരുപാധികവും നമ്മുടെ അന്യോന്യമുള്ള ക്ഷമയ്ക്കു മുമ്പ് സംഭവിക്കുന്നതുമാണ് (cf മത്താ 18:23-35). എങ്കിലും ദൈവത്തിന്റെ ക്ഷമയ്ക്കും മനുഷ്യരുടെ പരസ്പര ക്ഷമയ്ക്കും തമ്മിൽ ചില ബന്ധങ്ങളുണ്ടെന്നു കാണാം. മനുഷ്യർ അന്യോന്യം ക്ഷമിക്കാനും പൊറുക്കാനും വിസമ്മതിക്കുന്നുവെങ്കിൽ ദൈവത്തിന്റെ പൊറുതിക്കു അപേക്ഷിക്കാൻ നമുക്കു ഒരവകാശവുമില്ല..

## ശരിയായ മുൻഗണനകൾ (6:19-34)

യേശുവിന്റെ ചില ഒറ്റപ്പെട്ട വാക്യങ്ങൾ സമാഹരിച്ച് ഗിരിപ്രഭാഷണത്തിന്റെ ബാഗമായി അവതരിപ്പിക്കുകയാണിവിടെ സുവിശേഷകൻ. ഏറിയ പങ്കും 'Q' ഉറവിടത്തിൽനിന്ന് മത്തായി ശേഖരിച്ചതാണീ വാക്യങ്ങൾ. ജീവിത

ത്തിൽ എന്തിനാണു നാം മുൻഗണന കൊടുക്കേണ്ടത്? ദൈവത്തിനോ ഭൗതികവസ്തുക്കൾക്കോ? പ്രമേയപരമായി നോക്കിയാൽ ഇതേക്കുറിച്ചാണ് യേശു പഠിപ്പിക്കുന്നത്. സ്വർഗത്തിലെ നിക്ഷേപങ്ങളും ഭൂമിയിലെ നിക്ഷേപങ്ങളും തമ്മിൽ (6:19–21), ദൈവവും മാമോനും തമ്മിൽ (6:24), ഭൗതികസമ്പത്തിനെ ചൊല്ലിയുള്ള ശ്രദ്ധ, ഉത്കണ്ഠ എന്നിവയും ദൈവരാജ്യാന്വേഷണവും തമ്മിൽ (6:25–34) ഉള്ള വ്യതിരേകത്തിൽനിന്നുതന്നെ ഇതു മനസ്സിലാവും. ഭൗതികസമ്പത്തിനോടുള്ള മനോഭാവം, മുൻഗണനകളുടെ തിരഞ്ഞെടുപ്പ് എന്നിവയിൽ യേശുശിഷ്യന്മാർ മറ്റാളുകളിൽനിന്നു വ്യത്യസ്തരായിരിക്കണം. ഇക്കാര്യങ്ങളിലുള്ള അവരുടെ നീതിബോധം ഫരിസേയരുടെയും നിയമജ്ഞരുടെയും നീതിബോധത്തെ അതിശയിക്കുന്നതുമാവണം (cf 5:20). ദൈവവും ഭൗതിക വസ്തുക്കളും/സമ്പത്തും തമ്മിലാണ് അടിസ്ഥാനപരമായ തിരഞ്ഞെടുപ്പ്.

നാം ആദ്യം ദൈവരാജ്യം അന്വേഷിക്കുന്ന പക്ഷം നമ്മുടെ ആവശ്യങ്ങളെല്ലാം അവിടുന്നു നിറവേറ്റിത്തരും. ഭാവിയെക്കുറിച്ചു ആകുലപ്പെടുകയോ അസ്വസ്ഥരാവുകയോ ചെയ്യാതെ പരിപാലനയുടെ ദൈവത്തിൽ (6:34) ശരണപ്പെടുക. ''ഓരോ ദിവസത്തിനും അതിന്റേതായ മനഃക്ലേശം മതി'' എന്ന പ്രസിദ്ധ ആപ്തവാക്യം ഉദ്ധരിച്ചുകൊണ്ട് യേശു തന്റെ പഠനം ഉപസംഹരിക്കുന്നു.

## അന്യരെ വിധിക്കുന്നതിനെപ്പറ്റി (7:1–6)

അന്യരെ വിധിക്കരുതെന്ന് യേശു ശിഷ്യന്മാരെ ആഹ്വാനംചെയ്യുന്നു. ആക്ഷേപപരമായ വിധിതീർപ്പുകളാണ് ഇവിടെ പരാമർശിക്കപ്പെടുക. വിധിയെഴുത്ത് ദൈവത്തിന്റെ അവകാശത്തിൽപ്പെട്ട കാര്യമാണ്. തികച്ചും ദൈവത്തിന്റേതായ ഈ അവകാശം മനുഷ്യനു കൈയേറാവുന്നതല്ല.

അന്യരെ വിധിക്കുന്നവർക്കെതിരെ നിശിതമായ മുന്നറിയിപ്പാണ് 7:2 വാക്യം. ''നിങ്ങളും വിധിക്കപ്പെടും'' എന്ന അകർമ്മകരൂപത്തിന്റെ അർത്ഥം ദൈവം നിങ്ങളെ വിധിക്കും എന്നുതന്നെ. ''അളക്കുന്ന അളവുകൊണ്ടുതന്നെ അളക്കപ്പെടും'' (7:2) എന്ന വാക്യം ദൈവത്തിന്റെ പ്രവൃത്തിയെയാണ് സൂചിപ്പിക്കുന്നത്. 'അളവ്' വിധിയെ സൂചിപ്പിക്കുന്നു. മറ്റുള്ളവരെക്കുറിച്ച് വിധിയെഴുതുന്നവർക്ക് അത് ഒരു മുന്നറിയിപ്പുമാണ്. കപടനാട്യക്കാരുടെ വിധിയെഴുത്തു ചിത്രീകരിക്കുന്നതും അവർക്ക് മുന്നറിയിപ്പായി പ്രവർത്തിക്കുന്നതുമാണ് 7:3–5 വാക്യങ്ങൾ.

## പ്രാർത്ഥനയുടെ ശക്തി (7:7–12)

പ്രാർത്ഥനയുടെ പ്രസക്തി, അതിന്റെ ശക്തി എന്നിവയെക്കുറിച്ചുള്ള ഭാഗം (മത്താ 7:7–11) സന്ദർഭവുമായി വേണ്ടതുപോലെ സംയോജിപ്പിച്ചിട്ടില്ല. ഇതിനു തുല്യമായ ലൂക്കായുടെ വിവരണം (11:9–13) പ്രാർത്ഥനയെക്കുറിച്ചുള്ള ഒരു ഉദ്ബോധനത്തിന്റെ ഭാഗമാണ്; തുടർന്നാണ് കർത്തൃപ്രാർത്ഥനയും (11:1–4), അർദ്ധരാത്രിയിലെത്തുന്ന വിരുന്നുകാരനെക്കുറിച്ചുള്ള ഉപമയും (11:5–8).

നിരന്തരമായും അക്ഷീണമായും പ്രാർത്ഥിക്കണമെന്ന് യേശു ശിഷ്യന്മാരെ ഉദ്ബോധിപ്പിക്കുന്നു. പാർത്ഥന, അതിന്റെ ശക്തി എന്നിവയെക്കുറിച്ചുള്ള പ്രബോധനത്തിന്റെകൂടെ (7:7–11) ഒരു വാക്യം കൂട്ടിച്ചേർക്കുന്നുണ്ട്. ‘‘സുവർണ നിയമം’’ എന്നാണ് സാധാരണയായി ഇതിനെ വിളിക്കുക (7:12).

## പ്രസംഗത്തിന്റെ സമാപനം (7:13–29)

ശരിയായ തീരുമാനമെടുക്കാൻ ശിഷ്യന്മാരെ സഹായിക്കുന്ന മുന്നറിയിപ്പുകളുടെ രൂപത്തിലുള്ള ഒട്ടേറെ വ്യതിരേകങ്ങൾ അവതരിപ്പിച്ചുകൊണ്ട് ഗിരിപ്രഭാഷണം ഇവിടെ ഉപസംഹരിക്കുകയാണ്. അവസാനഭാഗത്തു ദൃശ്യമാകുന്ന ശ്രദ്ധേയമായ വ്യതിരേകങ്ങളിൽ, ‘‘ഇടുങ്ങിയതും വിസ്തൃതവുമായ വാതിൽ സുഗമവും ദുർഗന്ധവുമായ വഴി, നാശവും (മരണം) ജീവിതവും, അധികവും ചുരുക്കവും, ആടുകളും ചെന്നായ്ക്കളും, നല്ലവൃക്ഷവും, ചീത്ത വൃക്ഷവും നല്ലപഴവും ചീത്തപ്പഴവും, ‘‘കർത്താവേ, കർത്താവേ’’ എന്ന് വെറുതെ വിളിക്കുന്നവരും ദൈവഹിതം നിറവേറ്റുന്നവരും വിവേകിയും ഭോഷനും പാറപ്പുറത്തു പണിത വീടും മണലിൽ കെട്ടിപ്പൊക്കിയ വീടും’’ ഉൾപ്പെടുന്നു.

‘യേശു ഈ വചനങ്ങൾ അവസാനിപ്പിച്ചപ്പോൾ’ എന്ന ശൈലി (7:28; 11:1; 13:53; 19:1; 26:1) യേശുവിന്റെ ആദ്യത്തെ പ്രമുഖ പ്രസംഗത്തിന്റെ, ഗിരിപ്രഭാഷണത്തിന്റെ, പരിസമാപ്തി കുറിക്കുന്നു. പ്രാരംഭത്തിൽ (5:1–2) കണ്ട പശ്ചാത്തലം (ആൾക്കൂട്ടം, മല, പഠനം...) അവസാനരംഗത്തും കടന്നുവരുന്നു (7:28–8:1). 5:1–2, 7:28–8:1 വാക്യങ്ങളെ പ്രസംഗത്തിന്റെ ആഖ്യാനപരമായ ചട്ടക്കൂടായി കരുതാം. പ്രബോധനത്തിൽ യേശു വിനിയോഗിച്ച അത്ഭുതപൂർവമായ അധികാരം കൂടുതൽ നന്നായി തിളങ്ങുന്നത് വൈപരീത്യങ്ങളിലാണ്. ‘‘പ്രസംഗം ശ്രവിച്ച് വിസ്മയഭരിതരായ’’ (7:28–29) ജനക്കൂട്ടത്തിന്റെ പ്രതിക

രണം രേഖപ്പെടുത്തവേ, യേശുവിന്റെ അധികാരം ഒരിക്കൽക്കൂടെ സ്ഥിരീകരിക്കുകയാണ് ഇവിടെ സുവിശേഷകൻ.

## അത്ഭുതങ്ങൾ ( 8:1–9:38)

അഞ്ചു മുതൽ ഏഴു വരെയുള്ള അദ്ധ്യായങ്ങളിൽ യേശുവിന്റെ പ്രസംഗം അവതരിപ്പിച്ചശേഷം, മത്തായി അടുത്ത രണ്ട് അദ്ധ്യായങ്ങളിൽ (8 –9) യേശുവിന്റെ അത്ഭുതങ്ങൾ വിവരിക്കുന്നു. ഗിരിപ്രഭാഷണം പ്രബോധ കൻ എന്ന നിലയിൽ മിശിഹായായ യേശുവിന്റെ അധികാരമാണ് വ്യക്തമാക്കിയത് (cf. മത്താ. 5:21–48; 7: 28–29). ഏട്ടും ഒൻപതും അദ്ധ്യായങ്ങൾ യേശുവിനെ സൗഖ്യദായകനും അത്ഭുതപ്രവർത്തകനുമായി അവതരിപ്പിക്കുന്നു. മിശിഹായായ യേശു വാക്കിലും പ്രവൃത്തിയിലും ശക്തനാണ്. 4:23–ലും 9:35–ലും ആവർത്തിക്കപ്പെടുന്ന കാര്യങ്ങൾ (inclusion) യേശുവിന്റെ വാക്കുകളുടേയും പ്രവൃത്തികളുടേയും വിവരണങ്ങളുടെ രണ്ടറ്റങ്ങളാണ്.

9 അത്ഭുതങ്ങളുടെ ക്രമീകരണം 3 വീതമുള്ള 3 ഗ്രൂപ്പുകളിലാണ്. ഈ മൂന്നു ഗ്രൂപ്പുകളും തമ്മിൽ വേർതിരിക്കുന്നത് ശിഷ്യത്വത്തെക്കുറിച്ചുള്ള പരാമർശങ്ങളാണ്. ഇപ്രകാരമാണ് 8–9 അദ്ധ്യായങ്ങളുടെ ഘടന.

I. 3 അത്ഭുതങ്ങൾ ( 8:2–4; 8:5–13; 8:14–17)
ശിഷ്യത്വത്തെക്കുറിച്ചുള്ള വിവരണം (8:18–22)

II. 3 അത്ഭുതങ്ങൾ (8:23–27; 8: 28–34; 9:1–8)
ശിഷ്യത്വത്തെക്കുറിച്ചുള്ള വിവരണം (9: 9–17)

III. 3 അത്ഭുതങ്ങൾ (9:18–26; 9:27–31; 9: 32–34)
ശിഷ്യത്വവും അയയ്ക്കപ്പെടലും (9:35–38)

### കുഷ്ഠരോഗി സുഖപ്പെടുന്നു ( 8: 1–4)

മത്തായി വിവരിക്കുന്ന ആദ്യത്തെ 3 അത്ഭുതങ്ങൾക്ക് (8:1–4; 5–13; 14–15) പൊതുവായ ചില സവിശേഷതകളുമുണ്ട്. ഇവ മൂന്നും സൗഖ്യം നല്കലാണ് വിവരിക്കുന്നത്. സൗഖ്യം സ്വീകരിക്കുന്നവർ ഏതെങ്കിലും വിധത്തിൽ സമൂഹത്തിലെ അവഗണിക്കപ്പെട്ടവരാണ്. കുഷ്ഠരോഗി സാമൂഹികമായും മതപരമായും സമൂഹത്തിൽ നിന്നു പുറംതള്ളപ്പെട്ടവനാണ്. ശതാധിപൻ യഹൂദസമൂഹത്തിലെ അംഗമല്ല; യഹൂദർ വിജാതീയരെ വെറുപ്പോടും അവജ്ഞയോടും കൂടിയാണ് വീക്ഷിച്ചിരുന്നത്. മൂന്നാമത് യേശു സൗഖ്യപ്പെടുത്തുന്നത്, യഹൂദസമൂഹത്തിൽ പുരുഷനോട് സമസ്ഥാനമില്ലാതിരുന്ന ഒരു സ്ത്രീയെയാണ്. മത്തായിയുടെ വീക്ഷണത്തിൽ ഇവ മൂന്നും പരസ്പരം ബന്ധമുള്ളവയും ഏശയ്യാ പ്രവാചകന്റെ പ്രവചനത്തിന്റെ പൂർത്തീകരണവുമാണ് (മത്താ. 8:17)

യേശു സാമൂഹികമായും ആചാരപരമായും അശുദ്ധനായ ഒരു വ്യക്തിയെ ശുദ്ധനാക്കുന്നു. നിയമത്തിൻ കീഴിൽ അവഗണിക്കപ്പെട്ടിരുന്ന ഒരു കുഷ്ഠരോഗിക്ക് പൂർണ്ണതയും ആരോഗ്യവും നൽകിക്കൊണ്ട് യേശു അവനെ നിയമം കെട്ടിയേല്പിച്ച ഒറ്റപ്പെടലിലും പരാധീനതയിലും നിന്ന് സ്വതന്ത്രനാക്കുന്നു. കുഷ്ഠരോഗിയുടെ സൗഖ്യം പ്രാപിക്കൽ യേശു പ്രസംഗിച്ച (4:17) ദൈവരാജ്യത്തിന്റെ യാഥാർത്ഥ്യമാകലാണ്. ദൈവത്തിന്റെ നിരുപാധികവും രക്ഷണീയവുമായ സ്നേഹത്തിന് അതിർത്തികളില്ല. ദൈവത്തിന്റെ സ്നേഹം '' തൊട്ടുകൂടാത്തവനായ '' കുഷ്ഠരോഗിയെ തൊട്ട് അവനിൽ പരിവർത്തനം സൃഷ്ടിക്കുന്നു.

### ശതാധിപന്റെ ഭൃത്യൻ സുഖപ്പെടുന്നു (8:5–13)

മത്തായി 8:5–13–ലെ സുഖമാക്കലിന്റെ വിവരണം വിശ്വാസത്തിന്റെയും അതിൽനിന്ന് ഉരിത്തിരിയുന്ന ഫലത്തിന്റെയും പ്രകടനമാണ്. ശതാധിപന്റെ വിശ്വാസം വിജാതീയ വിശ്വാസത്തിന്റെ മാതൃകയാണ്. ശതാധിപനാകട്ടെ, യേശു വിശ്വസിക്കാനിരിക്കുന്ന എല്ലാ വിജാതീയരുടേയും പ്രതീകമാണ്. ''പുറത്തുള്ള അന്ധകാരം'' ''വിലാപം'' ''പല്ലുകടി'' എന്നീ പ്രയോഗങ്ങൾ വിധിയുടെയും തിരസ്കരണത്തിന്റെയും പശ്ചാത്തലത്തിൽ സുവിശേഷത്തിന്റെ മറ്റു ഭാഗങ്ങളിൽ കാണുന്നവയാണ് ( cf. മത്താ. 13:42–50; 22:13; 24:51; 25:30). സുവിശേഷകന്റെ സമൂഹത്തിനുള്ള മുന്നറിയിപ്പും ഇതിൽ ഉണ്ട്. ക്രൈസ്തവരായ അവർ ''രാജ്യത്തിന്റെ മക്കൾ '' എന്നു വിചാരിച്ച് സ്വയം സന്തുഷ്ടിയോടെ മുന്നോട്ടു പോകാതെ അവരുടെ വിധിയാളൻ കൂടിയായ കർത്താവിൽ ഉറച്ച വിശ്വാസമുള്ളവരാകണം എന്നാണ് മത്തായി പറയുന്നത്.

### പത്രോസിന്റെ അമ്മായിയമ്മയെ സുഖപ്പെടുത്തുന്നു (8:14–17)

മത്തായിയുടെ വിവരണത്തിൽ സൗഖ്യദായകനായ യേശുവിലാണ് ശ്രദ്ധ മുഴുവൻ. കുഷ്ഠരോഗിയുടെയും ശതാധിപന്റെയും പോലെയുള്ള തീക്ഷ്ണമായ സൗഖ്യത്തിനായുള്ള യാചനകൾ സ്വീകരിച്ച് പ്രത്യുത്തരിക്കുക മാത്രമല്ല യേശു ചെയ്യുന്നത്, അവിടുന്ന് സ്വയം താത്പര്യം കാണിച്ച് പത്രോസിന്റെ അമ്മായിഅമ്മയ്ക്ക് ആരോഗ്യം തിരികെ നൽകുന്നു. അവൾ എഴുന്നേറ്റ് ''അവിടുത്തെ'' ശുശ്രൂഷിച്ചു എന്ന സമാപനം സൗഖ്യം പ്രാപിച്ചു എന്നതിന്റെ തെളിവുമാത്രമല്ല. പ്രതീകാത്മകമായി അവതരിപ്പിക്കപ്പെടുന്നത് പാപമാകുന്ന രോഗത്തിൽ നിന്ന് ഉയിർക്കപ്പെട്ട് നന്ദിയോടെ യേശുവിന് ശുശ്രൂഷചെയ്യുന്ന ക്രൈസ്തവന്റെ (സഭയുടെ) ദൗത്യമാണ്.

**ശിഷ്യത്വത്തിന്റെ വില (8:18–22)**

ആദ്യത്തെ രണ്ട് അത്ഭുതവിവരണ വിഭാഗങ്ങളും (8:1–17, 28:3–9:8) തമ്മിൽ വേർതിരിക്കുന്ന വാക്യങ്ങൾ ശിഷ്യത്വം ആവശ്യപ്പെടുന്ന സമൂലമായ നിബന്ധനകളാണ് വിവരിക്കുന്നത് (8:18–22). 'Q'-യിൽനിന്നും കിട്ടിയ യേശുവിന്റെ വചനങ്ങളാണ് ഉള്ളടക്കം.

ഒരു നിയമജ്ഞൻ യേശുവിനെ സമീപിച്ച് എവിടെയായാലും അവിടുത്തെ അനുഗമിക്കാനുള്ള സന്മനസ്സ് പ്രകടിപ്പിക്കുന്നു. മിക്കവാറും നിയമജ്ഞൻ ശാരീരികമായി യേശുവിന്റെ കൂടെ നടക്കുന്നതു മാത്രമാണ് ശിഷത്വമായി കാണുന്നത്. പക്ഷേ, യേശു അവനോട് പറയുന്നത് ശിഷ്യത്വം അതിനെക്കാൾ ഉപരി എന്തോ ആണ് എന്നാണ്. ഓരോ വായനക്കാരനും ശിഷ്യത്വത്തിന്റെ വെല്ലുവിളി അഭിമുഖീകരിക്കുകയും വില മനസ്സിലാക്കുകയും ചെയ്ത് തീരുമാനമെടുക്കണം എന്നതാണ് സുവിശേഷകന്റെ ലക്ഷ്യം.

ശിഷ്യത്വം തേടി വരുന്ന രണ്ടാം വ്യക്തി ശിഷ്യനാണ്. ശിഷ്യത്വം കുടുംബബന്ധങ്ങൾ പോലും വിച്ഛേദിക്കാൻ ആവശ്യപ്പെട്ടേക്കാം എന്ന സത്യത്തിനാണ് പ്രാധാന്യം കൊടുത്തിരിക്കുന്നത്. കുടുംബബന്ധങ്ങൾക്കും പുത്രധർമ്മത്തിനും എല്ലാം അതീതമാണ് ശിഷ്യത്വം എന്നതിന്റെ നാടകീയമായ അവതരണമാണ് ഇത്.

**കൊടുങ്കാറ്റിനെ ശാന്തമാക്കുന്നു (8:23–27)**

ശിഷ്യത്വത്തെക്കുറിച്ചുള്ള രണ്ടു വാക്യങ്ങൾക്കു ശേഷമാണ് മത്തായി ഈ അത്ഭുതം വിവരിക്കുന്നത്. ശിഷ്യത്വത്തെക്കുറിച്ച് തീരുമാനമെടുക്കുമ്പോൾ നന്നായി ചിന്തിക്കണമെന്നും സമൂലസമർപ്പണത്തിന് തയ്യാറാവണമെന്നും അവിടെ യേശു വ്യക്തമാക്കി (8:18–22). ഇങ്ങനെ ''അനുഗമിക്കലിന്റെ'' വിഷയത്തോട് ബന്ധപ്പെടുത്തിയാണ് അത്ഭുതവിവരണം ആരംഭിക്കുന്നത്. യേശു തോണിയിൽ കയറിയപ്പോൾ ശിഷ്യന്മാർ അവനെ ''അനുഗമിച്ചു''. ഈ വാക്കാണ് ഈ രണ്ടു ഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നത്.

യേശുവാണ് ഉത്സാഹം കാണിച്ച് ആദ്യം തോണിയിൽ കയറുന്നത്. ശിഷ്യർ ''അനുഗമിക്കുക''യാണ് ചെയ്യുന്നത് (8:23). അങ്ങനെ ആരംഭത്തിൽതന്നെ 'ശിഷ്യത്വ'മാണ് വിഷയമെന്ന് വ്യക്തമാക്കിയിരിക്കുന്നു. ശിഷ്യത്വത്തെക്കുറിച്ച് അല്പം മുമ്പ് പറഞ്ഞകാര്യങ്ങൾ, പ്രത്യേകിച്ച് സമൂലമായ സമർപ്പണം പ്രവൃത്തിയിലൂടെ പ്രദർശിപ്പിക്കുകയാണ് ഈ സംഭവം. ജീവി

തത്തെ തന്നെ അപകടത്തിലാക്കിക്കൊണ്ട് യേശുവിനോടൊപ്പം കൊടുങ്കാറ്റി ലിറങ്ങാൻ ശിഷ്യൻ സന്നദ്ധനാവണം എന്നതാണ് സന്ദേശം (8:23–27).

ശിഷ്യന്മാരുടെ കരച്ചിൽ കർത്താവിന്റെ മുൻപിൽ ഉയർത്തപ്പെടുന്ന വലിയൊരു പ്രാർത്ഥനയാണ്. ''കർത്താവേ, രക്ഷിക്കണമേ. ഞങ്ങൾ നശി ക്കുന്നു'' (8:25). '' അല്പവിശ്വാസികളേ'' (Oligopistos) എന്ന പ്രയോഗം മത്തായിയുടെ ഇഷ്ടവാക്കുകളിൽ ഒന്നാണ് (8:26; 14: 31;16:8; 17:20). ശിഷ്യർക്ക് അറിയാം, യേശു ആരാണെന്ന്. അവർ വിശ്വസിക്കുന്നവരാണ്. പക്ഷേ, അവരുടെ വിശ്വാസം ഈ പ്രതിസന്ധിഘട്ടം തരണം ചെയ്യാൻ തക്ക വണ്ണം ശക്തമല്ല ഇങ്ങനെ മത്തായിയുടെ പുനർവ്യാഖ്യാനത്തിൽ ഈ സംഭവം ശിഷ്യത്തെക്കുറിച്ചുളള പ്രബോധനമായി മാറുന്നു.

**ഗദറായിലെ പിശാചുബാധിതർ (8: 28–34)**

പിശാചുക്കളെ ബഹിഷ്കരിച്ച് ആധിപത്യം സ്ഥാപിക്കുന്ന യേശുവിന്റെ ക്രിസ്തുവിജ്ഞാനീയം അവതരിപ്പിക്കാനാണ് മത്തായിയുടെ ശ്രമം. ക്രിസ്തുവിലാണ് ശ്രദ്ധ മുഴുവൻ. സൗഖ്യമാക്കപ്പെടുന്ന പിശാചുബാധിതർ ചർച്ചയിൽ വരുന്നില്ല: വിജാതീയ പ്രദേശമായ ഗദാറയിൽ പ്രവേശിക്കുന്ന യേശുവിനെ രണ്ടു പിശാചുബാധിതർ കണ്ടു മുട്ടുന്നു. അവർ വരുന്നത് അശുദ്ധാത്മാക്കളുടെ വാസസ്ഥലമായ ശവക്കല്ലറകളിൽ നിന്നാണ്. അവർക്ക് മനസ്സിലായി, ദൈവപുത്രനായ യേശു അവരുടെ പ്രദേശത്ത് വന്നിരിക്കുന്നത് അവരെ നശിപ്പിക്കാനാണ് എന്ന്.

''സമയത്തിനു മുമ്പു'' യഥാർത്ഥമായും യേശു പിശാചിന്റെ മേൽ ആധിപത്യം സ്ഥാപിച്ചു. മനുഷ്യനെ അശുദ്ധശക്തികളുടെ പിടിയിൽ നിന്നു മോചിച്ച് ദൈവത്തിന്റെ രക്ഷ അവന് അനുഭവവേദ്യമാക്കി. ഗദാറയിലെ ആളുകൾക്ക് ദൈവത്തിന്റെ കരം അവിടെ കാണാൻ കഴിഞ്ഞില്ല. അവർ യേശുവിന്റെ പ്രവൃത്തിയെ എതിർത്തു. യേശുവിന്റെ സാന്നിധ്യം വഴിയാണല്ലോ അവർക്ക് പന്നികൾ നഷ്ടമായത്. സുവിശേഷകൻ ലൗകിക വസ്തുക്കളുടെ നഷ്ടത്തെക്കുറിച്ചല്ലാ, യേശുവിലൂടെ ദൈവം നൽകുന്ന രക്ഷയുടെ ദാനത്തെക്കുറിച്ചാണ് പറയുന്നത്. അതിനാൽ യേശുവിനോട് പോകാൻ അപേക്ഷിക്കുന്നത് രക്ഷയെത്തന്നെ നിഷേധിക്കുന്നതിന് തുല്യമാണ്.

**യേശു പാപം പൊറുക്കുന്നു (9: 1–8)**

സ്വന്തം നഗരമായ കഫർണാമിലേക്കു തിരിച്ചുവരുന്ന യേശു ഒരു തളർവാതരോഗിക്ക് ശാരീരികമായും ആത്മീയമായും സൗഖ്യം നല്കുന്നു. .തളർവാതരോഗിയുടെ വിശ്വാസത്തെക്കുറിച്ച് ഒന്നും പറയുന്നില്ല. അവനെ കൊണ്ടുവന്നവരുടെ വിശ്വാസമാണ് യേശുവിനെ സ്പർശിക്കുന്നത്. മത്തായിയുടെ സുവിശേഷത്തിന്റെ സഭാപരമായ പ്രാധാന്യം കണക്കിലെടുക്കുമ്പോൾ, വിശ്വാസത്തിന്റെ സാമൂഹികവശവും ഫലങ്ങളുമായിരിക്കാം അദ്ദേഹം അടിവരയിട്ടു കാണിക്കുന്നത്.

തന്റെ പക്കൽ കൊണ്ടുവന്ന വ്യക്തിയുടെ ആത്മീയമായ ആവശ്യമാണ് യേശു കാണുന്നത്. അവനെ ശാരീരികമായി സൗഖ്യ മാക്കുന്നതിന് മുമ്പ് അവന്റെ പാപങ്ങൾ പൊറുക്കുകയാണ് യേശു. മത്തായിയുടെ സുവിശേഷത്തിൽ യേശു എതിർപ്പ് അനുഭവിക്കുന്ന ആദ്യത്തെ സംഭവമാണിത്. യഹൂദപ്രമാണികൾ യേശു വിന്റെമേൽ ചുമത്തുന്നത് ദൈവദൂഷണം പറഞ്ഞു എന്ന കുറ്റംതന്നെയാണ് (മത്താ. 26:65–66).

''മനുഷ്യർക്ക് ഇത്തരം അധികാരം നൽകിയ ദൈവത്തെ മഹത്വപ്പെടുത്തി''(9:8). അത് പാപമോചനം എന്ന വിഷയത്തിന്റെ സംക്ഷിപ്തമായ അവതരണമാണ്. പാപം മോചിക്കാനുള്ള യേശു വിന്റെ അധികാരം സഭയിലാണ് ലഭ്യമായിട്ടുള്ളത്. സൗഖ്യമാക്കാനും പാപം പൊറു ക്കാനുമുള്ള സഭയുടെ അധികാരം യേശുവിന്റെ പ്രവർത്തനത്തിന്റെ തുടർച്ചയായിട്ടാണ് സുവിശേഷകൻ മനസ്സിലാക്കുന്നത്.

## മത്തായിയുടെ വിളി (9:9–13)

അടുത്ത മൂന്ന് അത്ഭുതങ്ങളുടെ വിവരണത്തിന് മുമ്പ് (9:18–34) വീണ്ടും ശിഷ്യത്വത്തെക്കുറിച്ച് ചില കാര്യങ്ങൾ പറയുകയാണ്, സുവിശേഷകൻ (9:9 –17). വിവിധ ഗ്രൂപ്പുകളുമായി യേശു വിവാദത്തിൽ ഏർപ്പെടുന്നു. നിയമജ്ഞർ പാപം മോചിക്കാനുള്ള യേശുവിന്റെ അധികാരത്തെ ചോദ്യം ചെയ്തിരുന്നു (cf. 9:3). ഇപ്പോൾ ഫരിസേയരുടെ ഭാഗമാണ്. അവർ പാപികളും ചുങ്കക്കാരുമായുള്ള യേശുവിന്റെ കൂട്ടായ്മയെയാണ് ചോദ്യം ചെയ്യുന്നത് (9:10–11). സ്നാപകയോഹന്നാന്റെ ശിഷ്യരും വിമർശനപരമായ ചോദ്യങ്ങൾ ഉന്നയിക്കുന്നു (9:14).

യേശുവിന്റെയോ ശിഷ്യരുടെയോ പെരുമാറ്റങ്ങളെ വിമർശിക്കുന്ന ഈ ഭാഗം ആരംഭിക്കുന്നത് ചുങ്കക്കാരനായ മത്തായിയുടെ വിളിയോടെയാണ്. റോമാക്കാരോട് സഹകരിക്കുകയും അനീതിപരമായി നികുതിപിരിക്കു കയും

ചെയ്തിരുന്ന ചുങ്കക്കാരുടെമേൽ യഹൂദസമൂഹം ''സമുദായഭ്രഷ്ട്'' കല്പിച്ചിരുന്നു.

ചുങ്കക്കാരന്റെ വിളിയെത്തുടർന്ന് യേശു ചുങ്കക്കാരോടും പാപികളോടും ശിഷ്യ രോടും ഒപ്പം ഭക്ഷിച്ചു. ഫരിസേയർ ഗുരുവിന്റെ പെരുമാറ്റത്തെപ്പറ്റി ശിഷ്യരോട് വിമർശനരൂപേണ പറഞ്ഞു.

യേശു ഈ വെല്ലുവിളി സ്വീകരിച്ച് മറുപടി കൊടുത്തു. മൂന്നു ഭാഗങ്ങളായിട്ടാണ് ഈ മറുപടി മനസ്സിലാക്കേണ്ടത്.

1. രോഗികൾക്ക് വൈദ്യനെ ആവശ്യമുണ്ട് എന്ന ഒരു പഴഞ്ചൊല്ല് (9:12)
2. ഹൊസിയ 6:6 ഉദ്ധരിച്ച് ബലിയേക്കാൾ ശ്രേഷ്ഠമാണ് കരുണഎന്ന് സ്ഥാപിക്കുന്നു.
3. യേശുവിന്റെ ദൗത്യത്തിന്റെ ലക്ഷ്യം തന്നെ പാപികളോട് കരുണ കാണിക്കലാണ്.

### ഉപവാസം (9:14–17)

ഈ ഭാഗം ഒരു വിവാദവിവരണമാണ്. ഉപവാസമാണ് വിഷയം. നിയമം വർഷത്തിലൊരിക്കലേ ഉപവസിക്കാൻ ആവശ്യപ്പെടുന്നുള്ളു: പാപപരിഹാര ദിനം (ലേവ്യർ 16:29). പക്ഷേ, ഫരിസേയർ പ്രത്യക്ഷത്തിൽ ആഴ്ചയിൽ രണ്ടു പ്രാവശ്യം ഉപവസിച്ചു (18:12). സ്നാപകയോഹന്നാന്റെ ശിഷ്യരും ഭക്തരായ യഹൂദരും വർഷത്തിൽ പല പ്രാവശ്യം ഉപവസിക്കുന്നവരായിരുന്നിരിക്കാം. യേശുവിന്റെ ശിഷ്യർ ഈ നിയമങ്ങൾ അനുസരിച്ചില്ല. തന്റെ മറുപടിയിൽ യേശു ശിഷ്യരെ പരിരക്ഷിക്കുന്നു. യേശു പറയുന്നത് ഉപവാസം വിലാപത്തിന്റെ അടയാളമാണെന്നും താൻ ആരംഭിച്ച സമൂലമായ പുതിയ യാഥാർത്ഥ്യവും വിലാപവും തമ്മിൽ ബന്ധമില്ല എന്നുമാണ്.

### ഭരണാധിപന്റെ മകൾ ഉയിർപ്പിക്കപ്പെടുന്നു (9: 18–26)

ഇവിടെ രണ്ടു സംഭവങ്ങളുണ്ട്: ഭരണാധിപന്റെ മകളുടെ ഉയിർപ്പ്, രക്തസ്രാവക്കാരിയുടെ സൗഖ്യം പ്രാപിക്കൽ. ഈ രണ്ടു സംഭവങ്ങളിലൂടെ ''രക്ഷിക്കുന്ന വിശ്വാസ''ത്തിന്റെ സാക്ഷ്യം നൽകാനാണ് സുവിശേഷകൻ ഉദ്ദേശിക്കുന്നത്. മത്തായിയെ സംബന്ധിച്ചിടത്തോളം സൗഖ്യം പ്രാപിക്കൽ നടക്കുന്നത് യേശുവുമായുള്ള വ്യക്തിപരമായ സമാഗമത്തിലൂടെയാണ്. അവൾക്ക് സൗഖ്യം കിട്ടിയത് ''നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു'' (= സൗഖ്യം നൽകിയിരിക്കുന്നു) എന്ന് യേശുപറയുമ്പോഴാണ്. അവളുടെ വിശ്വാസം കാരണം യേശു രക്ഷ (സൗഖ്യം) അവളുടെ അനുഭവമാക്കി.

യേശു ജീവന്റെയും മരണത്തിന്റെയും നാഥനാണ്. യേശു അകത്തു പോയി മരിച്ച ബാലികയുടെ കയ്യിൽ പിടിച്ച് അവളെ ജീവനിലേക്ക് ഉയിർപ്പിക്കുന്നു (9:25). യേശു മരണത്തെ ജയിക്കുന്നു. ജീവന്റെ കർത്താവാണവിടുന്ന്. ''എഴുന്നേറ്റു'' (9:16) എന്നതിന്റെ ഗ്രീക്കുവാക്ക് യേശുവിന്റെ ഉത്ഥാനത്തിന് ഉപയോഗിച്ചിരിക്കുന്ന വാക്കു തന്നെയാണ്. യേശുവിന്റെ ഉത്ഥാനത്തിന്റെ സൂചനയാണ് ഈ സംഭവം എന്നു സാരം.

### അന്ധർക്ക് കാഴ്ച നൽകുന്നു (9:27–31)

രണ്ട് അന്ധന്മാരും കാരുണ്യം യാചിച്ചുകൊണ്ട് യേശുവിന്റെ പിന്നാലെ പോയി. ''ദാവീദിന്റെ പുത്രാ, ഞങ്ങളുടെമേൽ കരുണതോന്നണമേ'' (9:27). അവഗണിക്കപ്പെട്ടവർക്കും, പാവപ്പെട്ടവർക്കും കരുണയുമായി വന്ന യേശുവിനോട് ഈ അന്ധർ കരുണയ്ക്കായി കേഴുന്നു (cf. 9:13). യേശു ഇവരിൽ നിന്നു പ്രതീക്ഷിക്കുന്നത്, തന്നിലും താൻ എന്താ ണോ അതിലും, താൻ എന്തു ചെയ്യുന്നോ അതിലും ഉള്ള വിശ്വാസമാണ്. ''ദാവീദിന്റെ പുത്രാ'' എന്ന് അഭിസംബോധന ചെയ്തപ്പോൾ തന്നെ 'വരാനിരിക്കുന്ന മിശിഹാ' യായി യേശുവിനെ അവർ അംഗീകരിച്ചു. ഇപ്പോൾ ആ വിശ്വാസം യേശുവിനെ '' കർത്താവേ'' എന്ന് വിളിച്ച് സ്ഥിരീകരിക്കുന്നു. (ഞങ്ങൾ വിശ്വസിക്കുന്നു). അതിനു പ്രത്യുത്തരമായി യേശു അവരുടെ അന്ധത സുഖപ്പെടുത്തുന്നു. ''നിങ്ങളുടെ വിശ്വാസംപോലെ നിങ്ങൾക്ക് ഭവിക്കട്ടേ'' (9:29:cf.8:13).

### ഊമയെ സുഖപ്പെടുത്തുന്നു (9:32–34)

അത്ഭുതങ്ങളുടെ മൂന്നാം ഭാഗം 9:32–34 ബാധയൊഴിക്കൽ വിവരണത്തോടെ അവസാനിക്കുന്നു. യേശുവിന്റെ അടുക്കൽ കൊണ്ടുവന്ന പിശാചുബാധിതൻ ''ഊമ'' യാണ്. ഗ്രീക്കിൽ ''കൊഫോസ്'' (kophos)ന് 'ഊമ' എന്നും 'ബധിരൻ' എന്നും അർത്ഥമുണ്ട്. യേശു പിശാചിനെ ബഹിഷ്കരിച്ച് അവന് സംസാരശേഷി നൽകുന്നു.

ഒരു പക്ഷേ, ഈ വിവരണത്തിൽ ശ്രദ്ധേയമായത് അത്ഭുതത്തോടുള്ള രണ്ടുതരം പ്രതികരണങ്ങളാണ്: ജനക്കൂട്ടത്തിന്റെ ആശ്ചര്യവും, ദൈവദൂഷണമാണെന്ന ഫരിസേയരുടെ കുറ്റാരോപണവും (9:33b–34). ജനക്കൂട്ടം യേശുവിന്റെ ഭാഗത്താണെന്ന തീരുമാനമെടുത്തിട്ടില്ലെങ്കിലും അവർ യേശുവിന് എതിരല്ല. യേശുവിന്റെ അത്ഭുതത്തോടുള്ള അവരുടെ പ്രതികരണം ഭാവാത്മകമാണ്. ഫരിസേയരുടെ കുറ്റാരോപണം ദൈവദൂഷണമെന്നാണ്.

ഈ അദ്ധ്യായങ്ങളിൽ മത്തായി രേഖപ്പെടുത്തിയ യേശുവിന്റെ അനേകം അത്ഭുതങ്ങളിലൂടെ അവിടുന്ന് പാപം, രോഗം, മരണം എന്നിവയുടെമേൽ വിജയം വരിക്കുന്നു; പിശാചിനെയും പ്രകൃതിയിലെ ശക്തികളെയും കീഴ്പ്പെടുത്തുന്നു. ഈ അത്ഭുതങ്ങൾ ദൈവരാജ്യത്തിന്റെ അടയാളങ്ങളാണ്; എല്ലാം പാവപ്പെട്ടവർക്കും അടിച്ചമർത്തപ്പെട്ടവർക്കുമായി യേശുകൊണ്ടുവന്ന ദൈവത്തിന്റെ രക്ഷയിലേക്കാണ് സൂചന നല്കുന്നത്.

**ശിഷ്യത്വവും പ്രേഷിതത്വവും (9:35–38)**

ഇപ്പോഴത്തെ ക്രമത്തിൽ 9:35–38–ന് പല ദൗത്യങ്ങളുമുണ്ട്. മത്തായി 9:35, മത്തായി 4:23–ന്റെ ആവർത്തനമാണ്. ഈ രണ്ടു സംക്ഷിപ്തവാക്യങ്ങളും യേശുവിന്റെ വാക്കുകളുടെയും പ്രവൃത്തികളുടെയും രണ്ടറ്റത്തും നിറുത്തിക്കൊണ്ട് ആരംഭവും അവസാനവും അറിയിക്കുന്നു. ഗിരിപ്രഭാഷണം (5:1–7:29) യേശുവിനെ വാക്കുകളുടെ മിശിഹായായി അവതരിപ്പിക്കുന്നു; അത്ഭുതങ്ങളുടെ വിവരണം (8:1–9:34) യേശുവിനെ പ്രവൃത്തികളുടെ മിശിഹായായി അവതരിപ്പിക്കുന്നു. 9:35–ലെ സംക്ഷിപ്തവാക്യങ്ങൾ 4:23–ൽ ആരംഭിച്ച യേശുവിന്റെ പ്രവർത്തനത്തിന്റെ ആദ്യഘട്ടം വിലയിരുത്താനും ഉപസംഹരിക്കാനും സഹായിക്കുന്നു. അതുപോലെ 9:36–38 ശിഷ്യന്മാരുടെ പ്രവർത്തനത്തിന്റെ ആമുഖമാണ്. അതിനാൽ 9:35–38 ഇവ തമ്മിൽ ബന്ധിപ്പിക്കുന്ന പാലമായി നിൽക്കുന്നു.

Fr Johnson Puthussery CST

POC